# സുറിയാനി ക്രിസ്ത്യാനികളുടെ

# പ്രത്യേക പ്രാർത്ഥനകളുടെ

## ഒരു ശുശ്രൂഷാ പുസ്തകം

ജോൺസൺ പുഞ്ചക്കോണം അച്ചന്റെ പ്രധാന മേൽനോട്ടത്തിലും നിർദ്ദേശത്താലും
ക്രോഡീകരിച്ചത്, ജോയിക്കുട്ടി, ഡിട്രോയിറ്റ്
Compiled, Typed, Typesetter, Printed and Published: Joykutty Detroit

# സുറിയാനി ക്രിസ്ത്യാനികളുടെ

# പ്രത്യേക പ്രാർത്ഥനകളുടെ

## ഒരു ശുശ്രൂഷാ പുസ്തകം

P.P. JOYKUTTY
2686 Ahena Dr.
TROY, MI-48083-2468

Phone: 248-740-4923
anujanmon@cs.com

July 23, 2010

ജോൺസൺ പുഞ്ചക്കോണം അച്ചന്റെ പ്രധാന മേൽനോട്ടത്തിലും നിർദ്ദേശത്താലും
ക്രോഡീകരിച്ചത്, ജോയിക്കുട്ടി, ഡിട്രോയിറ്റ്
Compiled, Typed, Typesetter, Printed and Published: Joykutty Detroit

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഭവനശിലാസ്ഥാപനം | 4 |
| 2. | കല്ലിന്മേലുള്ള പ്രാർത്ഥന | 10 |
| 3. | കല്ലിന്മേൽ കുരിശു വരച്ചുകൊണ്ട് | 10 |
| 4. | കല്ല് ഉയർത്തി ആഘോഷിക്കുന്നു | 11 |
| 5. | കല്ല് ഉയർത്തി ആഘോഷിക്കുന്നു | 11 |
| 6. | സ്ഥാപനശുദ്ധികരണം | 13 |
| 7. | ശുദ്ധീകരണ പ്രാർത്ഥന | 21 |
| 8. | കട്ടിളപടികളിൽ സ്ലീബാ വരച്ചുകൊണ്ട് | 22 |
| 9. | മേല്പട്ടക്കാരന്റെ ഓർമ്മ | 24 |
| 10. | വാഹന ശുദ്ധീകരണം | 28 |
| 11. | കുരിശു കൂദാശ | 30 |
| 12. | പ. ദൈമാതാവിന്റെ സ്മാരക കുരിശ് | 31 |
| 13. | പൊതുവായ സ്ലീബായാഘോഷം | 36 |
| 14. | സമാനപ്രാർത്ഥന | 42 |
| 15. | കുരിശു പ്രതിഷ്ഠ | 43 |
| 16. | ഭവനശുദ്ധീകരണ ശുശ്രൂഷ | 43 |
| 17. | വാതിൽക്കൽ നിന്നുകൊണ്ടു പ്രാർത്ഥന | 57 |
| 18. | വാതിൽപടികളിന്മേൽ മുദ്രയിടുമ്പോൾ | 58 |
| 19. | ശുശ്രൂകരുടെ പ്രതിഷ്ഠാ ശുശ്രൂഷ | 61 |
| 20. | സഹദാമന്ദിരകൂദാശയും തിരുശേഷിപ്പ് നിക്ഷേപവും | 66 |
| 21. | പരിശുദ്ധന്റെ സ്മാരകകുരിശ് | 70 |
| 22. | സഹദായുടെ സ്മാരക കുരിശ് | 80 |
| 23. | കോറെപ്പിസ്ക്കോപ്പാക്രമം | 90 |

# ഭവനശിലാസ്ഥാപനം

## ഒരു കൗമാ

കർമ്മി: ശുബഹോ.........

## പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ! മനുഷ്യരായ ഞങ്ങളുടെ ആവശ്യങ്ങളെ നിറവേറ്റുന്ന കർത്താവിന്റെ ഭണ്ഡാരത്തിൽ നിന്നും കർത്താവിന്റെ ദൈവീകദാനങ്ങളാൽ ഞങ്ങളുടെ ആത്മാക്കളെ ധന്യമാക്കണമേ. ഞങ്ങളുടെ വിചാരങ്ങളും ആലോചനകളും സൽപ്രവർത്തിക്കൾക്കും പരിശുദ്ധ നടപടികൾക്കും പ്രേരിതമാകണമേ. കർത്താവേ! കർത്താവിന്റെ ദാസരുടെ താമസത്തിനായി പണിയപ്പെടുന്ന (പണിയപ്പെട്ടിരിക്കുന്ന) ഈ ഭവനത്തിന് അടിസ്ഥാനമിടുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നൽകണമേ. ഇതിന്റെ നിർമ്മാണത്തിൽ കർത്താവിന്റെ തിരുഹിതം ഉണ്ടായിരിക്കുകയും ഇത് പണിക്കുറവു തീർന്ന് പൂർണ്ണതയിലെത്തുവാൻ കർത്താവിന്റെ വാഴ്‌വുകളെ ചൊരിയുകയും ചെയ്യണമേ. ഞങ്ങൾ ഇപ്പോഴും എല്ലായ്പോഴും കർത്താവിനും കർത്തൃപിതാവിനും വി. റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.....

## സങ്കീർത്തനം 128

യഹോവയെ ഭയപ്പെട്ട് യഹോയുടെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ. നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ നിനക്കു നന്മ വരും. നിന്റെ ഭാര്യ നിന്റെ വീടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശക്കു ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും. യഹോവാഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും. യഹോവ

സീയോനിൽ നിന്നു നിന്നെ അനുഗ്രഹിക്കും. നിന്റെ ആയുഷ്ക്കാലമൊക്കെയും നീ യെരുശലേമിന്റെ നന്മയെ കാണും. നിന്റെ മക്കളുടെ മക്കളേയും നീ കാണും. യിസ്രായേലിന്മേൽ സമാധാനം ഉണ്ടാകട്ടെ. ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു.

Blessed are all who fear the Lord, Who walk in His ways. You shall eat the fruits of your labor; You are blessed, and it shall be well with you. Your wife shall be like a vine, prospering on the sides of your house; Your children like newly planted olive trees around your table. Behold, so shall the man be blessed who fears the Lord. May the Lord bless you from Zion, And may you see the good things of Jerusalem all the days of your life; May you see your children's children. Peace be upon Israel.

എന്നാത്മാവിനെ തങ്കലുയർത്തുന്നേൻ നാഥാ! - ഹാലേലുയ്യ
താനെൻ ശരണം-ലജ്ജിക്കരുതേ ഞാൻ.

വൈരികളെന്നെച്ചൊല്ലിപ്പുകഴരുതേ - ഹാലേലുയ്യ
ലജ്ജിക്കരുതേ തന്നാശ്രിതരാരും.

ദോഷികൾ നാണിക്കും പാഴ്പ്പണിയിൽ - ഹാലേലുയ്യ
നാഥാ! തൻപാതകളെന്നെക്കാട്ടിടുക.

അറിയിക്കണമെന്നെ തൻ ചെറുവഴികൾ - ഹാലേലുയ്യ
നേരിൽ നയിച്ചെന്നെപ്പരിശീലിപ്പിക്ക. ബാറെക്മോർ

കമ്മി : ശുബഹോ..... മെനഓലം.....

**(എക്ബൊ)**

നരവത്സലനേ! ജലനിധിയിൽ
നിബി യോനായേ വീണ്ടവനേ
ദുരിതമഹാജല നിധിയതിൽ ത-

ന്നടിയാരേ വീണ്ടീടേണം.

സ്തൌമൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

പ്രകൃത്യാ ഏകനായി സ്ഥിതിചെയ്യുന്ന കത്താവും ദൈവവും നിമ്മിതാവും എല്ലാവരേയും സംരക്ഷിക്കുന്നവനും സ്വൎഗ്ഗീയരും ഭൗമീകരും ആയ എല്ലാവരാലും വന്ദിക്കപ്പെടുന്നവനും യാതൊന്നും ഇല്ലാതിരുന്നപ്പോൾ തന്നാൽ സൃഷ്ടിക്കപ്പെട്ട എല്ലാവരുടേയും നാവുകളാൽ സ്തുത്യനും ജ്ഞാനമുള്ളവരുടെ അറിവിനും ആത്മീയരുടെ അറിവിനും അതീതമായി സ്ഥിതിചെയ്യുന്നവനും ത്രിത്വമായി അറിയപ്പെടുകയും ഏകമായി ഗ്രഹിക്കപ്പെടുകയും ചെയ്യുന്നവനുവനുമായ ദൈവത്തിന് സ്തുതി. തനിക്ക് ഈ ഭവനത്തിന് അടിസ്ഥാനമിടുന്ന ഈ സമയത്തും സകല പെരുന്നാളുകിലും നേരങ്ങളിലും കാലങ്ങളിലും.............ബ്ക്കുലഹൂൻ.......

## സെദറാ

സവ്വശക്തനും മഹാകാരുണ്യവാനും സകല നമസ്ക്കാരങ്ങളുടേയും സ്ഥാപകനും എല്ലാ വിശിഷ്ട നൽവരങ്ങളേയും വിതരണം ചെയ്യുന്നവനുമായ ദൈവം തമ്പുരാനേ കത്താവിന്റെ അടിയാരാകുന്ന ഞങ്ങൾ തിരുമുമ്പാകെ സമപ്പിക്കുന്ന അപേക്ഷകളേയും പ്രാത്ഥനകളേയും, ധൂപത്തേയും കൈക്കൊള്ളേണമേ. എന്തെന്നാൽ കത്താവു ഞങ്ങളുടെ ദൈവമാകുന്നുവല്ലോ. കത്താവിനെ ഒഴികെ വേറൊരുവനേ ഞങ്ങൾ അറിയുന്നില്ല. തിരുനാമത്തെ ഞങ്ങൾ വാഴ്ത്തി പുകഴ്ത്തുന്നു. ആകയാൽ കത്താവിന്റെ ശക്തിയെ ഉണത്തി ഞങ്ങളുടെ സഹായത്തിനു വന്നു ചേരണമേ. എന്തെന്നാൽ സകലത്തേയും വഹിച്ചിരിക്കുന്നതായ കത്താവിന്റെ ശക്തി കത്താവിൽ നിന്നും കത്താവു മുഖാന്തിരവും ഉള്ളതാകുന്നു. ഞങ്ങളുടെ കത്താവും ഞങ്ങളുടെ ദൈവവുമേ! എല്ലാ സൗഭാഗ്യങ്ങളും സകല നൽവരവും നൽകുന്നവനും കത്താവു മാത്രമാകുന്നുവല്ലോ. കത്താവിന്റെ വലിയ കാരുണ്യത്താലും, ധാരാളമായ അനുഗ്രഹത്താലും ഇന്ന് അടിസ്ഥാനമിട്ട് പണി ആരംഭിക്കുന്ന ഈ ഭവനത്തെ കത്താവ് അനുഗ്രഹിക്കുകയും ഇതിനെ വാഴ്ത്തി അനുഗ്രഹിക്കുകയും ചെയ്യേണമേ. ഇതിന്റെ അടിസ്ഥാനത്തെ പാറമേൽ കത്താവ്

ഉറപ്പിക്കേണമേ. ആന്തരശുദ്ധിയോടും തിരുവിഷ്ട പ്രകാരവും പണി ആരംഭിക്കുവാനും നിറവേറ്റുവാനും ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ ദിവസങ്ങളും പ്രയത്നങ്ങളും നിഷ്ഫലമാകാതിരിപ്പാൻ കർത്താവിന്റെ കരുണയുടെ കോട്ടയാൽ ഞങ്ങളെ ചുറ്റിക്കൊള്ളേണമേ. കർത്താവിൽ ആശ്രയിച്ചുകൊണ്ട് ഞങ്ങൾ പരിശ്രമിക്കുന്നു. തിരുവിഷ്ടപ്രകാരമുള്ള ഫലം തന്ന് ഞങ്ങളെ അനുഗ്രഹിക്കണമേ. സകല നല്ല കാര്യങ്ങളുടേയും കാരണാഭൂതനും യജമാനനുമായുള്ളോവേ! ഞങ്ങളുടെ ഈ ശ്രമവും, ആയുസിലുള്ള എല്ലാ പ്രയത്നങ്ങളേയും അവിടുത്തെ തൃക്കൈയിലും അങ്ങയുടെ മഹത്വത്തെ ഉദ്ദേശിച്ചും ആയിരിക്കേണമേ. ഒരു ബാധയേയും ഈ ഭവനത്തോടെ അടുക്കരുതേ. രാത്രിയിലും പകലിലും സന്ധ്യയിലും ഉഷസിലും ഞങ്ങളോട് കൂടെയിരുന്ന് ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങൾക്ക് കുറവുള്ളതിനെ കർത്താവ് പരിഹരിക്കുകയും ഉള്ളതിനെ കർത്താവ് അനുഗ്രഹിച്ച് അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണമേ. ഇതിന്റെ പണിയിൽ പങ്കെടുക്കുന്നവരേ, ആപത്തുകളിൽ നിന്നും അനത്ഥങ്ങളിൽ നിന്നും സംരക്ഷിച്ചുകൊള്ളേണമേ. ഇതിന്റെ അഭിവൃദ്ധിക്കു തടസ്സമായി നിൽക്കുന്ന എല്ലാ വിപരീത ശക്തികളേയും വിപാടണം ചെയ്യേണമേ. ഇതിന്റെ പണിക്ക് ആവശ്യമായിരിക്കുന്ന എല്ലാ ഭൗതീക വസ്തുക്കളേയും സമൃദ്ധിയായി കർത്താവു നൽകേണമേ. ജാതികൾക്ക് സാക്ഷിയിൻ ഭവനമായി ഇതിനെ കർത്താവു രൂപീകരിക്കേണമേ. ഇതിൽ വരുന്നവർ കർത്താവിന്റെ നന്മകാണുവാൻകർത്താവുസംഗതിയാക്കണമേ. ഈ ഭവനത്തിന്റെ പ്രവർത്തീകരണം കണ്ട് ആനന്ദിപ്പാൻ ഞങ്ങൾക്ക് കൃപ നൽകണമേ. വിശ്വാസികളായ പരേതക്ക് ആശ്വാസം കൊടുക്കണമേ. ഞങ്ങളെല്ലാവരും ഏകമനസ്സോടെ നിന്നുകൊണ്ട് കർത്താവിനും, പിതാവിനും വി. റൂഹായ്ക്കും സ്തുതി പാടും. ഹോശോ.... മെനഓലം....

## കോലോ

(സീനായ്ഗിരി നിൻ)

വാഴ്വോനബ്രഹാം-താതൻ തൻ ഭവനം
മൂന്നു പുരുഷന്മാരാൽ
 സാക്ഷാൽ മണവാളൻ മ്ശിഹാ
 സക്കായ്-ഭവനത്തെ വാഴ്ത്തി

സ്വരാധകരേറിയ വീടിൽ-ശ്രീത്വം വാണിടണമേ
നൽ തലമുറയാ-ലതു വാഴ്ത്തപ്പെടണം. ബാറെക്മോർ

ഏവൻഗേല്യോനിൽ-മോറോൻ ശിഷ്യരൊടായ്
ചൊല്ലികേട്ടേൻ ഞാൻ
കൈക്കൊൾവൂ നിങ്ങളെ വീടേ-
താവീ-ടെന്നെ കൈക്കൊൾവൂ
അബ്രഹാമിൻ ഭവനം പോൽ-
ഞങ്ങളണഞ്ഞൊരു ഭവനത്തെ
രക്ഷകനേ വാഴ്ത്തുക തൃക്കൈയാൽ

മെനഓലം ......

ശൂന്യാരണ്യത്തിൽ-നേടി സംതൃപ്തി
ജനമഞ്ചപ്പത്താൽ
ശ്രേഷ്ഠാചാര്യന്മാരാന്നോ-
രീഗേ-ഹത്തെയുമിതിനുള്ളിൽ
പാർപ്പൊരേയും രക്ഷകനെ
തൃക്കൈയ്യാൽ വാഴ്ത്തണമേ നൽ
തലമുറയാലതു വാഴ്ത്തപ്പെടണം.

മോറിയോ....

## എത്രോ

നിങ്ങൾ ചെല്ലുമ്പോൾ നിങ്ങളെ സ്വീകരിക്കുന്ന ഏതു ഭവനവും എന്നെയാകുന്നു സ്വീകരിക്കുന്നത് എന്ന് തന്റെ പരിശുദ്ധ ശിഷ്യന്മാരോട് അരുളി ചെയ്തവനായ മ്ശിഹാ തമ്പുരാനേ! കർത്താവിന്റെ ആരാധകരുടെ ഈ ഭവനത്തെ അനുഗ്രഹിക്കുകയും കർത്താവിന്റെ പരിശുദ്ധ തിരുനാമം മൂലം ഇതിന്റെ പൂർത്തീകരണത്താൽ കർത്താവിന്റെ ഈ ദാസരെ സന്തോഷിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങൾ തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ ധൂപത്തെ കർത്താവു സ്വീകരിക്കുകയും ഞങ്ങളുടെ പ്രാർത്ഥനയും അപേക്ഷയും കൈക്കൊള്ളുകയും ചെയ്യേണമേ. സന്തോഷവും ആനന്ദവും നിറഞ്ഞ മുഖങ്ങളോടു കൂടെ കർത്താവിൽ നിന്ന് രണ്ടു ലോകങ്ങളിലും നല്ല പ്രതിഫലം പ്രാപിപ്പാൻ ഇവക്ക് കൃപ നൽകുകയും ചെയ്യേണമേ.
ഹോശോ........

## പെത്ഗോമോ

ഹാലേലുയ്യ ഹാലേലുയ്യ നാഥാ നിൻ വെളിവും വിശ്വാസമതും
നൽകീടേണമേ- സാന്ത്വനമരുളിപ്പാവന
ഗിരിശിഖിരങ്ങളിലേക്കു നയിച്ചീടണമെന്നേ- ഹാലേലുയ്യ

## ഏവൻഗേലിയോൻ

ലൂക്കോ: 6: 46-49, 11: 9-10

നിങ്ങൾ എന്നെ 'എന്റെ കർത്താവേ, എന്റെ കർത്താവേ' എന്നു വിളിക്കുന്നുണ്ട്. എന്നാൽ ഞാൻ പറയുന്നത് നിങ്ങൾ ചെയ്യാതിരിക്കുന്നതെന്ത്?

എന്റെ അടുക്കൽ വന്ന് എന്റെ വചനങ്ങൾ കേട്ട് അവയെ അനുഷ്ഠിക്കുന്നവൻ ആർക്കു സമനായിരിക്കും എന്നു ഞാൻ നിങ്ങൾക്കു കാണിച്ചു തരാം. ആഴത്തിൽ കുഴിച്ച് പാറമേൽ അടിത്തറയിട്ട് വീടു പണിത മനുഷ്യനോട് അവൻ സാമ്യമുള്ളവനാകുന്നു. ജലപ്രളയം ഉണ്ടായി, വെള്ളപ്പാച്ചിൽ ആ വീടിന്മേൽ അടിച്ചു. അടിസ്ഥാനം പാറമേൽ ആയിരുന്നതിനാൽ അതിനെ ഇളക്കുവാൻ കഴിഞ്ഞില്ല. കേട്ടിട്ടും പ്രവർത്തിക്കാത്തവനോ അടിസ്ഥാനം ഇടാതെ മണ്ണിന്മേൽ വീടു പണിതവനോടു സമാനൻ. ഒഴുക്ക് അതിന്മേൽ ആഞ്ഞടിച്ചപ്പോൾ പെട്ടെന്ന് അത് വീണുപോയി. ആ വീടിന്റെ വീഴ്ച വലുതുമായിരുന്നു.

യാചിപ്പിൻ നിങ്ങൾക്കു നൽകപ്പെടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കായ് തുറക്കപ്പെടും. എന്തെന്നാൽ യാചിക്കുന്ന ഏവനും പ്രാപിക്കും, അന്വേഷിക്കുന്നവൻ കണ്ടെത്തും, മുട്ടുന്നവനു തുറക്കപ്പെടുകയും ചെയ്യും. എന്നു താൻ കല്പിച്ചരുളിച്ചെയ്തു.

"But why do you call Me 'Lord, Lord' and not do things which I say? Whoever comes to me and hears My sayings and does them. I will show you whom he is like: He is like a man building a house, who dug deep and laid the foundation on the rock. And when the flood arose, the stream beat vehemently against that house, and could not

shake it, for it was founded on the rock. But he who heard and did nothing is like a man who built a house on the earth without a foundation against which the stream beat vehemently and immediately it fell. And the ruin of that house was great"

So I say to you, ask, and it will be given to you; seek, and you will find; knock, and it will be opened to you. For everyone who asks receives, and he who seeks finds, and to him who knocks it will be opened.

## കല്ലിന്മേലുള്ള പ്രാർത്ഥന

താൻ മാത്രം വിശുദ്ധനും വിശുദ്ധന്മാരെ ശുദ്ധീകരിക്കുന്നവനുമായിരിക്കുന്ന ദൈവമായ കർത്താവേ! കർത്താവിന്റെ വചനത്താലും പ്രവർത്തിയാലും സകലത്തേയും കർത്താവു ശുദ്ധീകരിക്കുന്നു. കർത്താവേ! കരുണയോടെ കർത്താവിനോടു തിരുവിഷ്ടം തോന്നി ഞങ്ങളുടെ കയ്യിലിരിക്കുന്ന ഈ കല്ലിനെ കർത്താവു വാഴ്ത്തണമേ. ഞങ്ങളുടെ ദൈവമാകുന്ന മ്ശിഹാതമ്പുരാനേ! കർത്താവിന്റെ പരിശുദ്ധ ശ്ലീഹന്മാരുടെയും കർത്താവിന്റെ മാതാവാകുന്ന പ. കന്യമറിയാമ്മിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മാർതോമ്മാശ്ലീഹായുടേയും നമ്മുടെ സഭയുടെ പരിശുദ്ധന്മാരായ പ. പരുമല തിരുമേനിയുടേയും പ. ദീവന്ന്യാസോസ് തിരുമേനിയുടേയും പ്രത്യേകാൽ ...... .......................................ടെയും മദ്ധ്യസ്ഥതയാൽ ഈ ഭവനത്തിന് അടിസ്ഥാനമിടുന്ന ഈ കല്ലിനെ കർത്താവു വാഴ്ത്തി ശുദ്ധീകരിക്കണമേ. എന്തെന്നാൽ കർത്താവ് പിതാവിനോടും വി. റൂഹായോടും കൂടെ പരിശുദ്ധനാകുന്നുവല്ലോ. ഹോശോ......

## കല്ലിന്മേൽ കുരിശു വരച്ചുകൊണ്ട്

പിതാവിന്റേയും പുത്രന്റേയും പ. റൂഹായുടേയും നാമത്തിൽ പരിപൂർണ്ണ ശുദ്ധീകരണത്തിനുവേണ്ടി ഈ കല്ല് എന്നേക്കും വെടിപ്പാക്കപ്പെട്ട് വാഴ്ത്തപ്പെട്ട് പുതുതാക്കപ്പെടുമാറാകട്ടെ

ബ്ശ്മോദാബോറോ + + +

## ശില ഉയർത്തി ആഘോഷിക്കുന്നു

സാരാംശത്തിൽ ഒന്നായിരിക്കുന്ന വിശുദ്ധ ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമതിക്കും ശ്രേഷ്ഠതയ്ക്കും പുകഴ്ചയ്ക്കുമായി ദൈവത്തിന്റെ ഈ ഭവനത്തിന്റെ സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടി ഈ ശില ആഘോഷിക്കപ്പെടുന്നു.

തെശുബ്ബുഹത്തോ.......... (ഉണ്മയിലൊന്നാം ത്രിത്വത്തിൽ .......)

## ശില സ്ഥാപിക്കുമ്പോൾ

പിതാവിന്റേയും പുത്രന്റേയും പ. റൂഹായുടേയും നാമത്തിൽ ഈ ഭവനത്തിന് അടിസ്ഥാന ശില വയ്ക്കപ്പെടുന്നു.

ബ്ശ്മോദാബോറോ + + +

പരിശുദ്ധ പിതാവേ, പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ കാത്തുകൊള്ളേണമെ. രക്ഷിതാവായ പുത്രാ ജയമുള്ള വിശുദ്ധ സ്ലീബാ + യാൽ ഞങ്ങളെ മറച്ചുകൊള്ളണമെ. പരിശുദ്ധ റൂഹാ പരിശുദ്ധ കുടയിരിപ്പിന് ഭവനങ്ങളായ് ഞങ്ങളെ ചമയ്ക്കണമെ. ഞങ്ങളുടെ ദൈവമായ കർത്താവേ നേരമൊക്കെയിലും എല്ലാ സമയങ്ങളിലും ദൈവത്വത്തിന്റെ ചിറകുകളുടെ കീഴിൽ എന്നേക്കും ഞങ്ങളെ മറച്ചുകൊള്ളണമെ. ആമ്മീൻ

Holy Father, protect us by thy holy name. O Son, the redeemer, protect us beneth thy victorious cross ✣. Holy Spirit, make us abodes of thy indwelling. Lord our God, shelter us beneth the shadow of the wings of thy divinity for ever; and have mercy upon us. Amen.

## വിശ്വാസപ്രമാണം

സർവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാ

വിൽ നിന്ന ജനിച്ചവനം പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനംസൃഷ്ടിയല്ലാത്തവനം സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനം തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനം മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്ക വേണ്ടികുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരു മനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനം ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനം തന്റെ രാജ്യത്തിന്ന അവസാനമില്ലാത്തവനം ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടുസ്തുതിക്കപ്പെടുന്നവനം നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരംസംസാരിച്ചവനമായ ജീവനം വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനമായി ഞങ്ങൾനോക്കിപ്പാർക്കുന്നു.
ആമ്മീൻ
ബാറെക്മോർ, സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

We believe in one true God,
The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin Mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to His will, and ascended into heaven, and sat on the right hand of His Father, and shall come again in His great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Church; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.
Barekmore, Stoumen kalos Kurielaison.

## ഹൂത്തോമോ

## സ്ഥാപനശുദ്ധികരണം

## കൌമ്മാ

ശുബഹോ.....
മെനഓലം......

ബലവാനും കാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനുമായ ദൈവമായ കത്താവേ! ഭയഭക്തിയോടെ കത്താവിന്റെ സന്നിധിയിൽ നില്പാനും, പ്രകാശത്തോടും വിശുദ്ധിയോടും കൂടെ കത്താവിനെ ശുശ്രൂഷിപ്പിപ്പാനും, കത്താവിന്റെ നല്ലതായ തിരുവിഷ്ടപ്രകാരം കത്താവിനെ പ്രസാദിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കത്താവേ! ഈ സ്ഥാപനത്തെ കത്താവ് ഐശ്യര്യപ്പെടുത്തുകയും ഇതിൽ പ്രവത്തിക്കുന്നവരെ ഇതുമൂലം നന്മ അനുഭവിപ്പാൻ ഇടയാകുകയും ചെയ്യണമെ. ഇതിൽ ആവശ്യമായിരിക്കുന്ന സകലത്തേയും കത്താവ് സജ്ജീകരിക്കണമെ. ഞങ്ങളുടെ കത്താവും ദൈവവുമേ! എന്നേക്കും ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം കത്താവിന്റെ സന്നിധിയിൽ നിന്ന് കൃപയും കരുണയും ഞങ്ങൾക്ക് ലഭിക്കുമാറാകയും ചെയ്യുമാറാകണമെ. ഹോശോ.....

## സങ്കീത്തനം 112

കത്താവിനെ ഭയപ്പെട്ട് തന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻഭാഗ്യവാൻ. അവന്റെസന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും. ഐശ്യര്യവും സമ്പത്തുംഅവന്റെ ഭവനത്തിൽ വദ്ധിക്കും. അവന്റെ നീതി എന്നേക്കും നില നിൽക്കും. നേരുള്ളവക്ക് അന്ധകാരത്തിൽ വെളിച്ചം ഉദിക്കുന്നു. അവൻ കൃപയും കരുണയും നീതിയുമുള്ളവനാകുന്നു. കൃപതോന്നി വായ്പകൊടുക്കുന്നവൻ ശുഭമായിരിക്കും. വ്യവഹാരത്തിൽ അവൻ തന്റെ കാര്യം നേടും. അവൻ ഒരുനാളും കുലുങ്ങിപ്പോകയില്ല. നീതിമാൻ എന്നേക്കും ഓമ്മയിലിരിക്കും. ദുർവത്തമാനം നിമിത്തം അവൻ ഒരുനാളും ഭയപ്പെടുകയില്ല. അവന്റെ ഹൃദയം ദൈവത്തിൽ ആശ്രയിച്ച് ഉറച്ചിരിക്കുന്നു. അവന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു. അവൻ ശത്രുക്കളിൽ തന്റെ ആഗ്രഹം നിവത്തിച്ചു കാണും. അവൻ വാരിവിതറി ദരിദ്രന്മാക്ക് കൊടുക്കുന്നു. അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു. അവന്റെ കൊമ്പ് ബ

ഹുമാനത്തോടെ ഉയന്നിരിക്കും. ദൈവമേ സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ

ശുബഹോ............ മെനഓലം.......

Blessed is the man who fears the Lord; He will delight exceedingly in His commandments; His seed shall be mighty on earth; The generation of the upright shall be blessed; Glory and riches shall be in his house; And his rightepousness continues unto ages of ages. For the upright, light springs up in darkness, For he is merciful, compassionate, and righteous. A good man is compassionate and lends; He will manage his words with judgment, For he shall be unshaken forever; A righteous man shall be in everlasting remembrance. He shall not be afraaid becuse of an evil report; His heart is prepared to hope in the Lord. His heart is established; he is not afraid As he surveys his enemies. He dispersed; he gave to the poor; His righteousness continues unto ages of ages. His horn shall be exalted with glory. The sinner shall see this, and be angry; He shall gnash his teeth, and be consumed; The desire of sinners shall perish.

Shubaho................... Menaolam................

നാഥാ നിൻ രാജ്യ-
ത്തിൻ മഹിമാഗമനേ
സ്ലീബാ ചിറകാൽ
ഞങ്ങളെ മൂടിക്കൊള്ളേണമെ! സ്തൗമെൻ കാലോസ്

## പ്രുമിയോൻ

പാപികൾക്കായി തുറന്നിട്ടിരിക്കുന്ന കരുണയുടെ വാതിലുള്ളവരെ ജീവിപ്പിച്ചതായ രക്ഷയുടെ തുറമുഖവും അശുദ്ധരെ വെടിപ്പാക്കുന്ന സോപ്പായും, മലിനരെ വെണ്മയാക്കുന്ന കൎത്താവിനു സ്തുതി. തനിക്കു ......................... ബ്ക്കുലഹൂൻ....

## സെദറാ

പ്രാൎത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കു ഉത്തരമരുളുകയും ചെയ്യുന്ന ദൈവമായ കൎത്താവേ! ആദ്യ കടിഞ്ഞൂലായ ഹാബേലിന്റെ കാഴ്ച അംഗീകരിക്കപ്പെട്ടതുപോലെ ഞങ്ങളുടെ ധൂപത്തേയും കൈക്കൊള്ളേണമെ. ഹാനോക്ക് തന്റെ ശുശ്രൂഷ മൂലം കൎത്താവിനെ പ്രീതിപ്പെടുത്തിയതുപോലെ ഞങ്ങളുടെ ശുശ്രൂഷയും കൎത്താവിന് പ്രീതികരമായിരിക്കണമേ. നീതിമാനായ നോഹിന്റെ ബലിയിൽ കൎത്താവ് സംപ്രിതനായ്ത്തീൎന്ന പ്രകാരം ഞങ്ങളുടെ അധരഫലത്തിൽ കൎത്താവ് പ്രീതിപ്പെടുമാറാകണമേ. കൎത്താവേ, ഞങ്ങളുടെ പിതാവും കൎത്താവിന്റെ സ്നേഹിതനുമായ അബ്രഹാമിന്റെ യാഗം കൎത്താവിന് ആനന്ദകരമായ്ത്തീൎന്നതുപോലെ ഞങ്ങളുടെ ഈ പ്രാൎത്ഥന കൎത്താവിനെ ആനന്ദിപ്പിക്കുമാറാകണമേ. നീതിമാനായ ഈയോബിന്റെ അടുക്കൽ ദുഷ്ടൻ ലജ്ജിതനായതുപോലെ ഈ സ്ഥാപനത്തിന്റെ ശത്രുവായ ദുഷ്ടൻ ലജ്ജിച്ചുപോകുവാൻ ഇടയാകണമേ. നോഹിനേയും മക്കളേയും മൃഗങ്ങളേയും, പക്ഷികളേയും, ജന്തുക്കളേയും ജലപ്രളയത്തിൽ നിന്ന് പെട്ടകത്തിൽ കൎത്താവു സംരക്ഷിച്ചതുപോലെ ഈ സ്ഥാപനത്തേയും ഇതിലെ പ്രവൎത്തകരേയും കൎത്താവു സംരക്ഷിച്ചുകൊള്ളുണമേ. നിന്റെ സ്നേഹിതനായ അബ്രഹാമിനെ രാജാക്കന്മാരുടെ വാളിൽ നിന്ന് രക്ഷിച്ച് അവനേയും അവന്റെ സമ്പത്തുകളേയും അനുഗ്രഹിച്ചപ്രകാരം ഈ കൎത്താവിന്റെ ദാസനേയും, ഈ സ്ഥാപനത്തേയും കൎത്താവ് അനുഗ്രഹിക്കണമേ. ലാബാന്റെ ഭവനത്തിൽ വെച്ച് യാക്കോബിനെ കൎത്താവ് കാത്ത് അവനെ വലിയവനാക്കി സമ്പാദ്യങ്ങൾ വൎദ്ധിപ്പിച്ചു കൊടുത്തതുപോലെ ഈ സ്ഥാപനം ഐശ്വര്യമുള്ളതായിത്തീരുകയും, തന്മൂലം കൎത്താവിന്റെ ദാസർ ഇതിൽ നിന്നും നന്മ അനുഭവിക്കുകയും ചെയ്യുമാറാകണമേ. മെസ്രേമിൽ വെച്ച് ഔസേഫിനെ കൎത്താവ് രക്ഷിച്ച് രാജാവും നാഥനുമാക്കിത്തീൎക്കുകയും, അവന്റെ സമ്പാദ്യങ്ങളും വരവുകളും വൎദ്ധിപ്പിക്കുകയും,

അപകടങ്ങളിൽ നിന്ന് കാത്തുകൊള്ളുകയും ചെയ്യതുപോലെ ഈ സ്ഥാപനത്തേയും ഇതിലെ പ്രവത്തകരേയും കത്താവേ കാത്തുകൊള്ളേണമേ. അനേകക്ക് സഹായം ചെയ്യുന്നതും, അനേകരാൽ സഹകരിക്കുന്നതുമായ ഒരു സ്ഥാപനമായി ഇതിനെ കത്താവ് ആക്കിത്തീക്കേണമേ. ഇതിലെ കുറവുകളെ കത്താവു പരിഹരിക്കുകയും ഇതിലുള്ളവയെ മുപ്പതും അറുപതും നൂറുമായും വദ്ധിപ്പിക്കുകയും ചെയ്യേണമേ. ഇതിലെ പ്രവത്തകർ പരസ്പരം സ്നേഹിക്കുന്നവരും, സേവിക്കുന്നവരും ആയിരിക്കണമേ. സന്തോഷവും സമാധാനവും ഇവിടെ നില നിത്തണമേ. ലോകം അതിന്റെ വഞ്ചന നിറഞ്ഞതായ സംസഗ്ഗങ്ങളാൽ ഇതിനെ കീഴ്പ്പെടുത്തുവാൻ ഇടയാക്കരുതേ. ഈ സ്ഥാപനത്തിന്റെ അഭിവൃദ്ധി കണ്ട് ആനന്ദിപ്പാൻ ഞങ്ങൾക്ക് സംഗതിയാകണമേ. ഞങ്ങളെല്ലാവരും ഏക കൂട്ടമായി നിന്നുകൊണ്ട് കത്താവിനും പിതാവിനും വി. റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ.....

## ബോവൂസോ

അൻപുടയോനേ നിൻ വാതിൽ
മുട്ടുന്നൂ ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലേ

അലിവൊടു ശിക്ഷിച്ചടിയാരെ
അരിശം നീക്കി ക്കാക്കണമെ
വാതിൽ തുറന്നീ പ്രാത്ഥനയിൻ
നാദം കേട്ടേകീടണമെ.

നിന്നെ വിളിക്കുന്നേ നാഥാ!
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ

കത്താവേ കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമെ
നന്മനിറഞ്ഞോനേയെന്റെ
തിന്മകളെ നീ യോക്കരുതേ.

Hearken gracious Lord, we pray:
Knocking at Thy door we way,
Do not Thou deny our pleas-
Needy are Thy devotees.

When chastizing us, O God
Spare us from Thy wrathful rod;
Open to us mercy’s door,
Kindly hear as we implore.

Hearken as we call to Thee
In ourselves so frail are we;
Hear our prayer, for good art Thou,
Grant our needs, though great e’now.

Mercy grant, Lord, Mercy grant,
Thine abundant mercy grant;
Count not Thou our evil deeds,
Kind one, who doth know our deeds.

## പെത്ഗോമോ

ഹാലേലുയ്യ ഹാലേലുയ്യ നാഥാ നിൻ വെളിച്ചവും
വിശ്വാസമതും നൽകീടണമേ
സ്വാന്ത്വനമരുളി പാവന
ഗിരിശിഖരങ്ങളിലേക്കു നയിച്ചീടണമെന്നെ ഹാലേലുയ്യ

## ഏവൻഗേലിയോൻ

വി. മത്തായി 25: 14-29

ഒരു മനുഷ്യൻ പരദേശത്തു പോകുമ്പോൾ ദാസന്മാരെ വിളിച്ച് തന്റെ സമ്പത്തു് അവരെ ഏല്പിച്ചു. ഒരുവന് അഞ്ചു താലന്ത്, ഒരുവന് രണ്ട് ഒരുവന് ഒന്ന് ഇങ്ങനെ ഓരോരുത്തന് അവനവന്റെ പ്രാപ്തി പോലെ കൊടുത്ത് യാത്ര പുറപ്പെട്ടു. അഞ്ചു താലന്തു ലഭിച്ച

വൻ ഉടനെ ചെന്ന് വ്യാപാരം ചെയ്ത് വേറെ അഞ്ചു താലന്ത് വദ്ധിപ്പിച്ചു. അങ്ങനെ തന്നെ രണ്ടു താലന്തു ലഭിച്ചവൻ വേറെ രണ്ടു നേടി. ഒന്ന ലഭിച്ചവനോ പോയി നിലത്ത് ഒരു കുഴി കുഴിച്ച് യജമാനന്റെ ദ്രവ്യം മറച്ചു വെച്ചു. വളരെക്കാലം കഴിഞ്ഞ ശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു. അവരുമായി കണക്കു തീത്തു. അഞ്ചു ലാലന്തു ലഭിച്ചവൻ അടുക്കൽ വന്നു. യജമാനനേ! അഞ്ചു താലന്തല്ലയോ എന്നെ ഏല്പിച്ചത്. ഞാൻ അഞ്ചു കൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. അതിന് യജമാനൻ: നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ! നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക എന്ന് അവനോട് പറഞ്ഞു. രണ്ടു താലന്തു ലഭിച്ചവനും അടുക്കൽ വന്ന് യജമാനനേ: രണ്ടു താലന്തല്ലയോ എന്നെ ഏല്പിച്ചത്. ഞാൻ രണ്ടു താലന്തുകൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. അതിന് യജമാനൻ: നല്ലവനും വിശ്വസ്തനുമായ ദാസനേ നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിന് വിശ്വസ്തനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്ന് അവനോടു പറഞ്ഞു. ഒരു താലന്തു ലഭിച്ചവനും അടുത്തു വന്നു. യജമാനനേ! നീ വിതയ്ക്കാത്തിടത്തു നിന്നു കൊയ്യുകയും വിതറാത്തിടത്തു നിന്നു ചേക്കുകയും ചെയ്യുന്ന കഠിന മനുഷ്യൻ എന്ന് ഞാനറിഞ്ഞ് നീ തന്ന ഒരു താലന്ത് ഭൂമിയ്ക്കുള്ളിൽ മറച്ചുവെച്ചു. നിന്റെ താലന്ത് ഇതാ എടുത്തു കൊൾക എന്നു പറഞ്ഞു. അതിന് യജമാനൻ ഉത്തരം പറഞ്ഞത്: ദുഷ്ടനും മടിയനുമായ ദാസനേ! ഞാൻ വിതയ്ക്കാത്തിടത്തു നിന്നു കൊയ്യുകയും വിതാറാത്തിടത്തു നിന്ന് കൊയ്യുകയും ചെയ്യുന്നവൻ എന്ന് നീ അറിഞ്ഞുവല്ലോ. നീ എന്റെ ദ്രവ്യം പൊൻവാണിഭക്കാരെ ഏല്പിക്കേണ്ടിയിരുന്നു. എന്നാൽ ഞാൻ വന്ന് എന്റേത് പലിശയൊടുകൂടെ വാങ്ങിക്കൊള്ളുമായിരുന്നു. ആ താലന്ത് അവന്റെ പക്കൽ നിന്നെടുത്ത് പത്തു താലന്തുള്ളവന് കൊടുപ്പിൻ. അങ്ങനെ ഉള്ളവനു അധികം ലഭിക്കും. അവന്ന് സമൃദ്ധിയുണ്ടാകും. ഇല്ലാത്തവന്റെതും കൂടെ എടുത്തു കളയും.

A man travelling to a far country, who called his own servants and delivered his goods to them. And to one he give five talents, to another two, and to another one, to

each according to his own bility; and immediately he went on a journey. Then he who had received the five talents went and tradded with them, and made another five talents. And likewise he who had received two gained two more also. But he who had received one went and dug in the ground, and hid his lord's money. After a long time the lord of those servants came and settled accounts with them.

So he who had received five talents came and brought five other talents, saying, 'Lord, you delivered to me five talents; look. I have gained five more talents besides them. His lord said to him, 'Well done, good and faithful servant; you were faithful over a few things, I will make you ruler over may things. Enter into the joy of your lord.' He also who had received two talents came and said, 'Lord, you delivered to me two talents; look I have gained two more talents besides them.' His lord said to him, 'Well done, good and faithful servant: you have been faithful over a few things, I will make you ruler over many things. Enter into the joy of your lord.'

Then he who had received the one talent came and said, 'Lord, I knew you to be a hard man, reaping where you have not sown, and gathering where you have not scattered seed. And I was afraid, and went and hide your talent in the ground. Look, there you have what is yours.'

But his lord answered and said to him, 'You wicked and lazy servant, you knew that I reap where I have not sown, and gather where I have not scattered seed. So you sought to have deposited my money with the bankers and at my coming I would have received

back my own with interest. So take the talent from him, and give it to him who has ten talents.

For every one who has, more will be given, and he will have abundance, but from him who does not have, even what he has will be taken away.

## ബോവൂസോ

കർത്താവേ! നിന്നാർദ്രത നിറയും വാതിൽ തുറന്നീ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം.

ഗൂഢം വീട്ടിൽ പ്രാർത്ഥിപ്പതിലാണുടയോനിഷ്ടം
ശബ്ദത്താലല്ലാന്നതു ഭാഗ്യം ധർമ്മിഷ്ഠന്മാർ.

സൌമ്യൻ മോശ പ്രാർത്ഥന മൂലം ഭാഗിച്ചാഴി
കൂട്ടം നീങ്ങി; ദുഷ്ടൻ ഫറവോൻ മുങ്ങിപ്പോയി.

ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാർദ്രത തോന്നി
പാപം മോചിച്ചേകി വീണ്ടും പ്രവചനശക്തി.

ചൂളക്കുള്ളിൽ ഹാനനിയന്മാർ പ്രാർത്ഥിച്ചപ്പോൾ
തീക്കുണ്ഡത്തീന്നവരെ ദൈവം സംരക്ഷിച്ചു.

നിര്യാണം ന്യായത്തിൻ പീഠം നരകം മൂന്നും
ഭീയേറ്റീടുന്നേൻ കർത്താവേ! എന്നുള്ളത്തിൽ.

## ശുദ്ധീകരണ പ്രാർത്ഥന

താൻ മാത്രം വിശുദ്ധനും പരിശുദ്ധന്മാരെ വിശുദ്ധീകരിക്കുന്നവനുമായ കർത്താവേ! കർത്താവിന്റെ വചനത്താലും പ്രവർത്തിയാലും സകലത്തേയും കർത്താവു ശുദ്ധീകരിക്കുന്നു. കർത്താവേ! കരുണയോട് കർത്താവിന് തിരുവിഷ്ടം തോന്നി ഈ സ്ഥാപനത്തെ ശുദ്ധീകരിക്കണമേ. ഞങ്ങളുടെ ദൈവമാകുന്ന മ്ശിഹാ തമ്പുരാനേ! കർത്താവിന്റെ പരിശുദ്ധ ശ്ലീഹന്മാരുടെയും, കർത്താവിന്റെ മാതാവിന്റേ

യും പ്രത്യേകാൽ............................................ മദ്ധ്യസ്ഥത യാൽ ഈ സ്ഥാപനത്തെ വാഴ്ത്തി വിശുദ്ധീകരിക്കണമെ. എന്തെന്നാൽ കത്താവ് പിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ വിശുദ്ധനാകുന്നവല്ലോ. ഹോശോ....

## കട്ടിളപടികളിൽ സ്ലീബാ വരച്ചുകൊണ്ട്

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്തിൽ മുദ്ര കുത്തപ്പെടുന്ന ഈ സ്ഥാപനം എന്നന്നേയ്ക്കും അനുഗ്രഹിക്കപ്പെട്ട് വെടിപ്പുള്ളതായിത്തീരട്ടെ.

## വിശ്വാസപ്രമാണം

സവ്വശക്തിയുള്ള പിതാവും സ്വഗ്ഗത്തിന്റേയും ഭൂമിയുടേയും : കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ, സകലത്തിന്റെയും സ്രഷ്ടാവുമായ സത്യ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏക പുത്രനും, സവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യ ദൈവത്തിൽ നിന്നുള്ള സത്യ ദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും, സകലവും താൻ മുഖാന്തിരമായി നിമ്മിച്ചവനും, മനുഷ്യരായി ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടിതിരുമനസ്സായ പ്രകാരം (+) സ്വഗ്ഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായാൽ, ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിൽ നിന്ന്, (+) ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിൻെറ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി (+) കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ചു മരിച്ച് അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വഗ്ഗത്തിലേയ്ക്കു കരേറി, തന്റെ പിതാവിന്റെ വലത്തു ഭാഗത്ത് ഇരുന്നവനും,ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ, തന്റെ വലിയമഹത്വത്തോടെഇനിയുംവരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമ്ശിഹാ ആയ ഏക കത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കത്താവും, പിതാവിൽ നിന്നുപുറപ്പെട്ടു, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു

സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒരിക്കൽ മാത്രമാകുന്നുവെന്നു ഞങ്ങൾ ഏറ്റു പറഞ്ഞു്, മരിച്ചുപോയവരുടെ ഉയിപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ

ബാറെക്മോർ, സ്ത്തൌമൻ കാലോസ് -കുറിയേലായിസ്സോൻ

We believe in one true God:
The Father Almighty, Maker of heaven and earth, and of all things visible and invisible:

And in the One Lord Jesus christ, the only begotten Son of God; begotten of the Father before all worlds; Light of Light; Very God of Very God; begotten, not made; being of the same substance with the Father; and by whom all things were made: (+) Who for us men, and for our salvation, came down from Heaven; (+) And was incarnate of the Holy Virgin Mary, Mother of God, by the Holy Spirit, and became man; (+) And was crucified for us in the days of Pontius Pilate; and suffered, and died, and was buried; And the third day rose again according to His will; and ascended into heaven, and sat on the right hand of His Father, and shall come again in His great glory to judge both the quick and the dead; whose kingdom shall have no end:

And in the one living Holy Spirit, the life giving Lord of all, who proceeds from the Father; and who with

the Father and the Son is worshipped and glorified; who spoke by the Prophets and Apostles:

And in the One, Holy, Catholic and Apostolic church: And we acknowledge one baptism for the remission of sins: And look for the resurrection of the dead: And the new life in the world to come. Amen.

Barekmore – Stoumenkalos Kurielaison.

## മേല്പട്ടക്കാരന്റെ ഓമ്മ്

ധനവാനും കാരുണ്യവാനുമായ ദൈവമേ! ആത്മികമായി തന്റെ ആയുസ്സിനെ നയിച്ച തന്റെ ഇടയനായ മാർ ............................ ന്റെ ഓമ്മ്ദിവസത്തെ തിരുവിഷ്ടത്തിനനുസരിച്ച് ആഘോഷിപ്പാൻ കത്താവിന്റെ വലിയ കൃപ മൂലം ഞങ്ങളെ യോഗ്യരാക്കണമെ. തിരുസന്നിധിയിലേക്ക് എടുക്കപ്പെട്ടിരിക്കുന്ന ഈ പിതാവ് ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കുന്നു. നാഥാ! കത്താവിന്റെ കൃപയാൽ ഈ പിതാവിന്റെ നല്ല നടപടികളെ പിന്തുടന്ന് കത്താവിനെ പ്രീതിപ്പെടുത്തുവാനും കത്താവിൽ നിന്ന് അനുഗ്രഹം പ്രാപിക്കുവാനും ഞങ്ങൾ യോഗ്യരായിത്തീരണമേ. ഹോശോ....

ചാത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നീതിജ്ഞന്മാരും ഹാലേലുയ്യ-ഹാലേലുയ്യ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിൻമൂലം
നിൻപുത്രന്മാർ കാത്തിടുമെങ്കിൽ ഹാലേലുയ്യ-ഹാലേലുയ്യ
എൻ നിയമത്തേയും ഞാനുപദേശിച്ചിടുമീ സാക്ഷിയെയും
ബാറെക്മോർ ശുബഹോ.... മെനഓലം..

ശുചിയൊടുശുദ്ധ്യാ ബെസ്ക്കുദിശാ
ച്ചശ്ശിച്ചുള്ളാപ്പാദങ്ങൾ
പൂക്കുദ്യാനദ്വാരങ്ങൾ
വാനവരൊത്തു വസിക്കേണം
സ്തൌമെൻ......... കുറിയേലായി

## പ്രുമിയോൻ

പുരോഹിതന്മാരെ അലങ്കരിക്കുന്നവനും ആചാര്യന്മാരെ പൂത്തീക രിക്കുന്നവനും, മണ്മയരായ പുരോഹിത ശ്രേഷ്ഠരെ തിരഞ്ഞെടു ത്ത്, തന്റെ ശ്രീ ഭണ്ഡാരത്തിലെഅധികാരികളാക്കുകയും ആവശ്യ ക്കാക്ക് തന്റെ സമ്പത്ത് വിഭജിച്ചുകൊടുപ്പാൻഉയരത്തിന്റേയും ആഴത്തിന്റേയും താക്കോൽ അവരുടെ കൈകളിൽ ഏല്പിക്കുകയും ചെയ്തവനും തന്റെ തോട്ടത്തിൽ പ്രഭാതം മുതൽ പ്രദോഷം വെരെ വേല ചെയ്തിട്ടുള്ളവരെ തേജോമയമായ തന്റെ തിരുമുഖപ്രകാശ ത്തിൽ ആനന്ദിപ്പിക്കുവാൻ വേണ്ടി തന്റെ സന്നിധിയിലേക്ക് അവ രെ സ്വീകരിക്കുന്നതിന് ഇഷ്ടപ്പെട്ടവനുമായ കത്താവിനു സ്തുതി. ത നിക്ക് തന്റെ ദാസനും ഞങ്ങളുടെ പിതാവുമായ മാർ .................. ഓമ്മ കഴിക്കുന്ന ഈ നേരത്തും ............................................. ബ്കുലഹൂൻ........

## സെദറാ

സാക്ഷാൽ പ്രധാനാചാര്യനും പുണ്യമുള്ളവരായ പുരോഹിതന്മാ രെ ശുദ്ധീകരിക്കുന്നവനുമായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! സ വ്വലോകങ്ങളുടേയും ദൈവമേ! സവ്വചരാചരങ്ങളുടേയും സൃഷ്ടാ വേ! മനുഷ്യരുടേയും മാലാഖമാരുടേയും നാഥാ! പരിശുദ്ധ സഭയി ൽ പിതാക്കന്മാരെ കത്താവു തിരഞ്ഞെടുത്ത് കത്താവിന്റെ പരിശു ദ്ധ റൂഹായാൽ ശുദ്ധീകരിച്ച് പുണ്യപ്രവത്തികളാൽ അവരെ ശോ ഭിപ്പിച്ചു. വിലയേറിയ പൗരോഹിത്യത്തേയും നിമ്മലമേറിയ ആ ത്മീയ ശുശ്രൂഷകളേയും കത്താവ് അവരെ ആശീർവദിച്ചും അവ രെ കത്താവിന്റെ സഭയ്ക്ക് ഇടയന്മാരും തൂണുകളായും തീത്തു. അ വരുടെ ഉപദേശം മൂലം സഭാമക്കൾക്ക് പ്രകാശവും അഭിവൃദ്ധിയും കത്താവു നൽകി. മാർ................. നെയും ശൈശവം മുതലേ ക ത്താവിന്റെ ആത്മീക വേലക്കായി കത്താവു വേർതിരിച്ചു. ആക യാൽ ഈ പിതാവ് തിരുസന്നിധിയിൽ ജീവിത നിമ്മലതയോടെ കഴിച്ചു കൂട്ടി. നോമ്പാലും പ്രാത്ഥനയാലും സുകൃത ജീവിതത്താ ലും കത്താവിന് ഇഷ്ടനായിത്തീന്നു. ആകയാൽ കത്താവിന്റെ ആ ട്ടിൻകൂട്ടത്തിന് തലവനും നായകനുമാക്കി. ജാഗ്രതയോടും ശുഷ് ക്കാന്തിയോടും തന്റെ ഇടവകകളെ ഭരിച്ചു. മ്ശിഹാതമ്പുരാന്റെ ആട്ടിൻകൂട്ടത്തെ തന്റെ ഉപദേശങ്ങളാൽ പ്രകാശിപ്പിച്ചു. സത്യവി

ശ്വാസത്തിലേക്ക് അനേകരെ ശിഷ്യപ്പെടുത്തുകയും താൻ ഉത്തമ വഴികാട്ടിയായ്ത്തീരുകയുംചെയ്തു. വളരെ വൈദികരേയും ശെമ്മാശ്ശന്മാരേയും പട്ടംകൊടുക്കുകയും അവരെ ആത്മികജീവിതത്തിനായി സസൂഷ്മം വേർതിരിക്കയും ചെയ്തു, കർത്താവിന്റെ നിറവിൽ ഉത്തമ ഇടയനായിത്തീന്ന് കർത്താവിന്റെ കല്പനപ്രകാരം കർത്താവിന്റെ ആട്ടിൻ കൂട്ടത്തിനു വേണ്ടി ജീവിതം അവസാനിപ്പിച്ചു. "നീ മണ്ണാകുന്നു മണ്ണിലേക്ക് തിരികെ ചേരുമെന്ന് പിതാവായ ആദാമിന്റെ മേൽ ഉണ്ടായ തീപ്പനുസ്സരിച്ച് കർത്താവിന്റെ ദാസനെ തിരികെ കൊണ്ടുപോകുന്നതിനായി കർത്താവിന്റെ വിശുദ്ധ മാലാഖമാക്ക് കർത്താവ് ആജ്ഞ നൽകി. അതുകൊണ്ട് ഗാനമാധുര്യമുള്ളതും പരിശുദ്ധാത്മവേദവുമായിരുന്ന വായ് ബന്ധിക്കപ്പെട്ട് മിണ്ടാതായി. കാരുണ്യവാനായ കർത്താവേ! കർത്താവിന്റെ സന്നിധിയിലേക്ക് എടുക്കപ്പെട്ട മഹാപുരോഹിതനെ അനാദ്യന്ത മഹത്വത്തിന് യോഗ്യനാക്കണമെ. പൗരോഹിത്യത്തിന്റെ നിർമ്മല അങ്കി ധരിച്ചവനായി തിരുസന്നിധിയിൽ കാണപ്പെടുമാറാകണമെ. കർത്താവിന്റെ ദാസൻ ഇഹത്തിൽ അനുഷ്ഠിച്ച ശുശ്രൂഷകൾ മൂലം പരത്തിൽ ധന്യനാകണമേ. പ്രധാന അപ്പൊസ്തലനായ പത്രോസിനോടും മറ്റു ശിഷ്യഗണങ്ങളോടും കൂടെ ഹാലേലുയ്യ പാടി പുകഴ്ത്തുമാറാകണമെ. കർത്താവേ! ഞങ്ങൾക്കും പരിശുദ്ധ സഭയുടെ എല്ലാ മക്കൾക്കും കർത്താവിനെ സ്നേഹിക്കുന്നവക്ക് കർത്താവിനാൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ഭാഗ്യം നൽകണമെ. ഞങ്ങൾ കർത്താവിനും പിതാവിനും പരിശുദ്ധ റൂഹായ്ക്കും ......... ഹോശോ......

ദൈവം സൃഷ്ടിച്ചാദത്തെ;
സൃഷ്ടാവൊടു തുല്യം സൃഷ്ടി-
യായ്; മണ്മയനുദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീടു
ന്നതു കാണ്മാനുള്ളാനന്ദം
സൂക്ഷിച്ചും കൊണ്ടേ മേവി,
കൂറൂന്നീറെന്മാർ-മണ്ണിനുയർച്ചയിലാശ്ചര്യം
ബാറെക്മോർ. ശുബഹൊ...

ആദ്യാചാര്യത്വം കൈയ്യോ-
ണ്ടഹറോൻ മൂശയോടൊന്നിച്ച്;

സ്ക്കറിയായ്ക്കതു നൽകീമൂശാ;
സ്ക്കറിയാ യോഹന്നാനേകി;
യോഹന്നാൻ കത്ത്ാവീന്നും;
കത്ത്ാതൻ ശ്ലീഹന്മാക്ക്ും;
നാനാസൃഷ്ടിവിഭാ-ഗങ്ങൾക്കേകി ശ്ലീഹന്മാർ.

മൊറിയോറാഹേം.......

അല്ലെങ്കിൽ

നിമ്മ്ല മദ്യ്ബഹായിൽ കത്ത്യ
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചൊല്ലും വ-
ന്നീറെന്മാർ ദേവാഗാരേ

ബാറെക്മോർ. ശുബഹൊ...

ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചോരാം
നിന്നാഗമന മഹാനാളിൽ
ഓത്ത്ു മുഖപ്രഭയേകണമേ.

മൊറിയോറാഹേം.......

ആചാര്യേശാ മ്ശിഹാ! കൂദാ-ശകളപ്പ്ിച്ചോ-
രാചര്യന്മാക്കേ്കുക പുണ്യം-നാഥാ! സ്തോത്രം

## ബോവൂസോ - മാർ അപ്രേം

അൻപുടയോനേ നിൻ വാതിൽ
മുട്ടുന്നൂ ദാസർ നാദം
ആവശ്യത്താൽ യാചിക്കും
അടിയാരെ തള്ളീടല്ലേ

അലിവൊടു ശിക്ഷിച്ചടിയാരെ
അരിശം നീക്കി ക്കാക്കണമെ
വാതിൽ തുറന്നീ പ്രാത്ഥനയിൻ
നാദം കേട്ടേകീടണമെ.

നിന്നെ വിളിക്കുന്നേ നാഥാ!
നിന്നുതവിക്കായ് ബലഹീനർ

നല്ലവനേ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ

കർത്താവേ കാരുണ്യത്താൽ
കനിവടിയാരിൽ ചെയ്യണമെ
നന്മനിറഞ്ഞോനേയെന്റെ
തിന്മകളെ നീ യോർക്കരുതേ.

Hearken gracious Lord, we pray:
Knocking at Thy door we way,
Do not Thou deny our pleas-
Needy are Thy devotees.

When chastizing us, O God
Spare us from Thy wrathful rod;
Open to us mercy's door,
Kindly hear as we implore.

Hearken as we call to Thee
In ourselves so frail are we;
Hear our prayer, for good art Thou,
Grant our needs, though great e'now.

Mercy grant, Lord, Mercy grant,
Thine abundant mercy grant;
Count not Thou our evil deeds,
Kind one, who doth know our deeds.

## വാഹന ശുദ്ധീകരണം

ഒരു കൌമ്മാ

കർത്താവേ ഞങ്ങൾ-വാതിൽ മുട്ടുന്നു

നീയല്ലോ നൽകുന്നെല്ലാമെല്ലാർക്കും
ചോദിച്ചാൽ കിട്ടും-തേടുമ്പോൾ കാണും
മുട്ടുമ്പോൾ വാതിൽ ബന്ധം നീങ്ങുന്ന
ഹാലേലുയ്യ-ഹാലേലുയ്യ
വാതിൽ കേഴുന്നോർക്കേകുന്നേൻ ധന്യൻ

ശുബഹോ....... സകലത്തേയും സൃഷ്ടിച്ച് ക്രമീകരിക്കുന്നവനും സകല ഭാഗങ്ങളും നൽകുന്നവനുമായ ദൈവമായ കർത്താവേ! കർത്താവിന്റെ ദൈവീകനൽവരങ്ങളാൽ ഞങ്ങളെ ധന്യരാക്കണമേ. ഞങ്ങളുടെ ആലോചനകളും നടപടികളും സൽപ്രവർത്തികൾക്ക് പ്രേരിതമാകണമെ. ഭയഭക്തിയോടെ ഞങ്ങൾ നിന്ന് തിരുമുമ്പാകെ നിൽപ്പാനും വിശുദ്ധിയോടെ കർത്താവിനെ ശുശ്രൂഷിപ്പാനും കർത്താവിന്റെ തിരുഹിതം ചെയ്ത് കർത്താവിനെ പ്രസാദിപ്പിക്കുവാനും ഞങ്ങളെ ഒരുക്കണമെ. ഞങ്ങളുടെ ജീവിതത്തിന്റെ ആവശ്യങ്ങൾക്കു വേണ്ടുന്ന സകലവും നൽകുന്നവൻ കർത്താവാകുന്നുവല്ലോ. കർത്താവിന്റെ ദാസന്റെ (ദാസരുടെ) ഉപയോഗത്തിനായുള്ള ഈ വാഹനത്തെ തൃക്കൈ നീട്ടി വാഴ്ത്തി അനുഗ്രഹിക്കണമെ. ഈ വാഹനത്തേയും ഇതിനെ നിയന്ത്രിക്കുന്നവരെയും, ഇതിൽ സഞ്ചരിക്കുന്നവരെയും എല്ലാവിധ അപകടങ്ങളിൽ നിന്നും അനർത്ഥങ്ങളിൽ നിന്നും കരുണാപൂർവ്വം കാത്തുകൊള്ളണമെ. എല്ലാ നന്മകളുടേയും കാരണഭൂതനും യജമാനനുമായുള്ളോവേ! ഇവരുടെ ഈ പരിശ്രമവും ആയുസ്സിലുള്ള എല്ലാ പ്രവർത്തനങ്ങളും അവിടുത്തെ തൃക്കൈയ്യിലും തിരുനാമമഹത്വത്തിനും വേണ്ടി ആയിരിക്കണമെ. ഞങ്ങൾക്ക് കുറവുള്ളതിനെ കർത്താവു പരിഹരിക്കുകയും ഉള്ളവയെ അനുഗ്രഹിച്ച്, മുപ്പതും, അറുപതും, നൂറായും വർദ്ധിപ്പിക്കുകയും ചെയ്യേണമെ.

കർത്താവിന്റെ വാഴ്വുകൾ പ്രതീക്ഷിച്ചുകൊണ്ട് കർത്താവിന്റെ ദാസർ ഈ വാഹനത്തെ തിരുമുമ്പാകെ സമർപ്പിക്കുമ്പോൾ കർത്താവിന്റെ അദൃശ്യമായ വലങ്കൈ ഇതിന്മേൽ ആവസിപ്പിക്കേണമെ. ഇതിനെ ഐശ്വര്യപ്പെടുത്തുകയും ഇത് ഉപയോഗിക്കുന്നവർ ഇതുമൂലം നന്മ അനുഭവിക്കുകയും ചെയ്യേണമെ. ഇതിൽ ആവശ്യമായ സകലത്തേയും സജ്ജീകരിക്കേണമെ. ഇതിന്റെ അഭിവൃദ്ധി കണ്ട് ഞങ്ങൾ സന്തോഷിക്കുവാൻ ഇടയാകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ! ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം തിരു സന്നിധിയി

ൽ നിന്ന് കൃപയും കരുണയും ഞങ്ങൾക്ക് ലഭിക്കുകയും ചെയ്യേണമെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമ്മിന്റേയും പരിശുദ്ധ (................) എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ

## ശുദ്ധീകരണ പ്രാർത്ഥന

താൻ മാത്രം പരിശുദ്ധനും വിശുദ്ധന്മാരെ ശുദ്ധീകരിക്കുന്നവനുമായ കർത്താവേ! കർത്താവിന്റെ വചനത്താലും പ്രവർത്തിയാലും സകലത്തേയും കർത്താവ് ശുദ്ധീകരിക്കുന്നു. കർത്താവേ, കരുണയോടെ കർത്താവിന് തിരുവിഷ്ടം തോന്നി ഈ വാഹനത്തെ ശുദ്ധീകരിക്കണമെ. ഞങ്ങളുടെ ദൈവമായ മ്ശിഹാതമ്പുരാനേ, കർത്താവിന്റെ പരിശുദ്ധശ്ലീഹന്മാരുടെയും കർത്താവിന്റെ മാതാവിന്റേയും പ്രത്യേകാൽ മാർ ........................യും പ്രാർത്ഥനയാൽ ഈ വാഹനത്തെ വാഴ്ത്തി വിശുദ്ധീകരിക്കണമെ. എന്തെന്നാൽ കർത്താവ് പിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ കർത്താവ് വിശുദ്ധനാകുന്നുവല്ലോ.

## സ്ലീബാ വരച്ചുകൊണ്ട്

ജീവനുള്ളതും ജീവിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തപ്പെടുന്ന ഈ വാഹനം പിതാവിന്റേയും, പ. റൂഹായുടേയും തിരുനാമത്തിൽ വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

ബ്ശ്മോദാബോറോ + + + ...........................

## കുരിശു കൂദാശ

പൊതുക്രമം

### പ്രാരംഭപ്രാർത്ഥന

ഞങ്ങളെ പ്രതി മനസ്സോടെ പീഡയും കുരിശും സഹിച്ച് മരിച്ച് കല്ലറയിൽ നിന്നും ഉയർത്തെഴുന്നേറ്റ് ഞങ്ങൾക്ക് ജീവൻ തന്ന ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ! ഞങ്ങളുടെ കാവലിനുവേണ്ടി സജീവമായ കർത്താവിന്റെ കുരിശ് ഇന്ന് ഞങ്ങൾ ഇവിടെ സ്ഥാപിക്കുന്നു. ഞങ്ങളെ ഇതിനാൽ സന്തോഷിപ്പിക്കയും കർത്താവിന്റെ സമാധാനവും ശാന്തിയും ഞങ്ങളിൽ വസിപ്പിക്കേണമെ. കർത്താവിന്റെ കരു

ണയാൽ ഞങ്ങളെ കടാക്ഷിച്ച് ആദ്രതയോടെ ഞങ്ങളുടെ രോഗവും വേദനയും സുഖപ്പെടുത്തണമെ. ഞങ്ങളുടെ കത്താവേ! ദൈവം തമ്പുരാനേ, കത്താവിന്റെ കരുണയാൽ കോപസൂചകമായ എല്ലാ ശിക്ഷയിൽ നിന്നും താഡനങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. മോറോൻ വാലേഹാൻ.

(മോദം ഭൂസ്വഗ്ഗങ്ങൾ)

ഭൂവാസമതിൽ തൻ കുരിശാൽ മോദം ചേത്തോൻ ദേവേശാ
സഭയിൽ ഇഷയും പ്രജകൾ തൻ രക്ഷയുമേകി-ദേവേശാ ചെയ്
കാരുണ്യം
തവക്രൂശകർ നാണിച്ചാർ-വിശ്വാസികളാനന്ദിച്ചു
സഭയും സുതരും-കുരിശൊടു സവിധേ പൂജിപ്പൂ-ദേവേശാ
തന്റെ സമാധാനത്താൽ ശമമോടാമോദം നൽകി
സ്ലീബാ മൂലം-ഞങ്ങടെ പാപം പോക്കീടുക-ദേവേശാ
കുരിശിതിനുടെ സ്ഥാപനയിൽ-സ്തുതി പാടാറാക്കിയ നാഥാ
ശക്തിയതാൽ കേടെന്യേ രക്ഷിതരാവാൻ ദേവേശാ
താവകകുരിശിൻ പാശ്വേ-സഭയൊടു സുതരെ കാക്കണമെ
ക്രോധാലുളവാം-താഡനശിക്ഷകൾ നീക്കണമെ ദേവേശാ....
വനമാമീസ്ലീബായാൽ ഞങ്ങൾക്കാമോദം ചേത്ത്
സുതായ്മാ-വാമീശനു വന്ദനസതതം-ദേവേശാ......

## പ. ദൈമാതാവിന്റെ സ്മാരക കുരിശ്

പാടും ജനതയിലാഢ്യർ തവമുഖമതും കാഴ്ചകളോടെ
ഹാ-ഉം-ഹാ
സ്വസുതൻ മഹിമയതായും മേവും തന്നുള്ളിൽ
നല്ലൊരു തങ്കത്താലവളുടെ വസനംഭൂഷിതമാ
ഹാ-ഉം-ഹാ
തനു കാഴ്ചകളോടവർ പോകും. ബാറെക്മോർ

മറിയാമ്മിന്നോമ്മ വാഴ്‌വായി ത്തീരണമേ
അവൾ പ്രാത്ഥന ഞങ്ങൾക്കാത്മാവിനു കോട്ട. സ്തൌമെൻ .....

## പ്രുമിയോൻ

തന്നെ വഹിച്ച പരിശുദ്ധ കന്യമറിയാമിനെ ശുദ്ധീകരിക്കുകയും തന്നെ മുലകുടിപ്പിച്ചവളെ വലിപ്പപ്പെടുത്തി മഹത്വീകരിക്കയും തന്റെ മാതാവിനെ വിശ്വാസികൾക്കു സങ്കേതസ്ഥാനമാക്കുകയും ചെയ്ത കത്താവിനു സ്തുതി. തനിക്ക് തന്റെ മാതാവിന്റെ സ്മാരകമായി സ്ഥാപിക്കപ്പെട്ട ഈ കുരിശിന്റെ ശുദ്ധീകരണം നിവ്വഹിക്കപ്പെടുന്ന ഈ നേരത്തിലും സമയത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും...........
ബ്കുലഹൂൻ.....

## സെദറാ

കത്താവേ! ഭാഗ്യപൂണ്ണമായ കത്തൃമാതാവിന്റെ മദ്ധ്യസ്ഥത തിരുസന്നിധിയിൽ സമപ്പിച്ചുകൊണ്ട് കത്താവിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു. പാപദോഷങ്ങളിൽ നിന്നും ഞങ്ങളെ വിടത്തണമെ. പ. മാതാവിന്റെ പ്രാത്ഥനയുടേയും അമ്മയുടെ സ്മാരകമായ ഈ സ്ലീബായുടെയും ശക്തിക്കു കോപസൂചകമായ എല്ലാ ശിക്ഷകളിൽ നിന്നും ശോധനങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. സത്യവിശ്വാസത്തിൽ ഞങ്ങളെ സ്വീകരിച്ച് കത്താവിന്റെ സ്നേഹത്തിൽ ഞങ്ങളെ ബന്ധിക്കേണമെ. പുണ്യപ്രവത്തികളാൽ ഞങ്ങളെ ശ്രേഷ്ഠരാക്കണമെ. വാഴ്ത്തപ്പെട്ട മാതാവിനെ സദാ ഞങ്ങൾ പുകഴ്ത്തുകയും അവരുടെ പ്രാത്ഥനയാലും കത്താവിന്റെ സ്ലീബായുടെ അനുഗ്രഹത്താലും കത്താവേ! ഞങ്ങൾക്ക് സഹായം സിദ്ധിക്കുകയും ചെയ്യുമാറാകണമെ. നാഥാ! കത്താവിന്റെ സ്തുതിഗായകരുടെ ഗണത്തിൽ ഞങ്ങൾ ചെന്നു ചേരുമാറാകണമെ. അവരോടു കൂടെ ഞങ്ങളും പ. സഭയുടെ എല്ലാ പ്രജകളും ആനന്ദഭരിതരായി കത്താവിനും വന്ദ്യ പിതാവിനും പ. റൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നും സമപ്പിക്കും. ഹോശോ......
മെൻ ആലോഹോൻ........

(ദഹത്തെ ലോ നെഹറത്തെ)

വന്ദ്യേ മാതാവേ-യാചിക്കുന്നെങ്ങൾ-നിന്നിൽ ജാതനതാം സുത
നോടു യാചിക്ക

കൃപയോടെങ്ങൾ തൻ-കടലിഖിതം നീക്കിട്ടന്ത്യം തൻ വരവിൽ-
ശിക്ഷയിലേറ്റായ്‌വാൻ
ഹാലേലുയ്യ-ഉ-ഹാലേലുയ്യ നിന്നർന്മാന തുണയും കോട്ടയു
മാകേണമെ
ബാറെക്മോർ ശുബഹോ...... മെനഓലം....
ദൈവത്തിൻ ജനനി നിമ്മ്ലല കന്യകയെ-സഭമക്കൾ പേക്കായ്
യാചന ചെയ്യണമെ
ഭീകര ഭിന്നതയും-കലഹംപോരുകളും-ഭൂതലയാവൃതമാം-
വ്യഥയോടിതു പാപ്പൂ
ഹാലേലുയ്യ-ഉ-ഹാലേലുയ്യ നിന്നത്ഥന തുണയും കോട്ടയു
മാകേണമെ. മോറിയോ.......

## എത്രൊ

കത്താവേ! ഞങ്ങളെല്ലാവരേയും കത്താവിന്റെ മാതാവിന്റെ സ്മാരകമായ ഈ സ്ലീബായേയും കത്താവ് ആശീർവദിക്കേണമെ. ഇതിനെ ആശീർവദിക്കുന്ന എല്ലാ വിശ്വാസികൾക്കും ഇതിനെ ഒരു സങ്കേതസ്ഥാനമായിരിക്കണമെ. ഇതിനാൽ സ്വദേശവും നിവാസികളും എല്ലാ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടേണമെ. എല്ലാ ദുഷ്ട പിശാചുക്കളും കോപസൂചകമായ ശിക്ഷകളും ഇതിനാൽ നീങ്ങിപ്പോകേണമെ. നിമ്മ്ലല കന്യകമാതാവിന്റെ മദ്ധ്യസ്ഥതയാൽ ഞങ്ങൾ എല്ലാവരും എല്ലാ പ്രകാരേണയും അനുഗ്രഹവും സഹായവും പ്രാപിക്കേണമെ. കത്താവിന്റെ എല്ലാ നന്മകളേയും പ്രതി കത്താവിന് ഞങ്ങൾ സ്തോത്രം സമപ്പിക്കുന്നു. ഹോശോ...

വിശ്വാസികൾ തന്നഭിമാന-ഭാജനമാകും മാതാവേ
ഞങ്ങളിലാദ്ര്തതോന്നാൻ നിൻ-ഏകാത്മജനോടുയാചിക്ക
ബാറെക്മോർ ശുബഹോ....
കന്യേ മുൻഫലമായോളേ! രക്ഷയ്ക്കുറവിടമായോളോ!
ഏകാത്മജനോടത്ഥിക്ക-ഞങ്ങളിലാദ്രത തോന്നീടാൻ

(ത്രൈ ഹുൻ ഒലമെ)

ഉയിരിങ്ങെത്താൻ വഴിയായോ-ളാദ്യജകന്യകയാം മാതാ
ഞങ്ങളിലെല്ലാം കൃപചെയ്‌വാ-നാത്മജനോത്ഥിക്ക
ഞങ്ങൾ പേക്കായ് പ്രാത്ഥിപ്പാൻ-മടിയരുതേ നിമ്മ്ലല തായേ
ഞങ്ങളിലെല്ലാം കൃപ ചെയ്‌വാനാത്മജനോഭത്ഥിക്ക

1 കൊരിന്തി 1: 18, ഗലാത്യർ 6: 11-18
എന്തെന്നാൽ ക്രൂശിന്റെ വചനം നശിച്ചു പോകുന്നവക്ക് ഭോഷത്വ മാകുന്നു. എന്നാൽ ജീവൻ പ്രാപിച്ചിരിക്കുന്നവരായ നമുക്കോ അത് ദൈവത്തിന്റെ ശക്തിയാകുന്നു.
ജഡത്തിൽ പ്രശംസിക്കുവാൻ ആഗ്രഹിക്കുന്നവർ, മ്ശിഹായുടെ കുരിശു നിമിത്തം ഉപദ്രവം സഹിക്കാതിരിക്കുവാൻ വേണ്ടി മാത്രമാണ് നിങ്ങളെ പരിഛേദന ഏല്പാൻ നിബ്ബന്ധിക്കുന്നത്. പരിഛേദന ഏൽക്കുന്നവർ തന്നെയും ന്യായപ്രമാണത്തെ ആചരിക്കുന്നില്ലല്ലൊ. നിങ്ങൾ പരിഛേദന ഏൽക്കണമെന്ന് അവർ ആഗ്രഹിക്കുന്നത് നിങ്ങളുടെ ശരീരം വഴിയായി അവക്ക് പ്രശംസ ഉണ്ടാകണമെന്നുള്ള ആഗ്രഹം കൊണ്ടാകുന്നു! എന്നാൽ എനിക്കോ നമ്മുടെ കത്താവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പിപ്പാൻ ഇടവരാതിരിക്കട്ടെ. എന്തെന്നാൽ താൻ മൂലം ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. പരിഛേദനയും അഗ്രചമ്മവും ഒന്നുമല്ല; പിന്നെയോ പുതിയ സൃഷ്ടി (യാകുക) യത്രെ കാര്യം. ഈ മാഗ്ഗം അനുസരിച്ചു നടക്കുന്ന എല്ലാവക്കും -ദൈവത്തിന്റെ ഇസ്രയേലിലും സമാധാനവും കരുണയും ഉണ്ടായിരിക്കട്ടെ.
ഇനി ആരും എനിക്ക് ബുദ്ധിമുട്ടു വരുത്തരുത്. എന്തെന്നാൽ നമ്മുടെ കത്താവായ യേശുമ്ശിഹായുടെ അടയാളം എന്റെ ശരീരത്തിൽ ഞാൻ വഹിച്ചിരിക്കുന്നു. എന്റെ സഹോദരന്മാരേ, നമ്മുടെ കത്താവായ യേശുമ്ശിഹായുടെ കൃപ നിങ്ങളുടെ ആത്മാവോടു കൂടെ ഇരിക്കുമാറാകട്ടെ.

For the message of the cross is foolishness to those who are perishing, but to us who are being saved it is the power of God.
As many as desire to make a good showing in the flesh these would compel you to be circumcised, only that they may not suffer persecution for the cross of Christ. For not even those who are circumcised keep the law, but they may boast in your flesh. But God forbid that I should boast in your flesh. But God forbid that I should boast except in the cross of our Lord Jesus Christ, by whom

the world has been crucified to me, and I to the world. For in Christ Jesus neither circumcision nor uncircumcision avails anything, but a new creation.
And as many as walk according to this rule, peace and mercy be upon them, and upon the Isrel of God. From now on let no one trouble me, for I bear in my body the marks of the Lord Jesus.
Brethren, the grace of our Lord Jesus Christ be with your spirit.

ഹാലേലുയ്യ-ഉ-ഹാലേലുയ്യ നിന്നാൾ സ്തുതിയൊടു രാജമകൾ
നിൻ വലമായ് രാജഭാമിനിയും ഹാലേലുയ്യ

## ഏവൻഗേലിയോൻ

വി. മത്തായി 12: 46-50

താൻ പുരുഷാരത്തോടു സംസാരിച്ചുകൊണ്ടിരിക്കവെ തന്റെ അമ്മയും സഹോദരന്മാരും വന്ന് പുറത്തു നിന്നുകൊണ്ട് തന്നോട് സംസാരിക്കാൻ ആഗ്രഹിച്ചു. അപ്പോൾ ഒരുവൻ തന്നോട് അങ്ങയുടെ അമ്മയും സഹോദരന്മാരും പുറത്തു നിൽക്കുന്നു. അങ്ങയോടു സംസാരിപ്പാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. ആ പറഞ്ഞവനോട് താൻ ഉത്തരമായി, "ആരാകുന്നു എന്റെ അമ്മ? ആരാകുന്നു എന്റെ സഹോദരന്മാർ? എന്നു ചോദിച്ചിട്ട് തന്റെ ശിഷ്യന്മാരുടെ നേരേ കൈ ചൂണ്ടിക്കൊണ്ട്, 'ഇതാ എന്റെ മാതാവ്, ഇതാ എന്റെ സഹോദരന്മാർ, എന്തെന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന എല്ലാവരും എന്റെ സഹോദരനും എന്റെ സഹോദരിയും എന്റെ മാതാവും ആകുന്നു എന്നു പറഞ്ഞു.

While He was still talking to the multitudes, behold, His mother and brothers stood outside, seeking to speak with Him. Then one said to Him, "Lord, Your mother and Your brothers are standing outside, seeking to spek with You."

But He ansered and said to the one who told Him, "Who is My mother and who are My brothers? And He stretched out His hand toward His disciples and said, "Here are my mother and My brothers! For whoever does the will of My Father in heaven is my brother and sister and mother.

(മാർ യാക്കോബിന്റെ ബോവൂസൊ)
പ്രാത്ഥിച്ചാലും സൗഭാഗ്യവതി പ്രാത്ഥിച്ചാലും
നിൻ പ്രാത്ഥനയാൽ നാഥൻ പുണ്യം നൽകീടട്ടെ
തുണയാചിപ്പോക്ക്ഭയമതായൊരു നിമ്മലതായേ
നിന്നാശ്രിതരാമിവരിൽ നിൻ തുണചേന്നീടണമെ
നിൻസുതനേശവൊടെങ്ങൾ പേക്ക്ായ് യാചിക്കുന്നേൻ
കോപം പോക്കി കരുണയതിവരിൽ വഷിച്ചീടാൻ
മാതൃസ്മരണ സ്ലീബായതിലേകം നിൻ ശക്തി
നാഥായിതിനെ മാനിപ്പോരിൽ തുണചേക്ക്ണമെ
നാടും ജനവും വാഴ്‌വുകമതിനാൽ പ്രാപിക്കണമെ
രോഗം, പീഡകൾ, ക്ലേശം കൃപയാൽ നീങ്ങീടണമേ
ഒമ്പതുമാസം നിന്നെയേറ്റോൾ തൽപ്രാത്ഥനയാൽ
ദൈവാത്മജനേ കോപത്തിൻ ദണ്ഡൊഴിവാക്കേണമെ

## കുരിശുകെട്ടിടമെങ്കിൽ റൂശ്മാ ചെയ്യുന്ന

ഇതിൽ അഭയം കൊള്ളുകയും ഇതിനെ ആദരിക്കയും ചെയ്യുന്ന ഭക്തജനത്തിന്റെ സഹായത്തിനും തുണയ്ക്കും അനുഗ്രഹത്തിനുമായി ഈ കുരിശുകെട്ടിടം പിതാവിന്റേയും പുത്രന്റേയും വി. റൂഹായുടേയും തിരു നാമത്തിൽ വാഴ്ത്തപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.
ബശ്മോ ദാബൊറൊ ഉദാബറൊ ഉദാബറൊ വൽ റൂഹോ കാദീശോ.

## പൊതുവായ സ്ലീബായാഘോഷം

കിഴക്ക്: ശുബഹോ...
മോശയുടെ വടിയും ഇസ്രയേൽ പാളയത്തിന്റെ മദ്ധ്യേ നാട്ടപ്പെട്ട പിത്തള സപ്പത്തേയും ഉപമിക്കപ്പെട്ട ഞങ്ങളുടെ മ്ശിഹാ തമ്പുരാ

നേ കത്താവിന്റെ സഭ തന്റെ പ്രജകളുടെ കാവലിനും അനുഗ്രഹത്തിനും ഭൂമിയിലെ ഫലമൂലാദികളുടെ സംരക്ഷണയ്ക്കും വേണ്ടിയും കോപസൂചകമായ ശിക്ഷകളിൽ നിന്നും താഡനങ്ങളിൽ നിന്നും രക്ഷപെടുന്നതിനു വേണ്ടിയും ജീവപ്രദമായ കത്താവിന്റെ കുരിശിനെ ഇവിടെ ആഘോഷിച്ച് ഞങ്ങൾ കത്താവിനും പിതാവിനും വി. റൂഹായേയും സ്തുതിച്ച് പുകഴ്ത്തുന്നു. ഹോശോ......

കുത്തും നിന്നാൽ വൈരികളെ ഞങ്ങൾ -തിരുനാമത്താലെതിരാളികളെ
മെതിച്ചീടും-സൗഖ്യം പിത്തള സപ്പത്തെ-
വീക്ഷിച്ചോക്കുളവായതുപോൽ-സ്ലീബായെ നതി
ചെയ്യുന്നോർ രോഗോപശമാ നേടുന്നു-അതിനാൽ
കരുണാസാഗരമാം കത്താവേ! പ്രാത്ഥിച്ചടിയാർ
ചൊല്ലുന്നു കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

പടിഞ്ഞാറ്: കത്താവേ ഞങ്ങൾ അഹങ്കാരരഹിതരായി കത്താവിന്റെ കുരിശിനെ ആദരിക്കുകയും അതിന്റെ പരിശുദ്ധ അടയാളം ഞങ്ങളുടെ ഹൃദയങ്ങളിൽ പതിക്കുകയും ചെയ്യണമെ. ഇതിന്റെ ആരാധനയാൽ സവ്വ പൈശാചികഗണവും ഭൂതങ്ങളും ഞങ്ങളിൽ നിന്ന് ഓടിപ്പോയി ഞങ്ങൾക്ക് രക്ഷ സിദ്ധിക്കേണമെ. കുരിശിന്റെ ശക്തിയാലും ദൈവമാതാവിന്റെ പ്രാത്ഥനയാലും ഞങ്ങൾക്ക് തുണ ലഭിക്കണമെ. ഞങ്ങൾ കത്താവിനേയും പിതാവിനേയും പ. റൂഹായേയും വാഴ്ത്തി സ്തുതിക്കുന്നു. ഹോശോ.......

തന്നിൽ സൂക്ഷിച്ചഥ ശരണപ്പെടുവിൻ-മുഖലജ്ജതയുണ്ടാവില്ല
പരനുടെ രക്ഷാവ്യാപാരം-എന്തൊരു മോഹന വിസ്മയമാം
(ഇന്നാരിൽ) സ്മാരകസ്ലീബാ-സങ്കേതമതായ് സ്ഥാപിതമാം
അതിനാൽ കരുണാ സാഗരമാം കത്താവേ-
പ്രാത്ഥിച്ചടിയാർ ചോല്ലുന്നു
കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

വടക്ക്:
ശുബഹോ..

മരത്തിന്മേൽ തൂക്കപ്പെട്ട് മനുഷ്യകുലത്തെ രക്ഷിക്കുകയും കുരിശി നെ രക്ഷയുടെ ആയുധമായി ഞങ്ങൾക്ക് തരികയും ചെയ്ത മ്ശി ഹാ തമ്പുരാനേ (ഇന്നാരുടെ) സ്മാരകമായി കർത്താവിന്റെ കുരിശി നെ ഞങ്ങൾ ഇവിടെ സ്ഥാപിച്ചിരിക്കുന്നു. ഇതിന്റെ പക്ഷത്ത് ഞ ങ്ങൾക്ക് അഭയം നൽകണമെ. ഞങ്ങളുടെ കേടുപാടുകളെ തീർക്കേ ണമെ. ഞങ്ങളുടെ വിചാരങ്ങളെ നിർമ്മലമാക്കേണമെ. ഞങ്ങളുടെ ആത്മാക്കളെ വെടിപ്പാക്കേണമെ. കർത്താവിന്റെ കരുണയാൽ ഞ ങ്ങളുടെ പാപങ്ങളേയും കുറ്റങ്ങളേയും ക്ഷമിക്കുകയും ചെയ്യേണ മെ. ഹോശോ..................

വൈരികളിൽ നിന്നെങ്ങളെ നീ-വീണ്ടും നാണിപ്പിച്ചവരെ/
ദുഷ്ടാത്മാവൊടടരാടാൻ-ശക്തിനരർക്കില്ലായതിനാൽ
രക്ഷാകുരിശുമൂലം-ദിവ്യബലം തന്നാൻ കർത്തൻ
അതിനാൽ കരുണാസാഗരമാം കർത്താവേ-
പ്രാർത്ഥിച്ചടിയാർ ചൊല്ലുന്നു
കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

തെക്ക്:

സ്ലീബായിൽ മരിച്ച് ഞങ്ങളെ രക്ഷിച്ച മ്ശിഹാ തമ്പുരാനേ കർത്താ വിനോട് ഞങ്ങൾ അപേക്ഷിക്കുന്നു. പാപത്തിന്റെ മാരക വിഷം ഞങ്ങളിൽ നിന്നും നീക്കേണമെ. ഞങ്ങളുടെ ആത്മശരീരങ്ങളെ സാത്താന്റെ കടിപ്പാടിൽ നിന്നും സുഖപ്പെടുത്തണമെ. ഞങ്ങളുടെ നോട്ടം കർത്താവിലും കർത്താവിന്റെ കുരിശിലും ഞങ്ങളുടെ ദൃഷ്ടി കൾ കർത്താവിന്റെ സന്നിധിയിലും പതിച്ചിരിക്കുന്നു. ഞങ്ങളുടെ ശരണവും പ്രത്യാശയും കർത്താവിന്റെ മേൽ ആകുന്നു. ഞങ്ങളുടെ പ്രാണരക്ഷകനായി കർത്താവിനെ ഞങ്ങൾ കരുതുന്നു. ഞങ്ങൾ കർത്താവിനും പിതാവിനും പ. റൂഹായ്ക്കും സ്തുതിയും സ്തോത്രവും ക രേറ്റുന്നു. ഹോശോ.................

രക്ഷാകരാ പരിചയ നാഥാ ഞങ്ങൾക്കായ് തന്നീടേണേ
തൃക്കൈയാലിവരെ താങ്ങി-തവ ശിക്ഷണമെന്നിൽ പോറ്റണമേ
ദുഷ്ടാത്മാവിൽ സേവയെന്നാത്മാവിൽ ജീവൻനേടാൻ
രക്ഷകപരനീ ദേശത്തിൽ -ഉയിരിൻ ലക്ഷ്യം സ്ഥാപിച്ചു
അതിനായ് കരുണാ സാഗരമാം കർത്താവേ!
പ്രാർത്ഥിച്ചടിയാർ ചൊല്ലുന്നു

കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ
അനന്തരം സ്ലീബായാഘോഷം നടത്തുന്നു

**കിഴക്കുവശത്തേയ്ക്ക്**

ദൂതന്മാർ സേ-വിപ്പോനേ!
ദൈവമേ നീ പരിശുദ്ധൻ ആകുന്നു.

ക്രോബേന്മാർ വാഴ്ത്തുന്നോനേ!
ബലവാനേ നീ പരിശുദ്ധൻ ആകുന്നു.

സ്രാപ്പികൾ കാദീ-ശാപ്പോനേ!
മരണമില്ലാത്തവനേ നീ പരിശുദ്ധൻ ആകുന്നു.

പാപികളനുതാപത്തോടൊത്തൎത്ഥിച്ചോതുന്നു.
ഞങ്ങൾക്കായിക്രൂശേറ്റോനേ കൃപചെ-യ്യേണം

**പടിഞ്ഞാറു വശത്തേയ്ക്ക്**

തീമയർ ഹാലൽ-ചൊൽവോനേ1
ദൈവമേ നീ പരിശുദ്ധൻ ആകുന്നു.

ആത്മിയർ ശ്ലാഘിപ്പോനേ!
ബലവാനേ നീ പരിശുദ്ധൻ ആകുന്നു.

മണ്മയരാഘോഷിപ്പോനേ!
മരണമില്ലാത്തവനേ നീ പരിശുദ്ധൻ ആകുന്നു.

വിശ്വാസിനിയാം തിരുസഭതൻ-സുതരൎത്ഥിക്കുന്നു.
ഞങ്ങൾക്കായിക്രൂശേറ്റോനേ കൃപചെ-യ്യേണം

**വടക്കുവശത്തേയ്ക്ക്**

മേലുള്ളോർ മാനിപ്പോനേ!
ദൈവമേ നീ പരിശുദ്ധൻ ആകുന്നു.
മദ്ധ്യമർ കീൎത്തിക്കുന്നോനേ!
ബലവാനേ നീ പരിശുദ്ധൻ ആകുന്നു.

കീഴുള്ളോർ കൂപ്പുന്നോനേ!
മരണമില്ലാത്തവനേ നീ പരിശുദ്ധൻ ആകുന്നു.

പാപികളനുതാപത്തോടൊത്തത്ഥിച്ചോതുന്നു.
ഞങ്ങൾക്കായിക്രൂശേറ്റോനേ കൃപചെ-യ്യേണം

**തെക്കുവശത്തേയ്ക്ക്**

നാഥാ! കൃപചെയ്തീടേണം
നാഥാ! കൃപചെയ്യുക കനിവാൽ

നാഥാ! കമ്മാത്ഥനകളെ നീ കൈക്കൊണ്ടും
കൃപചെയ്തീടേണം.

ദേവേശ! തേ സ്തോത്രം.

സൃഷ്ടാവേ! തേ സ്തോത്രം
പാപികളാം ദാസരിലലിയും മ്ശിഹാ രാജാവേ സ്തോത്രം.
ബാറെക്മോർ.

**THE HAUD' MALACHE**

(Turning to the east)

He Whom the angels minister
Holy art Thou O God

He Whom the cherubim bless
Holy art Thou Almighty

He Whom the seraphim sanctify
Holy art Thou Immortal

Sinners, with repentance entreat saying
Crucified for us have mercy on us

(Turning to the west)

He Whom the fiery hosts praise

Holy art Thou O God

He Whom the spirutual beings magnify
Holy art Thou Almighty

He Whom the mortals worship
Holy art Thou Immortal

The children of the faithful Church entreat saying:
Crucified for us have mercy on us

(Turning to the north)

He Whom the heavenly beings glorify
Holy art Thou O God

He Whom those between exalt
Holy art Thou Almighty

He Whom the earthly beings below glorify
Holy art Thou Immortal

Sinners with repentance, entreat saying
Crucified for us have mercy on us

(Turning to the south)

Lord, have mercy upon us
Lord, be kind and have mercy

Lord, accept thou our office, and our
entreaties have mercy on us

Glory be to thee, O God

Glory be to thee, O Creator

Glory be to thee, O Christ the King who dost pity sinners they servants, Barekmore.

## സമാപന പ്രാർത്ഥന

ഈ ആത്മീയ ശുശ്രൂഷയിൽ വന്നു സംബന്ധിച്ച വാത്സല്ല്യമുള്ളവരെ! നമ്മുടെ രക്ഷയ്ക്കു വേണ്ടി കുരിശുമരണത്തിനായി സ്വയം പുത്രനെ അയച്ച പിതാവാം ദൈവം നിങ്ങളോടു കൂടി സ്ഥിതി ചെയ്യട്ടെ. ലോകരക്ഷാർത്ഥം കുരിശു സഹിച്ച ദൈവപുത്രനായ യേശുമ്ശിഹാ നിങ്ങൾക്ക് ശക്തി നൽകട്ടെ. കുരിശു വഹിച്ച് കഷ്ടതകളും പീഡകളും സഹിച്ച എല്ലാവരുടെയും സഹായിയായിരിക്കുന്ന വി. റൂഹാ നിങ്ങൾക്ക് അനുഗ്രഹമായിരിക്കട്ടെ. വിശ്വാസത്തോടും പ്രതീക്ഷയോടും വന്നിട്ടുള്ള എല്ലാവരേയും പ. ത്രിത്വം സഹായിക്കുമാറാകട്ടെ. ഈ കുരിശുപണിയിൽ വചനം കൊണ്ടോ ധനം കൊണ്ടോ ശക്തികൊണ്ടോ പ്രവർത്തികൊണ്ടോ സഹായിച്ചിട്ടുള്ള എല്ലാവരേയും ദൈവം തമ്പുരാൻ സംരക്ഷിച്ചുകൊള്ളട്ടെ. ഇതിൽ സങ്കേതപ്പെടുകയും നേർച്ചകാഴ്ചകളാൽ ഇതിനെ ബഹുമാനിക്കുകയും ചെയ്യുന്ന എല്ലാവരേയും താൻ കാത്തുകൊള്ളട്ടെ. എല്ലാവിധ പീഢകളും ദുഃഖങ്ങളും രോഗങ്ങളും വേദനകളും നിങ്ങളിൽ നിന്നും താൻ നീക്കം ചെയ്യട്ടെ. ദുഷ്ടപിശാചുക്കളുടേയും അശുദ്ധാത്മക്കളുടേയും പ്രവർത്തി നിങ്ങളിൽ നിന്നും താൻ ബഹിഷ്ക്കരിക്കട്ടെ. കോപസൂചകങ്ങളായ രോഗങ്ങളേയും ശിക്ഷകളേയും താഡനങ്ങളേയും നിങ്ങളിൽ നിന്നും താൻ നീക്കികളയട്ടെ. കാരുണ്യവാനായ കർത്താവു നിങ്ങളേയും നിങ്ങളുടെ മാതാപിതാക്കളേയും കുടുംബങ്ങളേയും വസ്തുവകകളേയും നിങ്ങൾക്കുള്ള സർവ്വത്തേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ദൈവമാതാവായ പ. കന്യകമറിയാം അമ്മയുടേയും പ. ശ്ലീഹന്മാരുടെയും അറിയിപ്പുകാരുടെയും പുണ്യപിതാക്കന്മാരുടെയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രത്യേകാൽ ഈ പ. കുരിശ് ആരുടെ നാമത്തിൽ സ്ഥാപിച്ച് ശുദ്ധീകരിക്കപ്പെട്ടുവോ (ആ പരിശുദ്ധന്മാരുടെയും) പ്രാർത്ഥന നിങ്ങൾക്കെല്ലാവർക്കും കോട്ടയായിരിക്കട്ടെ. ഹോശോ......

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....... കൃപനിറഞ്ഞ മറിയ......
കുറിപ്പ്: അനന്തരം കൈമുത്തിക്കുന്നു. എല്ലാവരും കുരിശിങ്കൽ നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നു.

## കുരിശു പ്രതിഷ്ഠ

പരിശുദ്ധ സഭാമക്കളുടെ വിജയത്തിന്റേയും രക്ഷയുടെയും അടയാളമാകുന്ന വി. സ്ലീബാ വിശ്വാസികളുടെ പ്രശംസയ്ക്കും, ആകൽക്കറുസായുടെ വീഴ്ചയ്ക്കും (ഇന്നാരുടെ) സ്മരണയ്ക്കുമായി പിതാവിന്റേയും പുത്രന്റേയും പ. റൂഹായുടെയും നാമത്തിൽ നിത്യജീവനായി പ്രതിഷ്ഠിയ്ക്കപ്പെട്ടിരിക്കുന്നു.
ബ്ശ്മോ ദാബ്റോ.........................

## ഭവനശുദ്ധീകരണ ശുശ്രൂഷ

### പ്രാരംഭപ്രാർത്ഥന

കർത്താവേ! കർത്താവിന്റെ ശാന്തിയും സമാധാനവും ഈ ഭവനത്തിൽ വസിപ്പിക്കണമെ. ഇതിലുള്ള സകലരേയും കർത്താവു അനുഗ്രഹിക്കണമെ. ഇതിലെ വരവുകളും ചെലവുകളും തിരുനാമ മഹത്വത്തിനും നീതിയുടെ പരിപാലനത്തിനും ആയിരിക്കണമെ. കർത്താവിൽ നിന്നുള്ള സകല നന്മകളാലും അനുഗ്രഹങ്ങളാലും ഇതിനെ ഐശ്യര്യപ്പെടുത്തി ഇതിൽ വസിക്കുന്നവർക്ക് മുഖപ്രസന്നത നൽകണമെ. ആയുഷ്ക്കാലം മുഴുവനും രഹസ്യകാര്യങ്ങളിലും പരസ്യകാര്യങ്ങളിലും ഇവർ നിന്നെ പ്രീതിപ്പെടുത്തുവാൻ ഇടയാക്കണമെ ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ! ഇവരുടെ മരിച്ചുപോയവർക്ക് ആശ്വാസവും നല്ല ഓർമ്മയും നൽകണമെ. മോറാൻ......

## പുതിയ ഭവന ശുദ്ധീകരണം

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ! മനുഷ്യരായ ഞങ്ങളുടെ ആവശ്യങ്ങളെ നിറവേറ്റുന്ന കർത്താവിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നും കർത്താവിന്റെ ദൈവീകദാനങ്ങളാൽ ഞങ്ങളെ ധന്യരാക്കണമെ. ഞങ്ങളുടെ വിചാരങ്ങളും ആലോചനകളും സകല പ്രവർത്തികൾക്കും പരിശുദ്ധ

നടപടികൾക്കും പ്രേരിതമാകണമെ. കാരുണ്യവാനായ കർത്താവേ! കർത്താവിന്റെ മക്കളുടെ താമസത്തിനായി ഒരുക്കപ്പെട്ടിരിക്കുന്ന ഈ ഭവനത്തെ തിരുമുമ്പാകെ സമർപ്പിച്ചുകൊണ്ട് ഇതിന്റെ ശുദ്ധീ കരണ ശുശ്രൂഷക്കായി ഞങ്ങൾ ഒരുങ്ങുന്നു. ഇതിന്റെ നിർമ്മാണ ത്തിന് ആവശ്യമായിരുന്ന സമയവും സന്ദർഭവും, സാദ്ധ്യതകളും ന ൽകി തന്നതിനായി കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. ഇതിന്റെ പൂർത്തീകരണം കാണ്മാനുള്ള ഭാഗ്യം ഇന്ന് ഞങ്ങൾക്ക് ലഭ്യമായിരി ക്കുന്നതിനാൽ കർത്താവിനെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ഇതി ന്റെ നിർമ്മാണത്തിൽ ഏതെങ്കിലും വിധത്തിൽ സഹായിച്ചിട്ടുള്ളവ രെ സമൃദ്ധമായി സഹായിക്കണമെ. ഞങ്ങൾ നല്ലവനായ കർത്താവി നും പിതാവിനും പ. റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ.................

## മസുമൂർ 128

## സങ്കീർത്തനം 128

യഹോവയെ ഭയപ്പെട്ട് യഹോയുടെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ. നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാ ഗ്യവാൻ നിനക്കു നന്മ വരും. നിന്റെ ഭാര്യ നിന്റെ വീടിനകത്ത് ഫ ലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശ ക്കു ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും. യഹോവാഭക്ത നായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും. യഹോവ സീയോനിൽ നിന്നു നിന്നെ അനുഗ്രഹിക്കും. നിന്റെ ആയുഷ്ക്കാ ലമൊക്കെയും നീ യെരുശലേമിന്റെ നന്മയെ കാണും. നിന്റെ മക്ക ളുടെ മക്കളേയും നീ കാണും. യിസ്രായേലിന്മേൽ സമാധാനം ഉ ണ്ടാകട്ടെ. ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു.

Blessed are all who fear the Lord, Who walk in His ways. You shall eat the fruits of your labor; You are blessed, and it shall be well with you. Your wife shall be like a vine, prospering on the sides of your house; Your children like newly planted olive trees around your table. Behold, so shall the man be blessed who fears the Lord.

May the Lord bless you from Zion, And may you see the good things of Jerusalem all the days of your life; May you see your children's children. Peace be upon Israel.

## കുക്കിലിയോൻ

മഹിമകളൊടഖിലും വാഴ്വും നാഥാ! ഹാലേലുയ്യ-ഹാലേലുയ്യ
സൽഗുണനിധിയും നൽസമ്പത്തും നീ തന്നെ
പ്രജാപരിപാലകനാം മ്ശിഹാനാഥാ ഹാലേലുയ്യ-ഹാലേലുയ്യ
സർവ്വചരാചരങ്ങളും നിൻകീഴിൽ
നിൻനന്മകളാം മുത്തുകൾക്കൊറങ്ങണം ഹാലേലുയ്യ-ഹാലേലുയ്യ
കർമ്മോന്മുഖമായ് ഈ ഭവനമെന്നും വിലസട്ടെ ബാറെക്മോർ

ശുബഹോ.................. മെനഓലം.............

## എക്ബാ

സൽഗുണസമ്പന്നാപരനേ!
നിൻനൽവരമതിനാലെന്നും
ശോഭനമാണൊരു മന്ദിരമായ്
വാഴ്ത്തണമെ മന്ദിരമതിനെ

സ്തൗമെൻകാലൊസ്..................

## പ്രമിയോൻ

''നിങ്ങൾ പ്രവേശിക്കുന്ന ഏതൊരു ഭവനത്തിനും സമാധാനം ആശംസിപ്പിൻ'' എന്ന് അരുളിചെയ്തവനായ മ്ശിഹാതമ്പുരാനേ! അവിടുന്ന് അദൃശ്യമായി ഈ ഭവനത്തിലേക്ക് പ്രവേശിച്ച് നിത്യമായ ശാന്തിയും സമാധാനവും കർത്താവിന്റെ മക്കൾക്ക് നൽകണമെ. എല്ലാവിധ സംരക്ഷണയാലും ഇതിന്റെ വാതിൽപടികൾക്ക് മുദ്രയിടേണമെ. ഇതിൽ പാർക്കുന്നവരെ കർത്താവിന്റെ കരുണയും സ്നേഹവും ദയയുംകൊണ്ട് നിറയ്ക്കണമെ. സഖായിയുടെ ഭവനത്തിലേക്ക് കർത്താവ് പ്രവേശിച്ചപ്പോൾ ''ഇന്ന് ഈ ഭവനത്തിന് രക്ഷയുണ്ടായി'' യെന്ന് കല്പിച്ചതുപോലെ രക്ഷയുടെ വാഗ്ദാനം ഇവർക്ക് കർത്താവ് നൽകണമെ. കർത്താവിനെ ആരാധിപ്പാൻ ഞങ്ങളെ അ

ഹ്രാക്കണമെ. ഈ ഭവന ശുദ്ധീകരണ ശുശ്രൂഷ നിവ്വഹിക്കപ്പെടുന്ന ഈ നേരത്തും സകല പെരുനാളുകളിലും ................

## സെദറാ

സമാധനത്തിന്റേയും സ്നേഹത്തിന്റേയും നാഥനും സകല സുകൃതങ്ങളുടേയും ഉടയവനും, എല്ലാവിധ നൽവരങ്ങളേയും പ്രദാനം ചെയ്യുന്നവനുമായ ദൈവമേ! ദിവ്യങ്ങളും, ജീവദായകങ്ങളുമായ കൃപാദാനങ്ങൾക്കായി ഞങ്ങൾ കത്താവിനോടപേക്ഷിക്കുന്നു. ഇപ്പോൾ തിരുമുമ്പാകെ അപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപത്തെ കൈക്കൊണ്ട് ഈ കത്താവിന്റെ ദാസരേയും ഇവരുടെ എല്ലാ അദ്ധ്വാനഫലത്തേയും വാഴ്ത്തണമെ. ശാശ്വതമായ കത്താവിന്റെ അനുഗ്രഹങ്ങളും ഐശ്യരപ്രദവും അക്ഷയവുമായ നൽവരങ്ങളും സൽപ്രവത്തികൾക്കുള്ള അനുഗ്രഹവും ഇവക്ക് നൽകണമെ. കത്താവേ! കത്താവിന്റെ ഇഷ്ടനായ അബ്രഹാമിനോടുള്ള കത്താവിന്റെ ഉടമ്പടിയും കത്താവിന്റെ പ്രിയനായ യാക്കോബിന്റെ കുടുംബത്തോടുള്ള വാഗ്ദാനവും ഓത്തിട്ട് കത്താവിൽ ആശ്രയിക്കുന്ന ഈ കത്താവിന്റെ മക്കളിൽ കത്താവിന് പ്രസാദം തോന്നണമേ. അനുഗ്രഹവും ആനന്ദവും കൊണ്ട് ഇവരെ നിറയ്ക്കണമെ. ശ്രേഷ്ഠവും പരിപൂണ്ണവുമായ തിരുഹിതം ഇവർ അനുഷ്ഠിക്കുവാൻ ഇപ്പോഴുള്ളവയെ ഇരട്ടിച്ചാക്കി വദ്ധിപ്പിച്ചുകൊടുക്കണമെ. കത്താവേ! ആത്മശരീരങ്ങളുടെ സ്വാസ്ഥതയാൽ ഇവരെ ധന്യരാക്കുകയും ഇവരുടെ ജീവിതാഭിവൃദ്ധിക്ക് ആവശ്യമായവ ലോപം കൂടാതെ നൽകുകയും ചെയ്യണമെ. ഇവരുടെ ജീവിതത്തെ ദീഘായുള്ളതായി വദ്ധിപ്പിക്കുകയും, കത്താവിന്റെ വലത്തുഭാഗത്തുള്ള ആനന്ദങ്ങൾ അനുഭവിപ്പാൻ യോഗ്യരാക്കുകയും ചെയ്യണമെ. സ്നേഹത്തിന്റേയും സമാധാനത്തിന്റെയും ബന്ധവും മനസ്സിന്റെ യോജിപ്പോടുകൂടിയ ഐക്യവും പരസ്പരമുള്ള ആത്മയോജിപ്പും, ആശ്വാസവും, ഐശ്യര്യമുള്ള കാലങ്ങളും ദുഃഖകരമായ സകലത്തിൽ നിന്നുള്ള വിടുതലും ഇവക്ക് നൽകണമെ. ഇവരുടെ രക്ഷയും കാവലും ലക്ഷ്യമാക്കിയിട്ടുള്ള ഞങ്ങളുടെ അപേക്ഷയും പ്രാത്ഥനയും കൈക്കൊള്ളണമെ. ഇവരുടെ വാത്സല്ല്യ കുഞ്ഞുങ്ങളെ വാഴ്ത്തുകയും വളത്തുകയും ഉയത്തുകയും ചെയ്യണമെ. ഇവരുടെ സ്വന്തപ്പെട്ടവരേയും ബന്ധപ്പെട്ടവരേയും ക്ഷേമാശൈര്യങ്ങളാൽ ധന്യരാക്കണ

മെ. കർത്താവിന്റെ അനുഗ്രഹസമ്പൂർണ്ണമായ വലത്തുകൈയ് രാവും പകലും ഇവരുടെ മേൽ ഇരിക്കുകയും, ശരീരത്തിലും ആത്മാവിലും സൗഖ്യത്തോടെ കാത്തുകൊള്ളുകയും, ജീവിത വിശുദ്ധിയിൽ നിലനിർത്തുകയും ചെയ്യണമെ. കുറ്റമില്ലാത്ത ജീവിതത്താലും സുകൃതജീവിതത്താലും ഇവർ കർത്താവിന്റെ മക്കളായി കാണപ്പെടുമാറാകണമെ. ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെ പരസ്പരം സഹായിക്കുന്നതിനും ഭാരങ്ങൾ വഹിക്കുന്നതിനും അന്യോന്യം സ്നേഹിക്കുന്നതിനും, ബഹുമാനിക്കുന്നതിനും ഇവർക്ക് ഇടയാകണമെ. മറ്റു കുടുംബങ്ങൾക്ക് നല്ല മാതൃകകാണിച്ചുകൊടുപ്പാൻ ഇവർ പ്രാപ്തരായിത്തീരണമെ. കർത്താവേ! സ്വർഗ്ഗീയ സമാധാനവും ധൈര്യവും പ്രത്യാശയും ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും ഞങ്ങൾക്കെല്ലാവർക്കും തരണമെ. വിശ്വാസികളായ പരേതരുടെ ആത്മാക്കളെ കർത്താവിന്റെ മഹത്വപ്രകാരത്തിൽ വിശ്രമിപ്പിക്കണമെ. ഞങ്ങളും അവരും കർത്താവിനും പിതാവിനും പ. റൂഹായ്ക്കും ........ ഹോശോ.........

## ഗാനം

വാഴ്വേറ്റബ്രഹാം-താതൻതൻ ഭവനം മൂന്നാമതൊരാൾ
സാക്ഷാൽ മണവാളൻ മ്ശിഹാ
സഖായ്-ഭവനത്തെ വാഴ്ത്തി
സ്വാരാധകരേറിയവീട്ടിൽത്രിത്വം വാണീടണമെന്നാൾ
തലമുറയാ-ലിതു വാഴ്ത്തപ്പെടണം

2

ഏവൻഗേലിയോനിൽ-മോറാൻ ശിഷ്യരൊടായ്
ചൊല്ലികേട്ടേൻ ഞാൻ
കൈക്കൊൾവൂ-നിങ്ങളെ....വീടേ-
താവീടെന്നെ കൈക്കൊൾവൂ
അബ്രഹാമിൻ ഭവനം പോൽ
ഞങ്ങളണഞ്ഞൊരു ഭവനത്തെ
രക്ഷകനെ വാഴ്ത്തുക തൃക്കൈയാൽ-ഞാൻ
ശുബഹോ............
ശൂനാരണത്തിൻ-നേടി സംതൃപ്തി-ജനമഞ്ചപ്പത്താൽ
ശ്രേഷ്ഠാചാരന്മാരാന്നോ-

രീഗേഹത്തെയുമിതിനു-ള്ളിൽ
പാപ്പോരേയും-രക്ഷകനേതൃക്കൈകളാൽ
വാഴ്ത്തണമെന്നാൾ
തലമുറയാലിതുവാഴ്ത്തപ്പെടണം.
മെനഗാലം.........
ഏലിയാവി-ന്നാശീർവാദത്താൽ-വിധവാഗേഹത്തിൽ
കുംഭത്തിൽ ധാന്യപ്പൊടിയും
കൊമ്പിൻ തൈലവുമറ്റില്ല.
ആവരമാന്നീടാമെന്നിൽ നേരത്തൊരു ഗേഹത്താൽ
തലമുറയാലിതു വാഴ്ത്തപ്പെടണം
മൊറായോ.................

## എത്രോ

"നിങ്ങൾ ചെല്ലുമ്പോൾ നിങ്ങളെ സ്വീകരിക്കുന്ന ഏതു ഭവനവും എന്നെയാകുന്നു സ്വീകരിക്കുന്നത്" എന്ന് പ. ശിഷ്യന്മാരോട് അരുളിചെയ്തവനായ മ്ശിഹാതമ്പുരാനേ! കത്താവിന്റെ ആരാധകരുടെ ഈ ഭവനത്തെ അനുഗ്രഹിക്കുകയും കത്താവിന്റെ പരിശുദ്ധ നാമം മൂലം കത്താവിന്റെ മക്കളെ സന്തോഷിപ്പിക്കുകയും ചെയ്യണമെ. ആനന്ദവും ആശ്വാസവും നിറഞ്ഞ പ്രസന്ന മുഖങ്ങളോടുകൂടെ ഇവർ എന്നും കത്താവിനെ ആരാധിച്ച് സ്തോത്രം പാടുമാറാകണമെ. കത്താവേ! ഈ ഭവനത്തെ സകല വിധ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിച്ചുകൊള്ളണമെ. പ്രിയ മക്കളും ലജ്ജിക്കാത്ത സാക്ഷികളുമായി അന്ത്യം വെരെയും ഞങ്ങളെ എല്ലാവരേയും കാത്തുകൊള്ളേണമെ. കത്താവ് ഞങ്ങൾക്ക് നൽകിയിട്ടുള്ളതും നൽകുന്നതുമായ എല്ലാ കൃപാസഹായങ്ങൾക്കു വേണ്ടി ഞങ്ങൾ അനവരതം സ്തുതിയും സ്തോത്രവും സമപ്പിക്കുന്നു. ഹോശോ......

## മാർ അപ്രേമിന്റെ ബോവൂസോ

ആദ്രത തോന്നണമെ നാഥാ!
ഈശക്കമ്മം കൈക്കൊള്ളണമെ
മോചനവും കൃപയും വാഴ്‌വും
നിന്നറയീന്നേകീടണമെ
പാപികളഭ്യത്ഥിക്കുമ്പോൾ
നീക്കരുതേ വദനം നാഥാ

യാക്കോബിന്നൊപ്പം വാഴ്‌വി-
ന്നീ ഗൃഹനാഥൻ നേടട്ടെ
മിസ്രേമിൽ യൗസേപ്പൊടൊപ്പം
മാനമിവന്നേറീടട്ടെ
ഐശായൻ ദാവീദൊപ്പം
ശ്രേയസ്സിൽ വാഴ്‌വേറട്ടെ
മീശാനാഥനൊടു ദാവീദിൻ
സാക്ഷാൽ സ്നേഹം പൂകട്ടെ
ഐശ്യംപോൽ ശ്രേഷ്ഠതയും
ഈഗഹമിതിന്നേറ്റീടട്ടെ
മോദത്തൊടൊത്തീവീട്ടിൽ
മംഗളവും വർദ്ധിക്കട്ടെ
പുണ്യത്തിൻ പ്രിയമുള്ളോരായ്
നന്മകൾ വാഴട്ടെന്നും.
നാഥ റിബേക്കായെന്നോണം
ഹന്നാ പോൽ വാഴ്‌വേറ്റോളായ്
പുത്രീപുത്രന്മാർക്കെല്ലാം
നൻമാതാവായ്ത്തിരട്ടെ
വാഴ്‌വും മോചനവും കൃപയും
പാരിതിലും സ്വർലോകത്തും
രണ്ടുലകങ്ങളിലും കർത്താ-
വേകീടട്ടെന്നെന്നേക്കും
പ്രാർത്ഥനകേട്ടീടുന്നോനേ
യാചനയേകീടുന്നോനേ!
പ്രാർത്ഥനകേട്ടുനിരന്നൻപാൽ
യാചനയെ നൽകീടണമെ.

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ

പാരിൽ മുളച്ചു പരക്കുന്ന
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ
Paul the blessed-
Saint, the Lord's Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

വായനക്കാർ: **(മദ്ബഹയുടെ നടയിൽ തെക്കുഭാഗത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് പൌലോസ്ശ്ലീഹായുടെ ലേഖനം വായിക്കുന്നു)**
**[The reader while stands at the steps of the south side reading the H. Bible, as face to the westen side (to audiance)]**

വായനക്കാർ: പൗലോസ്ശ്ലീഹാ ഫിലിപ്പ്യക്ക് എഴുതിയ ലേഖന
ത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ
തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

ഫിലിപ്പ്യ: 4: 1-9
അതുകൊണ്ട് എന്റെ പ്രിയരും അനുഗ്രഹീതരുമായ പ്രിയ സഹോദരങ്ങളെ! എന്റെ സന്തോഷവും കിരീടവുമായുള്ളോരേ! ഇങ്ങനെ കർത്താവിൽ നിലനിൽപ്പിൻ. പ്രിയമുള്ളവരെ! കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സന്തോഷം നിലനിൽക്കട്ടെ. ഒന്നിനെക്കുറിച്ചും ആകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോടെ അറിയിക്കുകയത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധികളേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും

നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും. ഒടുവിൽ സഹോദരങ്ങളെ നിത്യമായത് ഒക്കെയും ഘനമായതൊക്കെയും രമ്യമായതൊക്കെയും, നീതിയായത് ഒക്കെയും, സൽക്കീർത്തികളായതൊക്കെയും, സൽഗുണമോ പുകഴ്ചയോ അതൊക്കെയും ചിന്തിച്ചുക്കൊൾവിൻ. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്ത ഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം. യേശുക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ജ്യോതിസുകളെപ്പോലെ പ്രകാശിക്ക. എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളത് പ്രവർത്തിപ്പിൻ എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ജീവിക്കും.
ആഹായ് ബാറെക്മോർ

Phililippians 4: 1-9
Therefore, my beloved and longed-for brethren, my joy and crown, so stand fast in the Lord, beloved. I implore Euodia and I implore Syntyche to be of the same mind in the Lord. And I urge you also, true companion, help these women who labored with me in the gospel. With Clement also, and the rest of my fellow workers, whose names are in the Book of Life. Rejoice in the Lord always. Again I will say, rejoice! Let your gentleness be known to all men. The Lord is at hand. Be anxious for nothing, but in everything by prayer and supplication, with thanksgiving, let your requests be made known to God; and the peace of God, which surpasses all understanding, will guard your hearts and minds through Christ Jesus. Finally, brethren, whatever things are true, whatever things are noble, whatever things are just, whatever things are pure, whatever things are lovely, whatever things are of good report, if there is any virtue and if

there is anything praiseworthy-meditate on these things. The things which you learned and received and heard and saw in me, these do, and the God of peace will be with you.
Ahai Barekhmore

### പെത്ഗോമോ

ഹാലേലുയ്യ-ഹാലേലുയ്യ നാഥാ! നിൻ വെളിവും വിശ്വാസമതും നൽകീടേണം

സാന്ത്വനമരുളിപ്പാവനഗിരിശിബിരങ്ങളിലേക്കു-
നയിച്ചീടണമെന്നെ--ഹാലേലുയ്യ

### Gospel Reading (ഏവൻഗേലിയോൻ)

St. Luke 19: 1-10 വി. ലൂക്കോ: 19: 1-10

**( Light both candles and incense to put in the censor)**

Deacon/A.S.P.: Barekmor,With calmness and reverence and with Sober minds, let us give heed and listen to the Gospel of the living words of God, in the holy Evangelion of our Lord Jesus Christ, that is read to us.

ബാറെക്മോർ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ വി. ഏവൻഗേലിയോനിലെ, ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

Celebrant: Peace be to you all (+)
**പുരോഹിതൻ:** നിങ്ങൾക്കെല്ലാവർക്കും സമാധാനംഉണ്ടായിരിക്കട്ടെ.

Response: May the Lord make us worthy, with Thy spirit.
**പ്രതിവാക്യം:** അവിടുത്തെ ആത്മാവിനോടു കൂടെ ദൈവമായ കർത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീർക്കുമാറാകട്ടെ.

Celebrant: The Holy Evangelion of our Lord Jesus Christ, the life giving message from the evangelist St. Luke, the messenger that announces life and salvation to the world.
**പുരോഹിതൻ:** ജീവൻ നൽകുന്ന സുവിശേഷമായ നമ്മുടെ കത്താവേശു മിശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ ലോകത്തിനു ജീവനും രക്ഷയും പ്രഘോഷിക്കുന്ന പ്രസംഗകനായ വി. ലൂക്കോസ് ഏവൻഗേലിസ്ഥായിൽ നിന്ന്.

Response: Blessed is He, who has come and is to come in the name of the Lord; praise be Him who sent Him for our salvation, and his mercy be upon us for ever.
**പ്രതിവാക്യം:** വന്നവനുംവരുവാനിരിക്കുന്നവനുംവാഴ്ത്തപ്പെട്ടവനാകുന്നു. നമ്മുടെ രക്ഷയ്ക്കായി തന്നെ അയച്ചവനു സ്തുതികളും നാം എല്ലാവരുടെ മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

Celebrant: At the time of dispensation of our Lord, our God and Saviour Jesus Christ (+), the living word, who became incarnate (+) of the holy virgin Mary, these did happen, in this manner.
**പുരോഹിതൻ:** പരിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീന്ന ദൈവവും (+), ജീവന്റെ വചനവും നമ്മുടെ രക്ഷകനുമായ കത്താവേശുമിശിഹായുടെ (+) വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

Response: We believe and confess.
**പ്രതിവാക്യം:** അങ്ങിനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു

Celebrant: (St. Luke: 19: 1-10)
And Jesus entered and passed through Jericho. There was a man named Zacchaeus. He was a rich man, and the

chief of the publicans. He desired to see who Jesus was; but could not due to the crowd, as Zacchaeus was short in his stature. He ran ahead of Jesus and climbed up in to a sycamore tree to see him, for he was thus to pass that way. And when Jesus came to that place, He saw him and said to him: "Zacchaeus, make haste and come down; for it is fitting that I shall be in your house today." He made haste and came down and received Him rejoicing. When they all saw it, they murmured, saying: He had gone in and stayed with a sinner. "Zacchaeus then stood up and said to Jesus: Behold my Lord, half of my earnings I give to the poor; and to everyone whom I have cheated, I restore four fold." Jesus said to him: "This day is salvation come to this house. Since this man too is the son of Abraham; for the Son of man has come to seek and save that which was lost.
**(+)** Peace and concord be to you all.

**പുരോഹിതൻ:** (വി. ലൂക്കോസ് 19: 1-10)
യേശു യെറീഹൂവിൽ കൂടി കടന്നു പോകുമ്പോൾ ധനവാനും ചുങ്കക്കാരുടെ പ്രമാണിയുമായ "സഖായി" എന്നു പേരുള്ള ഒരുവൻ യേശു ഏതാണെന്നു കാണുവാനാഗ്രഹിച്ചു. പുരുഷാരം നിമിത്തം അതു കഴിഞ്ഞില്ല.എന്തെന്നാൽ സഖായി പൊക്കം കുറഞ്ഞവനായിരുന്നു. അവൻ യേശുവിനെ കാണുവാനായിട്ട് ഓടി മുമ്പിൽ കടന്ന് കാട്ടതീത്ത വൃക്ഷത്തിൽ കയറി. അതിലെ യായിരുന്നു യേശുവിന് പോകേണ്ടിയിരുന്നത്. ആ സ്ഥലത്തെ ത്തിയപ്പോൾ യേശു അവനെ കണ്ടിട്ടു അവനോടു് "സഖായി! നീ വേഗം ഇറങ്ങി വരിക. ഇന്നെനിക്കു നിന്റെ വീട്ടിൽ താമസിക്കേ ണ്ടിയിരിക്കുന്നു" എന്നു പറഞ്ഞു അവൻ വേഗം ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ യേശുവിനെ സ്വീകരിച്ചു. എല്ലാവരും അതു ക ണ്ട് നീരസപ്പെട്ടു് "ഇവൻ പാപിയായ മനുഷ്യന്റെ അടുക്കൽ ചെന്ന് താമസിച്ചുവല്ലോ" എന്നു പറഞ്ഞു. സഖായി നിന്നുകൊ

ണ്ട് യേശുവിനോട്ടു "കത്താവേ! ഇതാ എൻെറ വസ്തുക്കളിൽ പകുതി ഞാൻ ദരിദ്രക്കു കൊടുക്കുന്നു. ഏതൊരുവനിൽ നിന്നെങ്കിലും ഞാൻ അപഹരിച്ചിട്ടുണ്ടെങ്കിൽ ഒന്നിന നാലു വീതം തിരിച്ചു കൊടുക്കുകയും ചെയ്യുന്നു" എന്നു പറഞ്ഞു. യേശു പറഞ്ഞു "ഇവനും അബ്രഹാമിന്റെ പുത്രനാകകൊണ്ട് ഇന്നു ഈ ഭവനത്തിനു രക്ഷയുണ്ടായി. എന്തെന്നാൽ കാണാതെ പോയിട്ടുള്ളതിനെ അന്വേഷിപ്പാനും രക്ഷിക്കുവാനുമായിട്ടാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്."

എന്നു താൻ കല്പിച്ചരുളിച്ചെയ്തു. ഉമൈനോ...........

## ലുത്തിനിയാ

നാമെല്ലാവരും യോഗ്യമായി നിന്നുകൊണ്ട് ദൈവത്തിന് പ്രീതികരമായ് ഏക ശബ്ദത്തിൽ "കുറിയേലായിസ്സോൻ" എന്ന് ഉത്തരമായി ചൊല്ലണം.

നോഹിനേയും മക്കളേയും സവ്വജീവജന്തുക്കളെയും ജലപ്രളയത്തിൽ നിന്നും കാരുണ്യവാനായ ദൈവം പെട്ടകത്തിൽ സംരക്ഷിച്ചതുപോലെ ഈ ഭവനനിവാസികളും കാത്തുകൊള്ളപ്പെടേണ്ടതിനായി കത്താവിനോട് നാം പ്രാത്ഥിക്കണം.

കുറിയേലായിസ്സോൻ

അബ്രഹാമിനേയും കുടുംബത്തേയും അവന്റെ എല്ലാ ആശ്രിതരേയും അപകടങ്ങളിൽ നിന്നും അനത്ഥങ്ങളിൽ നിന്നും സംരക്ഷിച്ച് അവന്റെ സവ്വസമ്പത്തുകളേയും വദ്ധിപ്പിച്ചുകൊള്ളുന്നവനായ സവ്വശക്തനായ ദൈവം ഈ കത്താവിന്റെ മക്കളേയും അപ്രകാരം പ്രീതിയോടെ കാത്തുകൊള്ളേണ്ടതിനായി കത്താവിനോടു് നാം പ്രാത്ഥിക്കണം.

കുറിയേലായിസ്സോൻ

സോദോമിലെ നാശത്തിൽ നിന്നും ലോത്തിനേയും കുടുംബത്തേയും രക്ഷിച്ചതുപോലെ ലാബോന്റെ ഭവനത്തിൽ യാക്കോബിനെ പാപ്പിക്കുകയും അവന്റെ സമ്പാദ്യങ്ങൾ വദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്തതുപോലെ ഈ തന്റെ മക്കളും സന്തുഷ്ടരായി തീരേണ്ടതിനായി കത്താവിനോട് നാം അപേക്ഷിക്കണം.

കുറിയേലായിസ്സോൻ

അത്ഭുതകരമായി മിസ്രേമിൽ എത്തിയ യൗസേഫിനെ സൗഭാഗ്യ സമ്പൂർണ്ണമായ ജീവിതാനുഭവങ്ങളിലേക്ക് ഉയർത്തിയവനായ ദൈവം ശാന്തിയും സമാധാനവും സംതൃപ്തിയും കൊണ്ട് ഈ തന്റെ മക്കളുടെ ഹൃദയങ്ങളേയും നിറയ്ക്കേണ്ടതിനായി കർത്താവിനോട് നാം പ്രാർത്ഥിക്കണം.

കുറിയേലായിസ്സോൻ

എല്ലാ ദുഷ്ടതന്ത്രങ്ങളേയും ദൈവീകമായ രീതിയിൽ അതിജീവിച്ചവനായ പുണ്യവാനായ ഇയ്യോബിന് ആയുസ്സും ആരോഗ്യവും സമ്പൽസമൃദ്ധിയും നൽകിയവനായ ദൈവം എല്ലാവിധ വൈഷമ്യങ്ങളേയും തരണം ചെയ്ത് മുന്നേറുവാൻ ഇവർ ശക്തരായി തീരേണ്ടതിന് കർത്താവിനോട് നാം അപേക്ഷിക്കണം.

കുറിയേലായിസ്സോൻ

മോശയുടെ പ്രാർത്ഥനയെ കേട്ട് അവനേയും അവന്റെ ജനത്തേയും സമുദ്രത്തിൽ നിന്നും ദുഷ്ടന്റെ ആക്രമണത്തിൽ നിന്നും രക്ഷിച്ചവനായ മഹോന്നതനായ ദൈവമേ ഈ തന്റെ മക്കളുടെ പ്രാർത്ഥന കേട്ട് ഉത്തരമരുളുന്നതിനായി കർത്താവിനോട് നാം പ്രാർത്ഥിക്കണം.

കുറിയേലായിസേസ്സാൻ

അഹറോന്റേയും ഫിനഹാസിന്റേയും അർപ്പിത യാചനകളാൽ യിസ്രേയേൽ ജനതയോട് കരുണ ചെയ്തവനായ ദൈവം ക്ഷേമാശ്വര്യങ്ങളാലും സമ്പൽസമൃദ്ധിയാലും ഈ ഭവനനിവാസികളേയും ധന്യരാക്കേണ്ടതിന് നാം അപേക്ഷിച്ച് പ്രാർത്ഥിക്കണം.

കുറിയേലായിസ്സോൻ

ദൈവമാതാവിന്റേയും പരിശുദ്ധന്മാരുടെയും പ്രത്യേകാൽ മാർ ഗ്രീഗോറിയോസ് പിതാവിന്റേയും മദ്ധ്യസ്ഥതയാൽ കരുണയും കൃപയും ശാന്തിയും സന്തോഷവും നമുക്കെല്ലാവർക്കും നിരന്തരം ലഭ്യമാകേണ്ടതിനായി നാം പ്രാർത്ഥിക്കണം.

കുറിയേലായിസ്സോൻ

നാം എല്ലാവരും ഏക ശബ്ദത്തിൽ ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്ന് മൂന്നു പ്രാവശ്യം അട്ടഹസിച്ചു ചൊല്ലണം.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

## മാർ യാക്കോബിന്റെ ബോവൂസോ

കത്തൃകത്താവാം ലോകാധീസാ സ്തുതി പാടുന്ന
നിന്നളവില്ലാ കാരുണ്യത്തെ സ്തോത്രം ചെയ്വൂ
നിർലോപം ഞങ്ങൾക്കേകിയ നൽകൃപദാനങ്ങൾ
ഓത്തിട്ടെന്നും നാഥാ! നിൻ നാമത്തെ വാഴ്ത്തുന്ന
[ഇല്ലായ്മയിൽ നിന്നനുഗ്രഹത്താൽ പൂത്തീകരണം
ചെയ്തോരീ ഭവനം വാഴ്ത്തീടുക ദേവേശാ]
ഈ ഭവനത്തിൻ കോട്ടയുമഭയവുമായ് നീയെന്നും
വാസം ചെയ്യുക നല്ലോരജപാലകനാം ദേവാ
ഈ മന്ദിരമതിൻ ചുമരുകളെ നാഥാ! നീ നിന്റെ
സ്ലീബായാകും കോട്ടകളാലെ സംരംക്ഷിക്ക
സാത്താനും തൻകൂട്ടരുമൊന്നുമിതിൽ പൂകാതെ
കാക്കണമെ നീ മീഖായേലിന്റെ ദൗത്യം പോലെ
ഈ ഭവനമതിൽ കുറവുകളെ നീ നീക്കുക നാഥാ!
അഞ്ചപ്പത്താൽ ജനനിവഹത്തെ പോറ്റിയപോലെ
സത്യത്തിൻ സരണിയിലെന്നുമിവർ ധൈര്യത്തോടെ
വത്തിപ്പാനായ് വേണ്ടവിധം വിജ്ഞാനം നൽക.
മാതാവേ! പരിശുദ്ധന്മാരെ! മൃതിപൂണ്ടോരെ!
ഞങ്ങൾക്കായ് സവ്വേശനൊടെന്നും അത്ഥിക്കണമെ.

## വാതിൽക്കൽ നിന്നുകൊണ്ടു പ്രാത്ഥന

സകലത്തിന്റേയും സൃഷ്ടാവും പരിപാലകനും പരിപോഷിപ്പിക്കു ന്നവനുമായ ദൈവം തമ്പുരാനേ! സകലത്തേയും ശുദ്ധീകരിച്ച് സ്ഥിരപ്പെടുത്തുന്നവൻ കത്താവു മാത്രമാകുന്നുവല്ലോ. ഞങ്ങളുടെ പ്രാത്ഥനകളും അപേക്ഷകളും കൈക്കൊണ്ട് ഈ ഭവനത്തെ കത്താവിന്റെ അദൃശ്യമായ തൃക്കൈനീട്ടി വാഴ്ത്തി അനുഗ്രഹിച്ച് ശുദ്ധീകരിക്കണമെ. എല്ലാവിധ വിപരിത ശക്തികളും നീങ്ങി കത്താവിന്റെ ജയമുള്ള സ്ലീബായുടെ ശക്തിയാൽ ഈ ഭവനം കാക്കപ്പെടുമാറാകണമെ. കത്താവിന്റെ എഴുന്നള്ളത്താൽ അനുഗ്രഹീതമായിത്തീന്ന സഖായിയുടേയും, ശെമവൂന്റെയും ലാസറിന്റെയും ഭവനങ്ങൾ പോലെ ഈ ഭവനവും വിശുദ്ധിയും അനന്ദവും ആശ്വാസവും കൊണ്ടു നിറയുകയും, ഉൽകൃഷ്ടഭംഗികളാൽ പ്രശോഭിതമായിത്തീരുകയും ചെയ്യണമെ. കാരുണ്യവാനായ കത്താവേ! പരിശുദ്ധ മാതാവിന്റെയും പരിശുദ്ധന്മാരുടെയും സാന്നിദ്ധ്യത്താ

ലും മദ്ധ്യസ്ഥതയാലും ഈ ഭവനവും ഭവനനിവാസികളും അനുഗ്ര ഹിക്കപ്പെടുമാറാകണമെ. പിതൃപുത്രപരിശുദ്ധാത്മാവായ ദൈവ ത്തിന്റെ അദൃശ്യമായ തൃക്കൈ അവസിപ്പിച്ച് ഈ ഭവനത്തേയും, ഇതിൽ വസിക്കുന്നവരേയും ഇതിലെ സകല ക്രമീകരണങ്ങളെ യും വാഴ്ത്തി അനുഗ്രഹിക്കണമെ. ഹോശോ.............

## വാതിൽപടികളിന്മേൽ മുദ്രയിടുമ്പോൾ

ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അട യാളത്തിൽ മുദ്രകുത്തപ്പെടുന്ന ഈ ഭവനം ഒന്നായിരിക്കു ന്ന പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെ യും നാമത്തിൽ എന്നേക്കും അനുഗ്രഹിക്കപ്പെട്ടു് വെടിപ്പു ള്ളതായിത്തീരട്ടെ. ബശ്മോ.............

മാതാവും ശുദ്ധന്മാരും അപ്പിക്കും മദ്ധ്യസ്ഥതയാൽ
വാഴ്വമ്പോടീവീട്ടിനും വീട്ടാക്കും നാഥാ! നൽക.

## വിശ്വാസപ്രമാണം

സവ്വ ശക്തിയുള്ള പിതാവും സ്വഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു

ദൈവത്തിന്റെ ഏകപുത്രനും സവ്വലോകങ്ങൾക്കും മുമ്പിൽ പിതാ വിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സ ത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനുംസൃഷ്ടിയല്ലാ ത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാ ൽ സകലവും നിമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കൂം വേണ്ടി (+) സ്വഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരിയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസി ന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരു മനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വഗ്ഗത്തിലേക്കു കരേറി തന്റെ പിതാ

വിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടുസ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരംസംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനുമായി ഞങ്ങൾനോക്കിപ്പാർക്കുന്നു. ആമ്മീൻ
ബാറെക്മോർ, സ്ത്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

We believe in one true God,
The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin Mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to His

will, and ascended into heaven, and sat on the right hand of His Father, and shall come again in His great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Church; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.
Barekmore, Stoumen kalos Kurielaison.

## കുക്കിലിയോൻ

### സമാപനം - ബോവൂസോ - മാർ അപ്രേം

ദൈവസുതാ നിൻ തൃക്കൈകളിൽ
ഈ ഭവനം ആപ്പിക്കുന്നു.
നിൻ പരിശുദ്ധാവാസത്താൽ
വാഴ്ത്തണമെ മന്ദിരമിതിനെ
ഞങ്ങൾ നിൻനാമം ചൊല്ലീ
റൂശ്മാ ചെയ്യോരീ നീരാൽ
നിൻസ്ലീബായടയാളം ചെയ്യോ-
രീ വാതിലുകൾ ധന്യംതാൻ.
ഏദൻ തോട്ടത്തിൽ സാത്താൻ
ലജ്ജിതനായതുപോലെന്നും
ഈ ഭവനമിതിനെച്ചൂഴും
പൈശാചികൾ ലജ്ജിക്കട്ടെ.
നിൻനൽവരമതിനാലെന്നും

ശോഭിതമാന്നൊരു മന്ദിരമായ്
സത്യത്തിൻ മാഗ്ഗമതിൽതാൻ
സ്നേഹത്തിൻ ദീപവുമാകട്ടെ
ഈ സലിലം ഏൽക്കുന്നോരോ
വാതിലുകൾ അങ്ങേയ്ക്കായ് താൻ
തൻതലകൾ ഉയത്ത്പ്പെടുമെ
സ്വീകരണം നൽകുവതിനായ്.
മാതാവേ! ശുദ്ധന്മാരേ!
പ്രാത്ഥിച്ചീടുക ഞങ്ങൾക്കായ്

## ശുശ്രൂകരുടെ പ്രതിഷ്ഠാ ശുശ്രൂഷ

[മദ്ബഹായിലെ ശുശ്രൂഷക്കായ് സമപ്പിക്കപ്പെടുന്നവരെ കുപ്പായം വാഴ്ത്തിക്കൊടുത്ത് ധരിപ്പിച്ച് മദ്ബഹായുടെ നടയുടെ താഴെ നിത്ത്ണം. തുയാബായ്ക്കു ശേഷം പ്രധാനകാമ്മികൻ പടിഞ്ഞാറോട്ട് തിരിഞ്ഞു നിന്നുകൊണ്ട് ശുശ്രൂഷ നടത്തുന്നു]

### ഉപദേശം

കത്താവിൽ പ്രിയമകനേ! ഇപ്പോൾ നീ നിൽക്കുന്നത് സ്വഗ്ഗസിംഹാസനമാകുന്ന ജീവമേശയുടേയും വിശുദ്ധ ഏവൻഗേലിയോന്റെയും വന്ദ്യ സ്ലീബായുടെയും വിശുദ്ധ സഭയുടെയും മുമ്പാകെ ആകുന്നു എന്ന് നന്നായി ഓത്തുകൊൾക. ഹൃദയവിചാരങ്ങൾ അറിയുന്നവനായ ദൈവത്തിന്റെ മുമ്പാകെയാകുന്നു നിൽക്കുന്നത്.
മാലാഖമാക്ക് അടുത്ത ദൈവീകശുശ്രൂഷയ്ക്കായി നീ ആഗ്രഹിക്കുന്നു. നിന്റെ വാഞ്ച ഉൽകൃഷ്ടവും, ധന്യവുമാകുന്നു. ആയത് മണ്മയരായ മനുഷ്യക്ക് ദൈവംതമ്പുരാൻ നൽകിയിരിക്കുന്ന ഉന്നതമായ പദവിയും ഭാഗ്യവുമാകുന്നു.
ആകയാൽ അഗ്നിക്കടുത്ത ശുശ്രൂഷയെപ്പറ്റി നീ ജ്ഞാനമുള്ളവനായിരിക്കണം. അശ്രദ്ധയോടെ അഗ്നിയോട് അടുക്കുന്നവൻ ദഹിച്ചുപോകുമെന്നും സൂക്ഷ്മതയോടെ അതിനെ കൈകാര്യം ചെയ്യുന്നവൻ അതിൽകൂടി നന്മ അനുഭവിക്കുമെന്നും അറിയാമല്ലോ. ആകയാൽ നിന്നെ ഭരമേല്പിക്കുന്ന ദൈവീകശുശ്രൂഷ ശുഷ്ക്കാന്തിയോടെ നിവ്ഹിക്കണം.ഭയഭക്തിയോടെയും, ദൈവസാനിദ്ധ്യബോധത്തോടുകൂടിയും മദ്ബഹായിൽ പ്രവേശിക്കുകയും, പെരുമാറുകയും വേ

ണം. മടിയൊ, ഉദാസീനതയോ ഉണ്ടാകരുത്. അഹങ്കരിച്ച് ദൈവീകശുശ്രൂഷ അലക്ഷ്യതയോടെ ചെയ്യുന്നതാകയാൽ നീ ശിക്ഷാഹീനനായിത്തീരുമെന്ന് അറിഞ്ഞുകൊൾക. നിങ്ങളുടെ അലസതയോടുകൂടിയ പെരുമാറ്റം ദൈവീകചിന്തയിൽ നിന്നും ആരാധകരെ അകറ്റികളവാൻ ഇടയാകും. ആകയാൽ സൂക്ഷ്മതയുള്ളവനും, ശുഷ്ക്കാന്തിയുള്ളവനും, ജാഗ്രതയുള്ളവനും ആയിരിക്ക. കൎത്താവേശുമ്ശിഹായുടെ സന്നിധിയിൽ നല്ല മുഖപ്രസാദമുള്ളവനായിരിപ്പാൻ ഉത്സാഹിച്ചുകൊൾക. ദൈവത്തിന് കൊള്ളാവുന്നവനും, മനുഷ്യരിൽ നിന്നും നല്ല സാക്ഷ്യം നേടുവാനും ഈ ശുശ്രൂഷയ്ക്ക് യോഗ്യനുമായത്തീരുവാനും സൎവ്വശക്തനായ ദൈവം സഹായിക്കട്ടെ. പരിശുദ്ധറൂഹാ നിന്നെ പൂൎണ്ണനാക്കുകയും, ദുഷ്ടാത്മാക്കളിൽ നിന്നും നിന്നെ സംരക്ഷിക്കുകയും ചെയ്യട്ടെ. നമുക്കെല്ലാവൎക്കും പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി കരേറ്റാം.

84-ാം സങ്കീൎത്തനം വായിപ്പിക്കുന്നതു കൊള്ളാം.

## പ്രാരംഭ പ്രാൎത്ഥന

ഞങ്ങളുടെ കൎത്താവായ യേശുമ്ശിഹായുടെ മ്ഹിമാസനത്തിനു മുമ്പാകെ വണങ്ങി, കൎത്താവിന്റെ ദൈവികദാനങ്ങൾക്കായി പ്രതീക്ഷിച്ചു നിൽക്കുന്ന ഈ ദാസനെ വെടിപ്പും വിശുദ്ധിയുമുള്ള കൎത്താവിന്റെ ആലയത്തിലെ ശുശ്രൂഷക്കു വേണ്ടി സ്വീകരിച്ച് ചേൎക്കുവാൻ കൎത്താവിന്റെ അനാദ്യന്തകൃപമൂലം ഞങ്ങളെ പ്രാപ്തരാക്കണമെ. കൎത്താവിന്റെ വിശുദ്ധ ആലയത്തിൽ നല്ലതും സ്വീകാര്യവും കൎത്താവിന്റെ ഇഷ്ടത്തിന് പ്രീതികരവുമായ ശുശ്രൂഷ ചെയ്യുന്ന നിൎമ്മല കുഞ്ഞാടായിത്തീരുവാൻ ഇവനു യോഗ്യത നൽകണമെ. ഇവൻ കൎത്താവിന്റെ ദൈവീകശക്തിയാൽ ബലപ്പെട്ട് കൎത്താവിൽ നിന്നും ജ്ഞാനം പ്രാപിച്ച് മാലാഖമാരുടെ ഗണങ്ങളോടൊന്നിച്ച് കൎത്താവിനെ ശുശ്രൂഷിക്കുമാറാകണമെ. ഹോശോ....

## കുക്കിലിയോൻ

എങ്ങനെ നിൎമ്മലമാക്കും ബാലകർ തൻ മാൎഗ്ഗം ഹാലേലുയ്യ-ഹാലേ
നിൻ കല്പന കാക്കുന്നതിലല്ലോ.
ആരാഞ്ഞേൻ മുഴുമനമൊടുനിന്നെ ഹാലേലുയ്യ-ഹാലേലുയ്യ

ചട്ടത്തിൽ മറവിയതെന്നിൽ ചേരരുതെ.
നിക്ഷേപിച്ചേൻ തിരുവചനം മമഹൃദയേ ഹാലേലുയ്യ-ഹാലേലുയ്യ
വന്ദ്യൻ നീ കർത്താവുപദേശിക്കണമെ നിൻ ചട്ടം
സ്നേഹിച്ചേനഖിലധനത്തേക്കാളും നിൻ മാർഗ്ഗം ഹാലേലുയ്യ-ഹാലേ
നിൻ കല്പന ധ്യാനിച്ചറിവേൻ നിൻ പാതയതും ബാറെക്മോർ

## ഗാനം

(സെഹിയോൻ കോട്ട.. ... രീതി)

ഉലകിന്നുടയോൻ ത്രിത്വം പോൽ
നിർമ്മലബാലകരെ വാഴ്ത്തീൻ
താതേശ്വരനെയുമതുപോലെ
നമ്മുടെ രക്ഷക്കാഗതനായി
ശീതളമാംപനിനീരതിനാൽ
തീച്ചൂളയിലെ ദഹനത്തെ
നീക്കിയ വചനേശ്വരനെവാഴ്ത്തീൻ
സർവ്വത്തിനുയിരേകീടും
പരിശുദ്ധതനൽകുന്നോനാം
റൂഹാതൻ തിരുനാമത്തെ
ജാതികളെല്ലാമനവരതം
വാഴ്ത്തി സ്തോത്രം ചെയ്യട്ടെ.

## ഗാനം

ഹത്തീസക്തലിറോ.

അഖിലത്തിനുപരിസ്ഥിതനാം
ഗൂഢസ്ഥൻ സകലേശ്വരനേ!
വിണ്ണിൻസേവകരനവരതം
ചേലൊടു ശുശ്രൂഷിക്കുന്നു
അവനെ സതതി ചെയ്യോർ ബാലർ
ജാതികളവനെ വാഴ്ത്തട്ടെ
അഖിലരുമവനുടെ തിരുനാമം
സതതം വാഴ്ത്തി പാടട്ടെ.

സ്തൗമെൻ കാലോസ് .. കുറിയേലായിസ്സോൻ

## പ്രുമിയോൻ

ഒന്നും ഇല്ലായ്മയിൽ നിന്നും മനുഷ്യകുലത്തെ ഉണ്മയിലേക്ക് കൊണ്ടുവരികയും, ഭൂമിയെ നിമ്മിച്ച് അലങ്കരിക്കുകയും വീണുപോയ ശേഷം മനുഷ്യജാതിയെ രക്ഷിച്ച് ഉയത്തുകയും, തന്റെ ദൈവീക നൽവരങ്ങളുടെ ഉൽകൃഷ്ടസ്ഥാനത്തേക്ക് വന്നെത്തുന്നതിന് യോഗ്യത നൽകുകയും ചെയ്ത കാരുണ്യവാനും, കൃപാലുവുമായ ദൈവമേ! സ്തുതി. മണ്ണുകൊണ്ടു നിമ്മിക്കപ്പെടുകയും കത്താവിന്റെ ശുശ്രൂഷക്ക് നിമ്മലതയോടെ അടുത്തുവരുന്നതിന് കത്താവിനാൽ യോഗ്യത പ്രാപിക്കുകയും ചെയ്ത മനുഷ്യർ മൂലം ഭൂമി കത്താവിനെ ആരാധിക്കുന്നു. കത്താവിൽ ആശ്രയിച്ച് കത്താവിന്റെ മഹിമയുടെ സന്നിധിയിൽ നിന്നുകൊണ്ടു് ബലഹീനരായ ഞങ്ങൾ കത്താവിനോടപേക്ഷിക്കുന്നു. ഞങ്ങളുടെ പ്രാത്ഥന കൈക്കൊള്ളണമെ. കത്താവിന് ഈ നേരത്തും സകലപെരുന്നാളുകളിലും ഞങ്ങൾ സ്തുതിയും സ്തോത്രവും ആരാധനയും കരേറ്റുമാറാകണമെ.
ബ്കുൽഹൂൻ...
വലിയവനും ദാനസമൃദ്ധനുമായ ദൈവമേ! പരിശുദ്ധ സഭയെ കത്താവു സ്ഥാപിച്ചു ക്രമീകരിച്ചു. ശുശ്രൂഷാസ്ഥാനികളേയും കത്താവു നിയോഗിച്ചാക്കി. കത്താവിന്റെ ദാസക്ക് ദൈവികദാനങ്ങളേയും കത്താവു നൽകി. ഇപ്പോൾ ദൈവമായ കത്താവേ! ഈ ദാസനെ കത്താവു ശുദ്ധീകരിച്ച് നിമ്മലമായ ശുശ്രൂഷ കത്താവിന്റെ ആലയത്തിൽ നിവ്വഹിക്കാനുള്ള കൃപാദാനം ഇവനു കൊടുക്കണമെ. ജ്ഞാനത്തോടും വിവേകത്തോടും ദൈവവചനങ്ങളെ വായിച്ചുധ്യാനിപ്പാൻഇവൻബുദ്ധിയും പ്രാപ്തിയും കൊടുക്കണമെ. കത്താവിന്റെ കല്പനകളിൽ നിന്നുള്ള അറിവ് ഇവൻ പ്രാപിക്കണമെ. കത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട ഭാജനമായിത്തീരുവാൻ ഇവനെ യോഗ്യനാക്കണമെ. ഭയഭക്തിയോടെ ശുശ്രൂഷ ചെയ്വാൻ ഇവനെ ശക്തനാക്കണമെ. കത്താവേ! ലഘുവും ആനന്ദപ്രദവുമായ കത്താവിന്റെ നുകത്തെ സന്തോഷത്തോടുകൂടി വഹിക്കുന്നതിനായി കത്താവിന്റെ തിരുമുമ്പാകെ തലകുനിച്ചു വണങ്ങി കത്താവിന് അടിമപ്പെട്ടിരിക്കുന്ന ഇവനെ അനുഗ്രഹിക്കണമെ. കുറ്റമില്ലാത്ത സുകൃതജീവിതത്തിലും, കത്താവിനോടുള്ള സ്നേഹപൂണ്ണതയിലും ഇവൻ അലങ്കരിക്കപ്പെടുമാറാകണമെ. കത്താവിന്റെ നിബിയന്മാരുടെ പരിജ്ഞാനത്തിനും, ശ്ലീഹന്മാരുടെ വിശുദ്ധിക്കും, സഹദേന്മാരുടെ ധൈര്യത്തിനും ഇവനെ കൂട്ടവകാശിയാക്കിത്തീ

ക്കണമെ. ഇവയെല്ലാം കൊണ്ടും സമ്പാദിക്കുന്ന ശോഭയാൽ പൂണ്ണ സുകൃതമുള്ളവനായി കത്താവിന്റെ വിശുദ്ധന്മാക്ക് സദൃശ്യനായി ഭവിക്കുമാറാകണമെ. ആകൽക്കറുസായുടെ കണികളിൽ നിന്നും തെറ്റിയൊഴിഞ്ഞ് കത്താവിന്റെ മഹിമയുടെ പ്രകാശത്തിൽ കൂടി സഞ്ചരിച്ച് കത്താവിന് ശുശ്രൂഷ ചെയ്‌വാൻ ഇവനെ ഒരുക്കണമെ. ദുഷ്ടമനുഷ്യരുടെ വഞ്ചനയിൽ നിന്നും രക്ഷപെട്ട് വിശ്വാസികളായ കത്താവിന്റെ ജനത്തിൽ നിന്നും നല്ല സാക്ഷ്യം പ്രാപിച്ച് ജീവിപ്പാൻ ഇവന് ഇടയാക്കണമെ. കത്താവിന്റെ വിശുദ്ധ തിരുനാമത്തിന്റെ ശുശ്രൂഷകനായി എല്ലാ യാമങ്ങളിലും ഇവൻ വത്തിക്കുമാറാകണമെ. കത്താവിന്റെ കല്പനകളെ ആചരിപ്പാനും, കത്താവിന്റെ ന്യായപ്രമാണങ്ങളിൽ ജീവിപ്പാനും, കത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ പിന്നടികളിൽ നടപ്പാനും ഞങ്ങളെ എല്ലാവരേയും യോഗ്യരാക്കിത്തീക്കേണമെ. പാപങ്ങളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് നിമ്മല ശുശ്രൂഷകക്കുള്ള കിരീടം പ്രാപിച്ച് കത്താവിനും, പിതാവിനും, പ. റൂഹായ്ക്കും എന്നും ഞങ്ങൾ സ്തുതി പാടുമാറാകണമെ. ഹോശോ...

## തലയിൽ കൈവെച്ചുകൊണ്ടു്

സവ്വാധിപതിയും, സവ്വ ശക്തനുമായ ദൈവമായ കത്താവേ! എന്റെ ബലഹീനമായ കൈ തിരുനാമത്തിൽ ഈ ദാസന്റെ മേൽ ഞാൻ വെയ്ക്കുന്നു. കത്താവിന്റെ അദൃശമായ തൃക്കൈ ഇവന്റെ മേൽ ആവസിപ്പിക്കണമെ. ഇവൻ കത്താവിൽ നിന്നും ശക്തി പ്രാപിച്ച് വിളിക്കപ്പെട്ട വിളിക്ക് യോഗ്യനായിത്തീരണമെ. കത്താവിന്റെ വിശുദ്ധ സ്ഥലത്ത് പ്രവേശിപ്പാൻ ഇവന്റെ കാലുകളേയും, കത്താവിന്റെ പുസ്തകങ്ങളെ തൊടുവാൻ ഇവന്റെ കൈകളേയും, ജീവന്റെ വചനങ്ങളെ വായിപ്പാൻ ഇവന്റെ വായേയും, കത്താവിന്റെ പുകഴ്ചകളെ വണ്ണിക്കുവാൻ ഇവന്റെ നാവിനേയും, കത്താവിന്റെ വിസ്മയനീയ കാഴ്ചകളെ കാണ്മാൻ ഇവന്റെ കണ്ണുകളേയും, കത്താവിന്റെ ദൂതസമൂഹത്തിന്റെ സ്തോത്രശബ്ദങ്ങളെ കേൾപ്പാൻ ഇവന്റെ ചെവികളേയും ഒരുക്കണമെ. വിശുദ്ധിയോടും വിനയത്തോടും കത്താവിന്റെ ആലയത്തിൽ മടികൂടാതെ ശുശ്രൂഷ ചെയ്ത് കത്താവിനെ പ്രസാദിപ്പിച്ച് കത്താവിൽ നിന്നും നല്ല പ്രതിഫലം പ്രാപിക്കുമാറാകണമെ.

## മുദ്ര കുത്തുമ്പോൾ

**ദൈവത്തിന്റെ ആലയത്തിലെ മദ്ബഹായിൽ ശുശ്രൂഷ അനുഷ്ഠിക്കുവാൻ വേണ്ടി പിതാവിന്റേയും പുത്രന്റേയും പ. റൂഹായുടേയും നാമത്തിൽ ... ... ... മുദ്രകുത്തപ്പെടുന്നു. ബശ്മോദാബ്റോ... ...**

(യജമാനൻ വരുമന്നേരം എന്ന ഗാനം ചൊല്ലി കൈപിടിച്ച് മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസ് മുത്തിക്കുന്നു)

ഉണ്മയിലൊന്നാം ത്രിത്വത്തിൻ
സ്തുതി മഹിമാവുന്നതിയതിനും
തൻ തിരു സഭയുടെ ശാന്തിക്കും
നന്മയ്ക്കും സംഗതിയാക

## സഹദാമന്ദിരകൂദാശയും തിരുശേഷിപ്പ് നിക്ഷേപവും

[നോട്ട്: തിരുശേഷിപ്പ് നിക്ഷേപിക്കേണ്ടതുണ്ടെങ്കിൽ മേൽപട്ടക്കാരൻ അതു വഹിച്ചുകൊണ്ടും അതിനു മുമ്പിലായി വൈദീകഗണങ്ങളും ജനങ്ങളും മാനീസാകൾ ചൊല്ലികൊണ്ടും മെഴുകുതിരികൾ, ധൂപകുറ്റി, മറുവാസാകൾ എന്നിവകളോടുകൂടെ ക്രമമായി തിരുശേഷിപ്പു നിക്ഷേപിക്കേണ്ട സഹദാമന്ദിരത്തിലേക്കു പോയി അതിനുള്ള ക്രമം നടത്തുന്നു. നിക്ഷേപിക്കേണ്ട സ്ഥലത്തു ചെന്നശേഷം തിരുശേഷിപ്പു മേശപ്പുറത്തുവച്ചു കൊണ്ട്]

## കുക്കിലിയോൻ

നീതിജ്ഞൻ പനപോലെ തളിർത്തിടുമേ-ഹാലേലുയ്യ-ഹാലേലു

## എക്ബോ

ഒരുപോലിങ്ങും മാർ (ഇന്നാരെ)
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## പ്രൊമിയോൻ

തന്റെ ഭക്തന്മാരുടെ ആത്മാക്കളിൽ വസിക്കുന്ന ഏകപരിശുദ്ധ പിതാവിനും തന്റെ പരിശുദ്ധന്മാരുടെ അസ്ഥികളിൽ (തിരുശേഷിപ്പുകളിൽ) കുടികൊള്ളുന്ന വന്ദനീയനായ ഏക പുത്രനും തന്റെ പോരാട്ടക്കാർക്ക് മഹത്വകിരീടം മുടയുന്ന ജീവനുള്ള പരിശുദ്ധ ഏക റൂ

ഹായ്ക്കും സ്തുതി. തനിക്ക് ഈ നേരത്തും സകല പെരുനാളുകളിലും ... ... ... ബ്കുലഹൂൻ ആമ്മീൻ

## സെദറാ

നമ്മുടെ കർത്താവിന്റെ സ്നേഹിതന്മാരായ പരിശുദ്ധ നിബിയന്മാരും ശ്ലീഹന്മാരും സഹദേന്മാരും സർവ്വവല്ലഭനായ മ്ശിഹായുടെ സൈന്യാധിപന്മാരും, സത്യത്തിന്റെ ഗോപുരങ്ങളും ദൈവഭക്തരായ പരാക്രമികളും, സത്യവിശ്വാസം നട്ടുപിടിപ്പിച്ചിട്ടുള്ളവരും വിശുദ്ധ സഭയുടെ ശില്പികളും പാപവൃണങ്ങളുടെ വൈദ്യന്മാരും നീതിയുടെ ശാസ്ത്രികളും പരിപാകതയുള്ള മല്പാന്മാരും, തെറ്റുകളെ ഉന്മൂലനം ചെയ്യുന്നവരും, അധർമ്മങ്ങളെ നശിപ്പിക്കുന്നവരും ലോകത്തിൽ വെച്ച് ഞങ്ങളുടെ മുമ്പാകെ ഞങ്ങളുടെ ജീവതയാത്രയെ ശരിപ്പെടുത്തിയിട്ടുള്ള ഭൗമികനക്ഷത്രങ്ങളും, മനുഷ്യമക്കളുടെ നയനങ്ങളെ പ്രകാശിപ്പിക്കുന്ന നീതിസൂര്യന്റെ കിരണങ്ങളും ഭൂതലം മുഴുവന്റേയും സഹായക്കാരെന്നപോലെ സർവ്വവല്ലഭനായ മ്ശിഹായുടെ വടുക്കളെ തങ്ങളുടെ ശരീരങ്ങളിൽ വഹിച്ച്, സകലഭാഗങ്ങളിൽ നിന്നും പുറജാതിത്വത്തിന്റേയും യൂദത്വത്തിന്റേയും നാശത്തെ നീക്കിയ ലവണമായുള്ളോരേ! (മാർ ഇന്നാരെ) നിങ്ങളോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ കടങ്ങൾ പരിഹരിക്കപ്പെടുയും ഭോഷത്വങ്ങൾ മോചിക്കപ്പെടുകയും ചെയ്യുവാൻ തക്കവണ്ണം നിങ്ങൾ (അങ്ങ്) ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്ന പ്രതിനിധികളും അപേക്ഷകരുമായി തീരുമാറാകണമെ. നിങ്ങളുടെ പരിശുദ്ധമായ അപേക്ഷകൾ മൂലം അടിമകൾ രക്ഷ പ്രാപിക്കുകയും കാരാഗ്രഹവാസികൾക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യണമെ. ബന്ധനസ്ഥർ മോചിക്കപ്പെടുകയും ദുഃഖിക്കുന്നവരും വിലപിക്കുന്നവരും ആശ്വസിക്കപ്പെടുകയും ചെയ്യണമെ. ദൂരസ്ഥർ അടുത്തു വരികയും സമീസ്ഥർ സംരക്ഷിക്കപ്പെടുകയും സമ്പന്നർ നീതി നടപടികളാൽ അനുഗ്രഹിക്കപ്പെടുകയും ദരിദ്രരും അഗതികളും പുലർത്തപ്പെടുകയും ചെയ്യണമെ. രോഗികളും ഞെരുക്കമനുഭവിക്കുന്നവരും സൗഖ്യം പ്രാപിക്കണമെ. പരീക്ഷകൾ നീങ്ങുകയും കോപവടികൾ നിലയ്ക്കുകയും ശാന്തിയും സമാധാനവും വാഴുകയും സഭയും അതിന്റെ മക്കളും സന്തോഷിക്കുകയും ചെയ്യണമെ. അതിലെ പട്ടക്കാർ ശോഭയോടെ ശുശ്രൂഷിക്കുകയും ഇടയന്മാർ കരുണയോ

ടെ സംരക്ഷിക്കപ്പെടുകയും അതിലുള്ള സകല ഗണങ്ങളുടെ മേലും കരുണയും ആദ്രതയും ചൊരിയപ്പെടുകയും ചെയ്യണമെ. വിശ്വാസികളായ മരിച്ചുപോയവർ സ്വർഗ്ഗീയ ബലിപീഠങ്ങൾ മേൽ ഓക്കപ്പെടണമെ. തെറ്റിപോയിട്ടുള്ളവരും നഷ്ടപ്പെട്ടിട്ടുള്ളവരും തിരിച്ചു വരേണമെ. നിങ്ങളുടെ ഗുരുവായ ഞങ്ങളുടെ കത്താവേശുമ്ശിഹായിലുള്ള നിങ്ങളുടെ പരിപൂണ്ണശിഷ്യത്വത്തിനും, ആത്മീയ ഉപദേശത്തിനും സൗഭാഗ്യകരമായ വാഗ്ദത്തത്തിനും ഞങ്ങളെല്ലാവരും യോഗ്യരായിത്തീരുകയും നിങ്ങളുടെ നടപടികളിൽ താൻ ഞങ്ങളെ ധൈര്യപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. താൻ മുഖാന്തരവും തന്നോടുകൂടെയും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സകല സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.
ഹോശോ ... ... ആമ്മീൻ

## പ്രാത്ഥന

സത്യപ്രധാനാചാര്യനും ഞങ്ങളുടെ ആത്മാക്കളുടെ സൃഷ്ടാവും, വെടിപ്പുള്ള കത്താവിന്റെ സഹദേന്മാരുടെ (പരി. മാർ. ഇന്നാര്) സഹായം ഞങ്ങൾക്ക് സൗജന്യം ചെയ്തിട്ടുള്ളവനുമായ ഞങ്ങളുടെ നാഥൻ കത്താവേശുമ്ശിഹാ! ആത്മികസ്തുതികളാലും പാട്ടുകളാലും സന്തോഷമുള്ള അധരങ്ങളാലും പരിശുദ്ധമായ അവരുടെ അസ്ഥി നിക്ഷേപത്തെ (തിരുശേഷിപ്പ്) ആത്മീയമായി ബഹുമാനിച്ച് പെരുനാൾ ആചരിപ്പാനും അവരുടെ ഓമ്മകളെ പുകഴ്ചകളാൽ നിറവേറ്റുവാനും ഞങ്ങളെ യോഗ്യരാക്കണമെ. കത്താവിനോട് ഭയഭക്തിയുള്ളവരുടെ ഇഷ്ടം നടത്തുകയും അവരുടെ അപേക്ഷ കേൾക്കുകയും ചെയ്യുന്നവനായ ദൈവമേ! കത്താവിന്റേയും സകലത്തിലും വിശുദ്ധ കത്താവിന്റെ പ. റൂഹായുടെയും കൃപയാൽ ഈ സ്ഥലത്ത് അത്ഭുതങ്ങളും സൗഖ്യപ്രവത്തികളും നടക്കുകയും, പിശാചുക്കൾ ഓടിക്കപ്പെടുകയും സകല രോഗങ്ങളും നൊമ്പരങ്ങളും സുഖമാക്കുകയും സകല കോപങ്ങളും കത്തൃനാമത്തിൽ നിരോധിക്കപ്പെടുകയും ചെയ്യുമാറാകണമെ. എന്തെന്നാൽ കത്താവിനെ വിളിക്കുന്ന സകലക്കും തിരുനാമം രക്ഷയുടെയും വിശുദ്ധിയുടെയും സ്തംഭമാകുന്നു. പിതാ പുത്ര പ. റൂഹായോടുകൂടെ ഞങ്ങൾ എപ്പോഴും സ്തുതി പാടുമാറാകട്ടെ. ഹോശോ ... ... ആമ്മീൻ

കാമ്മികൻ: നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ
പ്രതിവാക്യം: അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.
ശെമ്മാശ്ശൻ/ശുശ്രൂകൻ: കരുണയുള്ള കത്താവിന്റെ മുമ്പാകെ നമ്മുടെ തലകളെ നാം കുനിക്കണം.
പ്രതിവാക്യം: ഞങ്ങളുടെ കത്താവും ദൈവവുമായുള്ളോവേ! തിരുമുമ്പാകെ ഞങ്ങൾ തലകൾ കുനിക്കുന്നു.

മേല്പട്ടക്കാരൻ തിരുശേപ്പ് എടുത്ത് ആഘോഷിച്ചുകൊണ്ട് പറയുന്നു (നാലു ഭാഗത്തും)

**തന്റെ പരിശുദ്ധന്മാരെ ബഹുമാനിക്കുന്ന പരിശുദ്ധവും സാരാംശത്തിൽ സമത്വമുള്ളതുമായ ത്രിത്വത്തിന്റെ മഹത്വത്തിനും ബഹുമാനത്തിനും പ്രഭാവത്തിനും നല്ല ഉന്നതിക്കും ദൈവത്തിന്റെ പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടുപണിക്കുമായി ഇതു തീരട്ടെ.**

മേൽപട്ടക്കാരൻ പരിശുദ്ധ തിരുശേഷിപ്പ് അതിനായി തയ്യാറാക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രത്യേക പാത്രത്തിൽ വെച്ചുകൊണ്ടു പറയുന്നു:-

**ഇന്ന സഹദായുടെ (പരിശുദ്ധന്റെ) പരിശുദ്ധ തിരുശേഷിപ്പുകളാകുന്ന ഈ വിശുദ്ധ നിക്ഷേപം ദൈവത്തിന്റെ മഹത്വത്തിനും പരിശുദ്ധന്മാരുടെ ബഹുമാനത്തിനും അവയിൽ കുടികൊള്ളുന്ന ദിവ്യശക്തിയാൽ അഭയം പ്രാപിക്കുന്ന വിശ്വാസികളുടെ സഹായത്തിനുമായി പ്രതിഷ്ഠിക്കപ്പെടുന്നു. ബാറെക്മോർ**

## ഹൂത്തോമ്മാ

പരിശുദ്ധന്മാരിൽ ആശ്വസിക്കുകയും ശുദ്ധിമാന്മാരെ പൂണ്ണരാക്കുകയും ചെയ്യുന്ന പരിശുദ്ധനും നിബിയന്മാരുടെ പ്രശംസയും ശ്ലീഹന്മാരുടെ പുകഴ്ചയും സഹദേന്മാരുടെ കിരീടവും നീതിമാന്മാരുടെ ആനന്ദവും ആദിമുതൽ കത്താവിനെ പ്രസാദിപ്പിച്ചിട്ടുള്ള സകലരു

ടെയും ശരണവുമായ ദൈവമേ! കത്താവിന്റെ പരിശുദ്ധന്മാരുടെ ഓമ്മയെ ആത്മീയമായി നിറവേറ്റുവാനും കത്താവിനെ സ്നേഹിച്ചിട്ടുള്ളവരെ സ്നേഹിപ്പാനും തിരുനാമം നിമിത്തം സകല ദുരിതങ്ങൾക്കും തങ്ങളുടെ ശരീരങ്ങളെ ഏല്പിച്ചുകൊടുത്തിട്ടുള്ളവരോട് സദൃശ്യപ്പെടുവാനും ഞങ്ങൾക്ക് സംഗതിയാകണമെ. നല്ല ഭക്തി നിമിത്തമുള്ളഅവരുടെ തീഷ്ണതയും അവരുടെസുകൃതങ്ങളും അനുകരിപ്പാൻ ഞങ്ങൾക്കിടയാകണമെ. കത്താവിനെ സ്തുതിക്കുന്നവരെ മഹത്വപ്പെടുത്തുന്നവനായ ദൈവമെ! ഞങ്ങളുടെ ആത്മാക്കൾക്കു വേണ്ടി സ്ഥാനാപതികളും അപേക്ഷകരുമായി അവരെ അംഗീകരിക്കണമെ. അവരോടുകൂടി ഓഹരിയും അവകാശവും ഉണ്ടാകുവാൻ ഞങ്ങൾക്കു യോഗ്യത നൽകണമെ. എന്തെന്നാൽ കത്താവു കാരുണ്യവാനും ആദ്രതയുള്ളവനും മനുഷ്യസ്നേഹിയുമായ ദൈവമാകുന്നുവല്ലോ. കത്താവിന് സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഹോശോ ... ... ... ആമ്മീൻ.

അനന്തരം കുക്കിലിയോൻ (സാദീക്കേ) ചൊല്ലി ധൂപം വെയ്ക്കുന്നു.

## പരിശുദ്ധന്റെ സ്മാരകകുരിശ്

പൊതുക്രമം ആരംഭിക്കുന്നു. അതിനുശേഷം

നയവാൻ പനപോലെ തളിത്തിടുമേ ഹാലേലുയ്യ-ഹാലേലുയ്യ
വളരുമവൻ ലബനോന്റെ കാരികിൽ പോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ ഹാലേലുയ്യ
വദ്ധിക്കുമവക്കു തുഷ്ടീ പുഷ്ടികളും ബാറെക്മോർ
ശുബഹോ......... മെനഓലം........

(സീയോൻ കോട്ട)

കത്താവേ കാരുണ്യത്താൽ
ശ്രേഷ്ഠൻ ഗ്രീഗോറിയോസ് (തോമ്മാശ്ലീഹാതൻ)
ഓമ്മയെ വിശ്രുതമാക്കണമെ
തൻ യാചനയാലടിയാരിൽ
നിൻ കൃപ വഷിച്ചീടണമെ. സ്തൗമെൻ കാലോസ് കുറിയേ

# അല്ലങ്കിൽ

ശ്രേഷ്ഠൻ (...........)തൽ സ്മരണം
തവ കാരുണ്യത്താൽ വലുതാക്കണമേ
കർത്താവേ-തൻ യാചനയാൽ തുണചെയ്ക
സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

# പ്രുമിയോൻ

പരിശുദ്ധന്മാരാൽ ശ്രേഷ്ഠത സ്വീകരിക്കുന്നവനും മല്പാന്മാരാൽ മഹത്വം കൈക്കൊള്ളുന്നവനും ആരുടെ സ്മാരകമായി ഈ സ്ലീബാ ഞങ്ങൾ സ്ഥാപിച്ച് ആരുടെ പ്രാർത്ഥനയെ ഇതുമൂലം ഞങ്ങൾ അവലംബിക്കുന്നുവോ ആ പരിശുദ്ധൻ (ഇന്നാരെ) നിർമ്മലീകരിപ്പാൻ തിരുവുള്ളമുണ്ടായവനും ആയ സർവ്വേശനുമായ ദൈവത്തിനു സ്തുതി. തനിക്കു കുരിശുകൂദാശ നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തിലും ........................... ബ്കുലഹൂൻ.............

## സെദറാ

ഞങ്ങളുടെ ദൈവം തമ്പുരാനേ! കർത്താവിന്റെ ഇഷ്ടനായ (ഇന്നാരെ) ഞങ്ങൾ പുകഴ്ത്തുന്നു. ഇവൻ ലോകത്തേയും കുലത്തേയും പരിത്യജിച്ച് കർത്താവിന്റെ മാർഗ്ഗത്തെ പിൻഗമിച്ചും, വി. സഭയാകുന്നകർത്താവിന്റെ തോട്ടത്തിലെ വേലയിൽ തന്റെ ആയുസ്സിനെ ഇവിടെ അവസാനിപ്പിച്ചിട്ട് ഇപ്പോൾ തിരു സന്നിധിയിൽ വിശ്രമിക്കുന്ന ഈ പരിശുദ്ധന്റെ സ്മാരകമായി കർത്തൃകുരിശ് ഇവിടെ സ്ഥാപിച്ചുകൊണ്ട് അവന്റെ പ്രാർത്ഥനയിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു. കർത്താവേ തിരു കരുണയാൽ ഞങ്ങളോട് ദയവുണ്ടാകണമെ. കർത്താവിന്റെ പ്രാർത്ഥനയാലും കർത്താവിന്റെ കുരിശിന്റെ ശക്തിയാലും ഞങ്ങളെ കാത്തുകൊള്ളേണമെ. ശണ്ഠകൾ ഞങ്ങളിൽ നിന്നും നീങ്ങേണമെ. ബഹളങ്ങൾ ഒതുങ്ങണമെ. തർക്കങ്ങൾ അവസാനിക്കേണമെ. കോപസൂചകങ്ങളായ ശിക്ഷകൾ നീ ങ്ങേണമെ. രോഗികൾ സ്വസ്ഥരാകേണമെ. പിശാചുകൾ ബഹിഷ്കരിക്കപ്പെടേണമെ. പാപം മോചിക്കപ്പെടേണമെ. വിശ്വാസികളായ വാങ്ങിപ്പോയവർ ആശ്വാസം കൈക്കൊള്ളണമെ. ഞങ്ങളും അവരും മാർ (ഇന്നാരെ) ശക്തിപ്പെടുത്തിയവനും ശ്രേ ഷ്ഠതപ്പെടുത്തി

യവനമായ നാഥാ കത്താവിന് സ്തുതിയും സ്തോത്രവും സദാ സമപ്പിക്കുന്നു. ഹോശോ........ മെൻ ആലോഹോ.....

## കോലോ

(ലോക് മൊറിയോ)

(............) പണ്ഡിതവൈദ്യാ! രോഗാർത്തക്കായ്
സൗഖ്യമിയറ്റിടുവാനധികാരം തേ! നൽകി പരൻ
പാത്താൽ നിന്നസ്ഥികളത്രേ-ഞങ്ങൾക്കഭയം
ഞങ്ങടെ യാചന നിൻ പ്രാത്ഥനയാൽ നൽ-കീടട്ടെ
ആരോഗ്യം-വ്യാധിഗ്രസ്തക്കും
വിശ്രാമം പീഡിത ജനതയ്ക്കും
ക്ഷമ ഞങ്ങൾക്കും പ്രത്യാഗമനം ദൂ-രസ്ഥക്കും
ബാറെക്മോർ- ശുബഹോ...

മായരുതേ കത്താവേ! -നിൻ വരവുവെരെ
സഭയുടെ മക്കളിൽ (.........)തന്നോമ്മ
ദേവാലയ ദയറാകളിലന്നപ്പീക്കേണം
ദേശം തോറും നാനാദിശകളിലും-സ്തുതി മേന്മേൽ
വിണ്ണവരാം ഈറേന്മാരാലും
നരലാലും കീത്തിതമാകട്ടെ
സ്വാരാധകരിൽ പെരുമ വളത്തും നിൻ-തിരുനാമം

## അല്ലെങ്കിൽ

(കോലോ - ഏനോനോ സഹറോ)

നിൻസ്മരണം മാർ (........) വാനിലുമൂഴിയിലും ശ്രേഷ്ഠം
സ്വഗ്ഗമതിൽ വാനോർ മോദിപ്പൂ-ധരയിതിലതുപോൽ
നിൻ വീരത്വം ദശിച്ചോരീശനു നിൻ പോർ ബോധിച്ചു
ഉത്തമഭടനേ നിന്നോടായ്-
ശാശ്വതമാം മോക്ഷം പൂകി-ട്ടവകാശിപ്പാനോതീടും
ബാറെക്മോർ- ശുബഹോ - മെനഓലം....
ശ്രേഷ്ഠന്മാർ (....) വിശ്വാസത്തിൽ പോരാളി
വാനതിലോളം ചെന്നെത്തീടും-പണചുണയായ് ചെയ്യൊരു ശില്പി
ഇദ്രുമശാഖകൾ-വികസിച്ചു-വാസം ചെയ്തതിൽ റൂഹായും

താതൻ മദ്ധ്യസ്ഥത തുണയാവാൻ
തന്നോര്മ്മയിലെല്ലാം ദേശേ-നിന്നും ജാതികൾ ചേരുന്നു
മൊറിയോ ........

## എത്രൊ

കാലംതോറും പരിശുദ്ധന്മാരെ ശ്രേഷ്ഠരാക്കുകയും ബലഹീനന്മാരെ സഹായിക്കുകയും വിശ്വാസികൾക്ക് തുണയും മാതൃകയുമാവാൻ പുണ്യവാന്മാരേ എഴുന്നേല്പിക്കുകയും ചെയ്ത കര്ത്താവേ! മാര് (........) മദ്ധ്യസ്ഥത പ്രാര്ത്ഥനയാൽ ഞങ്ങൾക്കു തുണ ചെയ്യണമെ. അവന്റെ സ്മാരകമായ ഈ കുരിശു മൂലവും ഞങ്ങൾക്ക് സഹായം കിട്ടേണമെ. കര്ത്താവിന്റെ കൃപയാൽ ഞങ്ങളുടെ പ്രാര്ത്ഥനകളും ധൂപാര്പ്പണവും കൈക്കൊള്ളണമെ. ഞങ്ങളുടെ കര്ത്താവും ദൈവവുമേ ഞങ്ങൾ എന്നും കര്ത്താവിന് സ്തുതിയും സ്തോത്രവും സമര്പ്പിക്കും. ഹോശോ.

കോലോ
**(മൊറാഹിമിൻ)**

(..........) തൽ പ്രാര്ത്ഥനയാൽ -നാഥൻ പാരീ-ന്നരിശത്തെ നീക്കി
നിലനിര്ത്തീടട്ടെന്നും തൻ-ശമവും ശാന്തിയുമതിരോളം
തൽപെരുനാൾ-കൊണ്ടാടുന്നോര് ബാധകളീന്നും-രക്ഷിതരാവട്ടെ
ബാറെക്മോര് - ശുബഹോ............
ശുദ്ധന്മാര് ശുദ്ധൻ നീയെന്നിരുലൊകത്തും -വാഴ്ത്തും പരിശുദ്ധാ!
നീ പരിശുദ്ധൻ (......)ന്നായാത്മവരം നൽകി
തൽപ്രാര്ത്ഥനയാൽ രോഗത്തിൻ ശാന്തിയൊടൊപ്പം പുണ്യവുംമേകണമെ

# അല്ലെങ്കിൽ

**(കോലോ - (മൊറാഹിമിൻ)**

**മാര് (....)തൻ പ്രാര്ത്ഥനയാൽ-ധരയിൽ നിന്നും-രുഷനീക്കും നാഥൻ**
നാനാദേശേ സഭയിതിലും-ശമവും മംഗളവും വാഴും
തന്നോര്മ്മയെ ഘോഷിക്കുന്നോര്-നാശമതെന്യേ-നേടും സംരക്ഷ
ബാറെക്മോര് - ശുബഹോ....... മെനഓലം.....
ഭൂവാനേ പരിശുദ്ധന്മാര്-കാദീശ്ഗാനാൽ വാഴത്തും പരിശുദ്ധാ!
പരിശുദ്ധൻ മാ(.....)ക്കായ്-റൂഹാദാനം നീ നൽകി
കട പരിഹാരം മോചനവും -തൽ പ്രാര്ത്ഥനയാൽ-ഞങ്ങൾക്കേകണമേ

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ
Paul the blessed-
Saint, the Lord's Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

വായനക്കാർ: **(മദ്ബഹയുടെ നടയിൽ തെക്കുഭാഗത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് പൌലോസ്ശ്ലീഹായുടെ ലേഖനം വായിക്കുന്നു)**
**[The reader while stands at the steps of the south side reading the H. Bible, as face to the westen side (to audiance)]**
വായനക്കാർ: പൗലോസ്ശ്ലീഹാ് എഴുതിയ ലേഖനത്തിൽ നിന്നും

: ആഹായ്-ബാറെക്മോർ.

Reader: The lesson from the Epistle of St. Paul, the Apostle Ahai Barekhmor.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Praise be to the Lord of Apostle, and His mercy be upon us for ever

1 കൊരിന്ത്യർ 1: 18, ഗലാത്യർ 6: 11-16, എബ്രായർ 11: 39-12:3

ക്രൂശിന്റെ വചനം നശിച്ചുപോകുന്നവക്ക് ഭോഷത്വമാകുന്നു. എന്നാൽ ജീവൻ പ്രാപിച്ചിരിക്കുന്നവരായ നമുക്കോ അത് ദൈവത്തിന്റെ ശക്തിയാകുന്നു.
ജഡത്തിൽ പ്രശംസിക്കാനാഗ്രഹിക്കുന്നവർ, മ്ശിഹായുടെ കുരിശു നിമിത്തം ഉപദ്രവം സഹിക്കാതിരിക്കുവാൻ വേണ്ടി മാത്രമാണ് നിങ്ങളെ പരിഛേദന ഏൽപ്പാൻ നിബ്ബന്ധിക്കുന്നത്. പരിഛേദന ഏൽക്കുന്നവർ തന്നെയും ന്യായപ്രമാണത്തെ ആചരിക്കുന്നില്ലല്ലോ. നിങ്ങൾ പരിഛേദന ഏൽക്കണമെന്ന് അവർ ആഗ്രഹിക്കുന്നത് നിങ്ങളുടെ ശരീരം വഴിയായി അവക്ക് പ്രശംസയുണ്ടാകണം എന്നുള്ള ആഗ്രഹം കൊണ്ടാകുന്നു! എന്നാൽ എനിക്കോ നമ്മുടെ കത്താവേശുമ്ശ്ഹായുടെ കുരിശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരാതിരിക്കട്ടെ. എന്തെന്നാൽ താൻ ലോകം മുഴുവൻ എനിക്കും ഞാൻ ലോകത്തിനും കുരിശിക്കപ്പെട്ടിരിക്കുന്നു. പരിഛേദനയും അഗ്രചമ്മവും ഒന്നുമല്ല; പിന്നെയോ പുതിയ സൃഷ്ടി (യാകുക) യത്രെ കാര്യം. ഈ മാഗ്ഗം അനുസരിച്ചു നടക്കുന്ന എല്ലാവക്കും-ദൈവത്തിന്റെ ഇസ്രയേലിലും സമാധാനവും കരുണയും ഉണ്ടായിരിക്കട്ടെ.

അവക്ക് ലോകം അനുയോജ്യമല്ലാത്തവരായി (കഴിഞ്ഞു). ഇവരെല്ലാവരും അവരുടെ വിശ്വാസത്താൽ സാക്ഷ്യമുള്ളവരായിരുന്നു; (എങ്കിലും) അവർ വാഗ്ദത്ത നിവൃത്തി പ്രാപിച്ചില്ല. അത് നമ്മെ കൂടാതെ അവർ പൂണ്ണരാകേണ്ടതിനത്രെ. ദൈവം നമ്മുടെ സഹായത്തിനായുള്ളത് മുൻകൂട്ടി കരുതിയിരുന്നു.

ആകയാൽ നാമും മേഘം പോലെ നമ്മെ ചുറ്റിനിൽക്കുന്ന സാക്ഷികളുടെ സമൂഹം നമസുള്ളതുകൊണ്ട് നാം സകല ഭാരവും സദാ നമ്മോടു ചേന്ന് നിൽക്കുന്ന പാപവും വിട്ടു നമുക്കായി വെച്ചിരിക്കുന്ന ഈ പോരാട്ടത്തിങ്കലേക്ക് ക്ഷമയോടുകൂടി ഓടണം. നമ്മുടെ വിശ്വാസ നായകനും നമ്മുടെ വിശ്വാസത്തെ പൂത്തീകരിക്കുന്നവനുമായ യേശുവിനെ നാം നോക്കണം. താൻ തനിക്കുണ്ടായിരുന്ന സന്തോഷത്തിനു പകരം ക്രൂശു സഹിച്ചു. അവൻ അവമാ

നത്തെ നിസ്സാരമായി കരുതി

വായനക്കാർ: വായന കഴിഞ്ഞാലുടനെ: ആഹായ്-ബാറെക്മോർ.

For the message of the cross is foolishness to those who are perishing, but to us who are being saved it is the power of God.

As many as desired to make a good showing in the flesh these would compel you to be circumeised, only that they may not suffer persecution for the cross of Christ. For not even those are circumeised keep the law, but they desire to have you circumeised that they may boast in your flesh. But God forbid that I should boast except in the cross of our Lord Jesus Christ, by whom the world has been crucified to me, and I to the world. For in Christ Jesus neither circumcision nor uncircumcision avails anything, but a new creation. And as many as walk according to the rule, peace and mercy be upon them, and upon the Israel of God.

And all these, having obtained a good testimony through faith, did not receive the promise. God having provided something better for us that they should be made perfect apart from us. Therefore we also, since we are surrounded by so great a cloud of witnesses, let us lay aside every weight, and the sin which so easily ensnaresus, and let us run with endurance the race that is set before us, looking unto Jesus, the author and finisher of our faith who for the joy that was set before Him endured the cross despising the shame, and has sat down at the right hand of the throne of God. For consider Him who endured such hostility from sinners against Himself, lest you become weary and discouraged in your souls.

Reader: Ends the lesson while saying: Ahai Barekhmor.

ഹാലേലുയ്യ ഉ ഹാലേലുയ്യ പരിശുദ്ധന്മാർ തന്നോമ്മ്
വാഴ്വതിനായി തീന്നീടും ഹാലേലുയ്യ

## ഏവൻഗേലിയോൻ വായന
## EVANGELION READING

പുരോഹിതൻ: **(സഭാ വിശ്വാസികളെ അഭിമുഖീകരിച്ചു നിന്നുകൊണ്ട്)**
+ നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

Celebrant: [While faciing to the audiance)
+ Peace be-to-you—all.

പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീക്കുമാറാ-കട്ടെ.

Response: And with thy spirit

**പുരോഹിതൻ:** ജീവൻ നൽകുന്ന പ്രസംഗമായ നമ്മുടെ കത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും പ്രഘോഷിക്കുന്ന പ്രസംഗകനായ ലൂക്കോസ് ഏവൻഗേലിസ്ഥായിൽ നിന്ന്

Celebrant: The Holy Gospel of our Lord Jesus Christ ,Life giving preaching from Luke the Evangelist, who publishes good tidings of life and redemption to the world.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

Response: Blessed is He, who has come and is to come; Praise be to Him, who sent Him for oursalvation, and His mercy be upon us all-for ever.

**പുരോഹിതൻ:** വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായി ത്തീൎന്ന ദൈവവും, ജീവന്റെവചനവുംനമ്മുടെരക്ഷകനുമായകൎത്താ വേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

Celebrant: Now in the time of dispension of our Lord and Our God and our Redemer Jesus Christ, the word of life. God who had taken flesh of the Holy Virgin Mary, these

things thus came to pass.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

Response: We believe and confess.

വി. ലൂക്കോസ്: 9: 1-6

അവൻ പന്തിരുവരെ അടുക്കൽ വിളിച്ച് സകല ഭൂതങ്ങളുടെ മേലും വ്യാധികളെ സൗഖ്യമാക്കാനും അവൎക്ക് ശക്തിയും അധികാരവും കൊടുത്തു. ദൈവരാജ്യം പ്രസംഗിപ്പാനും രോഗികൾക്കു സൗഖ്യം വരുത്തുവാനും അവരെ അയച്ചുകൊണ്ടു പറഞ്ഞത്: വഴിക്ക് വടി യും പൊക്കണവും അപ്പവും പണവും ഒന്നും എടുക്കരുത്. രണ്ട് ഉ ടുപ്പും അരുത്. നിങ്ങൾ ഏതു വീട്ടിലെങ്കിലും ചെന്നാൽ അവിടം വിട്ടു പോകും വെരെ അവിടെ തന്നെ പാൎപ്പിൻ. ആരെങ്കിലും നിങ്ങ ളെ കൈക്കൊള്ളതിരുന്നാൽ ആ പട്ടണം വിട്ടു പോകുമ്പോൾ അവ രുടെ നേരേ സാക്ഷ്യത്തിനായി നിങ്ങളുടെ കാലിൽ നിന്നും പൊടി തട്ടികളവിൻ. അവർ പുറപ്പെട്ട് എങ്ങും സുവിശേഷിച്ചും രോഗിക ളെ സൗഖ്യമാക്കിയും കൊണ്ട് ഊർ തോറും സഞ്ചരിച്ചു.

പുരോഹിതൻ: (ഏവൻഗേലിയോൻ വായിച്ചു കഴിഞ്ഞിട്ട്)
നിങ്ങൾക്കെല്ലാവൎക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

Then He called His twelve disciples together and gave them power and authority over all demons, and to cure

deseases. He sent them to preach the kingdom of God and to heal the sick. And He said to them, "Take nothing for the journey, neither staffs nor bag nor bread nor money; and do not have two tunics apiece. Whatever house you enter, stay there, and from there depart. And whoever will not receive you, when you go out of that city, shake off the very dust from your feet as a testimony against them. So they departed and went through the towns, preaching the gospel and healing everywhere.

Celebrant: (Reads the lesson for the day from H. Gospel and ends saying) + Peace (Concord) be-to you-all.

[മാർ യാക്കോബിന്റെ ബോവൂസോ]
പ്രാർത്ഥിച്ചാലും (നീ) മാർ (......) ഞങ്ങൾ പേക്കായ്
നിൻ പ്രാർത്ഥന കേട്ടീശൻ പുണ്യം നൽകീടട്ടെ
നാഥൻ വിളികേട്ടുലകം വിട്ടോൻ ഓ മാർ (......)
സഭയാം വയലിൽ നീ പണിതുദയം തൊടുത്തിയോളം
സന്ധ്യയിലുയിരോൻ നിന്നെ ചേർത്താൻ തൻമണിയറയിൽ
പരനൊടു ചേർന്നങ്ങവിടെ സുഖമായ് മേവീടുന്ന
പീഡകളൊഴിയണമേ മാർ (.....) നിന്നർത്ഥനയാൽ
കട പരിഹാരം ദയയിൽ നിധിയൊടു യാചിക്കേണമേ.
രോഗം വേദന പീഡകളെല്ലാം നീങ്ങീടണമേ.
ചേരണമിവരിൽ മേദുര സൌഖ്യം ശമവും ശാന്തിയും
ഭക്ത്യാ നിന്നിൽ ശരണം പ്രാപിപ്പോരിൽ നിന്നും
ശിക്ഷകൾ കർത്തൻ നീക്കീടണമേ നിൻ പ്രാർത്ഥനയാൽ


അനന്തരം കെട്ടിടം റൂശ്മാ ചെയ്യുന്നു പുറം 36
പിന്നീടു പൊതുവായ സ്ലീബായാഘോഷം പുറം 36
ഹൈറൗദു മാലാഖേ - കുരിശു പ്രതിഷ്ഠ പുറം 39
സമാപന പ്രാർത്ഥന പുറം 42

കൈമുത്തു

## സഹദായുടെ സ്മാരക കുരിശ്

പൊതുക്രമം നടത്തുന്നു. അതിനു ശേഷം

നിൻ പേക്കേന്നും നിഹിതന്മാരെങ്ങൾ ഹാലേലുയ്യ
ഗണ്യന്മാരെങ്ങൾ വധമതിലാടതു പോലെ
തിരു ദൃഷ്ഠിയതെങ്ങളെ വിട്ടു തിരിക്കരുതേ ഹാലേലുയ്യ
ഞങ്ങൾ തൻ വിനയമൊടു ക്ലേശമതു മറന്നീടരുതേ.
ബാറെക്മോർ

സ്വയമേ ബലിയായോനേശുവിനായി-
യാഗമതായോൻ മാർ (..............)

പരനുടെ കൃപയിങ്ങുണ്ടാകാൻ
യാചിക്കണമെങ്ങൾപേക്കായ്
സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

## പ്രുമിയോൻ

തന്റെ തിരുനാമത്തിനായട്ടു സഹദേന്മാർ വധിക്കപ്പെട്ടു എന്ന വന്ദ്യനായ കത്താവും, അധമ്മികളായ രാജാക്കന്മാരെ ജയിപ്പാനായി തന്റെ ദാസന്മാരെ യോഗ്യരാക്കിത്തീത്ത് നാഥനും കുബ്ബാനപോലെ അവരുടെരക്തത്തെകൈകൊള്ളുന്ന, സഹദേന്മാരുടെ നായകനും, ആരുടെ സ്മാരകമായി ഈ കുരിശ് ഞങ്ങൾ സ്ഥാപിച്ച് ആരുടെ പ്രാത്ഥനയെ ഇതുമൂലം അവലംബമാക്കുന്നോ ആ പരിശുദ്ധനായ മാർ (.........) സഹദായെ നിമ്മലീകരിക്കാൻ തിരുവുള്ളമുണ്ടായവനുമായ സവ്വശക്തനായ കത്താവിനു സ്തുതി. തനിക്ക് ഈ നേരത്തിലും ..........................ബ്കുലഹൂൻ ഹോശോ.....

## സെദറാ

പ്രകാശവും പരിശുദ്ധന്മാരെ പ്രകാശിപ്പിക്കുന്നവനുമായ മ്ശിഹാതമ്പുരാനേ, ഒരുവൻ തന്റെ സ്നേഹിതനു വേണ്ടി തന്റെ ജീവനെ വയ്ക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലന്നു ഹീനന്മാരും അയോഗ്യരുമായ കത്താവിന്റെ ദസരാകുന്ന ഞങ്ങളെ കത്താവു പഠിപ്പിച്ചിരി

ക്കുന്നു. ഞങ്ങൾക്കു വേണ്ടി സ്വയം ചെറുതാക്കി, മരണത്തിന്റേയും പാപത്തിന്റേയും കഷ്ടതകളിൽ നിന്ന് അവയാൽ ഞങ്ങളെ രക്ഷിപ്പാനായി കഷ്ടതകളും സ്ലീബായും മരണവും സ്വയം ഒരുക്കുകയും സഹദേന്മാരെ കർത്തൃകഷ്ടാനുഭവങ്ങളെ അനുകരിക്കുന്നവരാക്കിത്തീർക്കുകയും ചെയ്തു. ഞങ്ങളുടെ ദൈവമായ മ്ശിഹാതമ്പുരാന്റെ വാത്സ്യല്ല്യമുള്ള മാർ ............. സഹദായെ ഇപ്പോൾ ഞങ്ങൾ പുകഴ്ത്തുന്നു. അവൻ ലോകത്തെ ഉപേക്ഷിക്കുകയും മരണത്താൽ കർത്താവിനെ കണ്ടെത്തുകയും ചെയ്തു. അവൻ തന്റെ കഴുത്തിലെ രക്തത്താൽ മാമോദീസാ മുഴുകുകയും സത്യജീവനാകുന്ന കർത്താവിനെ സമ്പാദിപ്പാനായി അവന്റെ ജീവനെ നശിപ്പിക്കുകയും ചെയ്തു. ഇതു ഹേതുവായിട്ട് ഞങ്ങളുടെ രക്ഷിതാവായ മ്ശിഹാ തമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു. വി. സഭയാകുന്ന കർത്താവിന്റെ തോട്ടത്തിലെ വേലയിൽ തന്റെ ആയുസിനെ ഇവിടെ അവസാനിപ്പിച്ചിട്ട് ഇപ്പോൾ തിരു സന്നിധിയിൽ വിശ്രമിക്കുന്ന ഞങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ മാർ ...... സഹദായുടെ സ്മാരകമായി ഈ കുരിശ് ഇവിടെ സ്ഥാപിച്ചുകൊണ്ട് തൽ പ്രാർത്ഥനയിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു. കർത്താവേ കർത്തൃകരുണയാൽ ഞങ്ങളെ അനുഗ്രഹിക്കണമെ. മാർ ......... സഹദായുടെ പ്രാർത്ഥനയാലും കർത്തൃസ്ലീബായുടെ ശക്തിയാലും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളിൽ നിന്നു ശണ്ഠകൾ മാഞ്ഞു പോകേണമെ. കലഹങ്ങൾ ശമിക്കണമെ. തർക്കങ്ങൾ അടങ്ങണമെ. കോപസൂചകങ്ങളായ വടികൾ ഒഴിഞ്ഞു പോകണമെ. രോഗികൾ സുഖം പ്രാപിക്കണമെ. ബലഹീനർ ശക്തിപ്പെടേണമെ. തളർന്നിരിക്കുന്നവർ സ്ഥിരപ്പെടേണമെ. പിശാചുകൾ പുറത്താക്കപ്പെടേണമെ. പരീക്ഷകൾ ദൂരീകരിക്കപ്പെടുകയും പാപങ്ങൾ മായിക്കപ്പെടുകയും ചെയ്യേണമെ. വിശ്വാസികളായ മരിച്ചുപോയവർ ആശ്വാസം കൈക്കൊള്ളണമെ. ഞങ്ങളും അവരും മാർ ............. സഹദായെ കിരീടം ധരിപ്പിക്കുന്നവനായ പിതാവിനും, അവനെ ശ്രേഷ്ഠതപ്പെടുത്തുന്ന വന്ദ്യപുത്രനും അവന്റെ പോരാട്ടങ്ങളെ പൂർണ്ണമാക്കി തികക്കുന്ന വി. റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ഹോശോ.... ..... മെൻ ആലോഹോ...........

## കോലോ

(ഏനോനോ നഹറോ)

(..........) നിൻ സ്മൃതി ഭൂമിയിലും - വാനിലുമാഘോഷിക്കുന്നു
ഭൂമിതലേ മർത്യരും മാമാകരേ - വാനവരും മോദിക്കുന്നു.
നിൻ പോരാട്ടത്തെ നോക്കി - കർത്താവാഹ്ലാദിക്കുന്നു.
സദ്ഭടനേ! ശാശ്വതരാജ്യം
മന്നവന്നവകാശിക്കേന്നേവം - നിന്നോടീശൻ കല്പിക്കും
ബാറെക്മോർ - ശുബഹോ.............

(...........) മകുടമണിഞ്ഞപ്പോൾ - വാനീന്നീറെൻമാരെത്തി
മറ്റും നിന്നേവം ഘോഷിച്ചാർ - പോർ നിറവേറ്റിയ നീ ധന്യൻ
ആമോദത്തോടീറേന്മാർ - നിന്നെ നോക്കി പാക്കുന്നു
താതസുതന്മാർ കൈക്കൊള്ളും
നിൻ പാവനമാം ശീർഷത്തിൽ - അണിയിക്കും മകുടം റൂഹാ
സഹദാ (........) ഞങ്ങടെ രക്ഷയ്ക്കായ് പരനൊടു യാചിക്ക

നിൻ യാചന മൂലം - സാത്താൻ ലജ്ജിക്കും
തൻ സൈന്യം തോൽക്കും - ഹാലേലുയ്യ-ഹാലേലുയ്യ
സ്ലീബാ സങ്കേതം മൊറിയോ................

## എത്രോ

രക്തസാക്ഷികൾക്കു കിരീടം നൽകുന്ന കർത്താവേ! വി. മാർ ...... സഹദായുടെ സ്മാരകകുരിശിന്റെ സ്ഥാപനയുടെ ഈ ശുശ്രൂഷയിൽ ഞങ്ങൾ തിരുസന്നിധിയിൽ സമർപ്പിക്കുന്ന ഈ ധൂപത്തെ കൈക്കൊള്ളണമെ. അവന്റെ പ്രാർത്ഥനകൾ മൂലം ഞങ്ങളുടെ പാപങ്ങൾ പരിഹരിച്ച് കുറ്റങ്ങൾക്ക് മാപ്പു തരേണമെ. കോപസൂചകങ്ങളായ ശിക്ഷകളെ നീക്കണമെ. ഈ കുരിശിൽ സങ്കേതം പ്രാപിക്കുന്ന എല്ലാവരും എല്ലാ പ്രാകാരത്തിലും സഹായം കൈക്കൊള്ളണമെ. പ. മാർ (......... സഹദായുടെ പ്രാർത്ഥന)കളാൽ ഞങ്ങൾ അനുഗ്രഹിക്കപ്പെടേണമെ. വിശ്വാസപോരാട്ടക്കാരെ ശ്രേഷ്ഠരാക്കുന്ന തിരുനാമം എന്നും മഹത്വകരീക്കപ്പെടേണമെ. ഹോശോ........

## കോലോ

(ദഹത്തൊ ലോ നെഹത്തെ)

(മാർ..........) സഹദാ വിധിഗേഹേചെന്നു-ദ്യോവിൽ
ദൃഷ്ടിപതിച്ചേവമുണർത്തിച്ചാൻ
പരനെ സ്നേഹിച്ചേൻ-ലോകം ദ്വേഷിച്ചേൻ
നൽകണമെൻ വിജയം-ദുഷ്ടനാടിപാടും ഹാലേലുയ്യ-ഹാലേലുയ്യ
നിൻപരനെങ്ങൊന്നായ്-ജാതികൾ ചൊല്ലരുതേ
ബാറെക്മോർ - ശുബഹോ......... മെനഓലം.............
ഉലകിതിലുളവാകും-കോപാസ്ത്രം നീങ്ങാൻ
സഹദാ (......) മുറപോലർത്ഥിക്കും-വിധിഗേഹേ ബഹുവാം
വൈഷമ്യം കൂടും-തന്നുടെയാചനയാൽ-തുണകൾ വന്നീടും
ഹാലേലുയ്യ-ഹാലേലുയ്യ തന്നുടെ മദ്ധ്യസ്ഥം-യാചിക്കുന്നോക്കായ്

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ
Paul the blessed-
Saint, the Lord’s Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs’d be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God’s truth and holds it fast.

വായനക്കാർ: **(മദ്ബഹയുടെ നടയിൽ തെക്കുഭാഗത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് പൌലോസ്ശ്ലീഹായുടെ ലേഖനം വായിക്കുന്നു)**
**[The reader while stands at the steps of the south side reading the H. Bible, as face to the westen side (to audiance)]**
വായനക്കാർ: പൗലോസ്ശ്ലീഹാ് എഴുതിയ ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

Reader: The lesson from the Epistle of St. Paul, the Apostle Ahai Barekhmor.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Praise be to the Lord of Apostle, and His mercy be upon us for ever

1 കൊരിന്ത്യർ 1: 18, ഗലാത്യർ 6: 11-16, എബ്രായർ 11: 39-12:3

ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വമാകുന്നു. എന്നാൽ ജീവൻ പ്രാപിച്ചിരിക്കുന്നവരായ നമുക്കോ അത് ദൈവത്തിന്റെ ശക്തിയാകുന്നു.
ജഡത്തിൽ പ്രശംസിക്കാനാഗ്രഹിക്കുന്നവർ, മ്ശിഹായുടെ കുരിശു നിമിത്തം ഉപദ്രവം സഹിക്കാതിരിക്കുവാൻ വേണ്ടി മാത്രമാണ് നിങ്ങളെ പരിഛേദന ഏൽപ്പാൻ നിബ്ബന്ധിക്കുന്നത്. പരിഛേദന ഏൽക്കുന്നവർ തന്നെയും ന്യായപ്രമാണത്തെ ആചരിക്കുന്നില്ലല്ലോ. നിങ്ങൾ പരിഛേദന ഏൽക്കണമെന്ന് അവർ ആഗ്രഹിക്കുന്നത് നിങ്ങളുടെ ശരീരം വഴിയായി അവർക്കു പ്രശംസയുണ്ടാകണം എന്നുള്ള ആഗ്രഹം കൊണ്ടാകുന്നു! എന്നാൽ എനിക്കോ നമ്മുടെ കർത്താവേശുമ്ശ്ഹായുടെ കുരിശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരാതിരിക്കട്ടെ. എന്തെന്നാൽ താൻ ലോകം മുഴുവൻ എനിക്കും ഞാൻ ലോകത്തിനും കുരിശിക്കപ്പെട്ടിരിക്കുന്നു. പരിഛേദനയും അഗ്രചർമ്മവും ഒന്നുമല്ല; പിന്നെയോ പുതിയ സൃഷ്ടി (യാകുക) യത്രെ കാര്യം. ഈ മാർഗ്ഗം അനുസരിച്ചു നടക്കുന്ന എല്ലാവർക്കും-ദൈവത്തിന്റെ ഇസ്രയേലിലും സമാധാനവും കരുണയും ഉണ്ടായിരിക്കട്ടെ.
അവർക്കു ലോകം അനുയോജ്യമല്ലാത്തവരായി (കഴിഞ്ഞു). ഇവരെല്ലാവരും അവരുടെ വിശ്വാസത്താൽ സാക്ഷ്യമുള്ളവരായി

രുന്നു; (എങ്കിലും) അവർ വാഗ്ദത്ത നിവൃത്തി പ്രാപിച്ചില്ല. അത് നമ്മെ കൂടാതെ അവർ പൂണ്ണരാകേണ്ടതിനത്രെ. ദൈവം നമ്മുടെ സഹായത്തിനായുള്ളത് മുൻകൂട്ടി കരുതിയിരുന്നു.

ആകയാൽ നാമും മേഘം പോലെ നമ്മെ ചുറ്റിനിൽക്കുന്ന സാക്ഷികളുടെ സമൂഹം നമസുള്ളതുകൊണ്ട് നാം സകല ഭാരവും സദാ നമ്മോടു ചേന്ന് നിൽക്കുന്ന പാപവും വിട്ടു നമുക്കായി വെച്ചിരിക്കുന്ന ഈ പോരാട്ടത്തിങ്കലേക്ക് ക്ഷമയോടുകൂടി ഓടണം. നമ്മുടെ വിശ്വാസ നായകനും നമ്മുടെ വിശ്വാസത്തെ പൂത്തീകരിക്കുന്നവനുമായ യേശുവിനെ നാം നോക്കണം. താൻ തനിക്കുണ്ടായിരുന്ന സന്തോഷത്തിനു പകരം ക്രൂശു സഹിച്ചു. അവൻ അവമാനത്തെ നിസ്സാരമായി കരുതി

വായനക്കാർ: വായന കഴിഞ്ഞാലുടനെ: ആഹായ്-ബാറെക്മോർ.

For the message of the cross is foolishness to those who are perishing, but to us who are being saved it is the power of God.

As many as desired to make a good showing in the flesh these would compel you to be circumeised, only that they may not suffer persecution for the cross of Christ. For not even those are circumeised keep the law, but they desire to have you circumeised that they may boast in your flesh. But God forbid that I should boast except in the cross of our Lord Jesus Christ, by whom the world has been crucified to me, and I to the world. For in Christ Jesus neither circumcision nor uncircumcision avails anything, but a new creation. And as many as walk according to the rule, peace and mercy be upon them, and upon the Israel of God.

And all these, having obtained a good testimony through faith, did not receive the promise. God having provided

something better for us that they should be made perfect apart from us. Therefore we also, since we are surrounded by so great a cloud of witnesses, let us lay aside every weight, and the sin which so easily ensnaresus, and let us run with endurance the race that is set before us, looking unto Jesus, the author and finisher of our faith who for the joy that was set before Him endured the cross despising the shame, and has sat down at the right hand of the throne of God. For consider Him who endured such hostility from sinners against Himself, lest you become weary and discouraged in your souls.

Reader: Ends the lesson while saying: Ahai Barekhmor.

ഹാലേലുയ്യ ഉ ഹാലേലുയ്യ പരിശുദ്ധന്മാർ തന്നോമ്മ്
വാഴ്‌വതിനായി തീന്നീടും ഹാലേലുയ്യ

## ഏവൻഗേലിയോൻ വായന
## EVANGELION READING

**കമ്മി: (സഭാ വിശ്വാസികളെ അഭിമുഖീകരിച്ചു നിന്നുകൊണ്ട്)**

+ നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

Celebrant: [While faciing to the audiance)

+ Peace be-to-you—all.

പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീക്കുമാറാ-കട്ടെ.

Response: And with thy spirit

കമ്മി: ജീവൻ നൽകുന്ന പ്രസംഗമായ നമ്മുടെ കർത്താവേ ശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും സുവിശേഷിക്കുന്ന സുവിശേഷകനായ മത്തായി ശ്ലീഹായിൽ നിന്ന്

Celebrant: The Holy Gospel of our Lord Jesus Christ ,Life giving preaching from Luke the Evangelist, who publishes good tidings of life and redemption to the world.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

Response: Blessed is He, who has come and is to come; Praise be to Him, who sent Him for oursalvation, and His mercy be upon us all-for ever.

കമ്മി: വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായി ത്തീന്ന ദൈവവും, ജീവന്റെവചനവുംനമ്മുടെരക്ഷകനുമായകർത്താ വേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

Celebrant: Now in the time of dispension of our Lord and Our God and our Redemer Jesus Christ, the word of life. God who had taken flesh of the Holy Virgin Mary, these things thus came to pass.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

Response: We believe and confess.

വി. മത്തായി 10: 16-22, 37-38

ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ. മനുഷ്യരെ സൂക്ഷിച്ചു കൊൾവീൻ. അവർ നിങ്ങളെ ന്യായധിപസഭകളിൽ ഏല്പിക്കുക

യും തങ്ങളുടെ പള്ളികളിൽ വെച്ച് ചമ്മട്ടികൊണ്ട് അടിക്കുകയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാൎക്കും മുമ്പിൽ കൊണ്ടുപോകുകയും ചെയ്യും. അത് അവൎക്കും ജാതികൾക്കും ഒരു സാക്ഷ്യം ആയിരിക്കും. എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങിനേയോ എന്തോ പറയേണ്ടൂ എന്നു വിചാരപ്പെടേണ്ട, പറയുവാനുള്ളത് ആ നാഴികയിൽ തന്നെ നിങ്ങൾക്കു ലഭിക്കും. പറയുന്നത് നിങ്ങൾ അല്ല, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രെ. സഹോദരൻ സഹോദരനേയും അപ്പൻ മകനേയും മരണത്തിനു ഏല്പിക്കും. അമ്മയപ്പന്മാൎക്ക് എതിരായി മക്കൾ എഴുന്നേറ്റ് അവരെ കൊല്ലിക്കും. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും. അവസാനത്തോളം സഹിച്ചു നിൽക്കുന്നവനോ രക്ഷിക്കപ്പെടും. എന്നേക്കാൾ അധികമായി അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. എന്നേക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല.

കമ്മി: (ഏവൻഗേലിയോൻ വായിച്ചു കഴിഞ്ഞിട്ട്)

നിങ്ങൾക്കെല്ലാവൎക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

Behold, I send you out as sheep in the midst of wolves. Therefore be wise as serpents and harmless as doves. But beware of men, for they will deliver you up to councils and scourge you in their synagogues. You will be brought before governors and kings for My sake, as a testimony to them and to the Gentiles. But when they deliver you up, do not worry about how or what you should speak. For it will be given to you in that hour what you should speak; for it is not you who speak, but the Spirit of your Father who speaks in you. Now brother will deliver up brother to death, and a father his child; and children will rise up against parents and cause them to be put to death. And you will be hated by all for My

name's sake. But he who endures to the end will be saved.
He who loves father or mother more than me is nor worthy of Me. And he who loves son or daughter more than Me is not worthy of Me. And he who does not take his cross and follow after Me is not worthy of Me.

Celebrant: (Reads the lesson for the day from H. Gospel and ends saying) + Peace (Concord) be-to you-all.

(മാർ യാക്കോബിന്റെ ബോവൂസോ)
പ്രാർത്ഥിച്ചാലും മാർ....... ഞങ്ങൾ പേക്കായ്
നിൻ പ്രാർത്ഥനകേട്ടീശൻ പുണ്യം നൽകീടട്ടെ.
സഹദേർ വധയിൽ ദുഷ്ടക്രൂശകർ ലജ്ജിതരായാർ
ഈശൻ കുരിശതു ബലമെന്നവരിൽ കാണായ് വന്നു.
പരനേപ്രതി നരർ വധമേൽക്കുമ്പോൾ ദേവാത്മജനേ!
യൂദർ കുരിശിച്ചെന്നത് തെളിവായ് ബോധിച്ചുലകം
(........)തൻ നിണമതു വാങ്ങുന്നീശൻ തനയാ
കൃപചെയ്തവനേ പ്രതി നിൻ രുധിരാൽ വീണ്ടൊരു സഭയിൽ

തൻയാചനയാലിവരിൽ നിന്നും പോക്കുക കോപം
മംഗളമേകുക സഭയിലുമെല്ലാഭാഗങ്ങളിലും
(മാർ......) തൻ പ്രാർത്ഥനയാൽ ശിക്ഷകൾ നീക്കി
ദേശത്തെങ്ങും ശാന്തിയതെങ്ങൾക്കേകീടേണം.

| | | |
|---|---|---|
| അനന്തരം :- | കുരിശുകെട്ടിടം റൂശ്മാ ചെയ്യുന്ന | പുറം 36 |
| | പൊതുവായ സ്ലീബായാഘോഷം | പുറം 36 |
| | ഹൌദമാലാഖാ | പുറം 39 |
| | സമാപന പ്രാർത്ഥന | പുറം 42 |
| | കൈമുത്ത് | |

# കോറെപ്പിസ്ക്കോപ്പാക്രമം
## സൂചന

ആശ്രമാധിപന്മ സ്ഥാനം കൊടുക്കുമ്പോഴും ഈ ക്രമം തന്നെ ഉപയോഗിക്കുന്നു. പേരു മാത്രം മാറ്റി ചൊല്ലിയാൽ മതി.

ഉപദേശം കൊടുത്തശേഷം വിശ്വാസപ്രമാണം കഴിഞ്ഞാലുടൻ സ്ഥാനാൎത്ഥിയുടെ തല ഒരു ശോശപ്പാ കൊണ്ടു മൂടി മദ്ബഹായിക്കടുത്ത് വടക്കു ഭാഗത്തിരുത്തുന്നു. സ്ഥാനാൎത്ഥി രണ്ടു കാൽമുട്ടുകളും കുന്തിയാണ് ഇരിക്കേണ്ടത്. ബസുമൽക്കാ കഴിയുന്നുടൻ ത്രോണോസിന്മ നേരേ പടിഞ്ഞാറ് ശുശ്രൂഷകന്മടെ പുറകിലായി സ്ഥാനാൎത്ഥിയെ പിടിച്ചുകൊണ്ടുവന്നിരുത്തുന്നു. അനന്തരം ക്രമം ആരംഭിക്കുന്നു.

മേല്പട്ടക്കാരൻ പ്രാരംഭ പ്രാൎത്ഥന.

ശുബഹോ.................

തന്റെ ആത്മാവാൽ ശ്ലീഹന്മാരെ പരിപൂൎണ്ണരാക്കിയ ദൈവമേ! കൎത്താവിന്റെ സ്നേഹത്താൽ ഞങ്ങളെ സന്തുഷ്ടരാക്കണമെ. കൎത്താവിന്റെ സത്യംകൊണ്ട് ഞങ്ങളുടെ ബലഹീനതയെ നീക്കണമെ. ഞങ്ങളുടെ കൎത്താവും ദൈവവുമേ! പരിശുദ്ധവും സ്വൎഗ്ഗീയവുമാകുന്ന കൎത്താവിന്റെ പ്രകാശംകൊണ്ട് ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും നിറയ്ക്കണമെ. മോറോൻ വാലോഹാൻ

### (51-ാം മസുമൂർ)

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കൎത്താവിന്മ വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരു വചനത്തിൽ

കർത്താവു നീതീകരിക്കപ്പെടുകയും തിരു ന്യായവിധികളിൽ കർത്താവു ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽഅന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അ

പ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ളആത്മാ

വാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.
തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me

with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the

bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit

sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

**(കോലോ)**

(ഹത്തീസ് ലോക്)

പാപികളോടൻപുള്ളോനോ - യാചനകേട്ടി-
ട്ടെൻ പിഴപോക്കണമേ-നാഥാ സർവ്വേശാ കൃപചെയ്യേണമെന്നിൽ
സ്തോത്രം-തവകരുണയ്ക്കീശാ-മാനുഷ രക്ഷ
യ്ക്കേറ്റം നീ താണു- നാഥാ സർവ്വേശാ കൃപചെയ്യേണമെന്നിൽ
ആദ്രത തിങ്ങും കരുണേശാ -പ്രാർത്ഥിക്കുന്നേൻ
യാചന കേൾക്കണമെ - നാഥാ സർവ്വേശാ കൃപചെയ്യേണമെന്നിൽ

താപികളേ കൈക്കൊൾവോനേ-നല്ലോരു നാഥാ
അൻപൊടുകൃപചെയ്ക- നാഥാ സവ്വേശാ കൃപചെയ്യെന്നിൽ
പാപക്കറയെന്നേമൂടി-ട്ടെൻ ദുഷ്ടതയാൽ
ദുഃഖിച്ചിടുന്നേൻ- നാഥാ സവ്വേശാ കൃപചെയ്യെന്നിൽ
കാരുണ്യാബ്ധേ മമനാഥാ-പ്രാത്ഥിക്കുന്നേൻ
പോക്കണമെൻകുറ്റം- നാഥാ സവ്വേശാ കൃപചെയ്യെന്നിൽ
അൻപേറും ദയാനിധിപരനേ-എൻപിഴപോക്കി
കറകൾ നീക്കണമേ- നാഥാ സവ്വേശാ കൃപചെയ്യെന്നിൽ
സങ്കടമേറുന്നേൻ ബാഷ്പാൽ-കടമതുപോക്കാൻ
യാചിച്ചീടുന്നേൻ- നാഥാ സവ്വേശാ കൃപചെയ്യെന്നിൽ
ഭാസുരനാം മ്ശിഹാ നൃപനേ-മൃതിചേന്നോക്കായ്
നൽകണമാശ്വാസം- നാഥാ സവ്വേശാ കൃപചെയ്യെന്നിൽ
ബാറെക്മോർ ശുബഹോ.......... മെനഓലം .......
താതന്നു സ്തുതി വന്ദനസുതന്നും-നതി റൂഹായ്ക്കും
അപ്പിക്കുന്നെങ്ങൾ

## പ്രാത്ഥന

കത്താവേ! കരുണയുള്ള തൃക്കൈ നീട്ടി ദയവായി ഞങ്ങളുടെ ചിന്തകളെ സ്പശിക്കണമെ. കത്തൃവിജ്ഞാനം കൊണ്ട് ഞങ്ങളുടെ ആത്മാക്കളെ അരകെട്ടിക്കണമെ. ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് വഞ്ചനയേയും വിചാരങ്ങളിൽ നിന്ന് അധമ്മത്തേയും ആലോചനകളിൽ നിന്ന് പാപത്തേയും നീക്കം ചെയ്യേണമെ. അങ്ങനെ ഞങ്ങൾ അറിവിൽ പ്രകാശിതരായി കൃപയാൽ പുതുക്കം ധരിക്കണമെ. ഞങ്ങൾ കത്താവിനും, പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നും സമപ്പിക്കുമാറാകണമെ.
ഹോശോ............

സ്നേഹിച്ചേൻ കത്താവേ നിൻ മന്ദിരസേവനവും ഹാ ഉ ഹാ
മഹതാം നിൻ വാസന മാനമതും
ചാത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ ഉ ഹാ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലെ
നിൻ ദാസൻ ദാവീദിൻ മൂലം

നിന്നുദരഫലമതിൽ നിന്നേകനെ നിൻ
സിംഹാസനമതിൽ ഞാനേറ്റും ഹാ ഉ ഹാ
ഏവം ചൊന്നൊരു ശപഥം ചെയ്താൻ
കത്തൻ ദാവീദിനൊടായ്
ബാറെക്മോർ ശുബഹോ മെനഓലം

## എക്ബാ

(സീയോൻ കോട്ടയിൻ)

മ്ശിഹാ നിൻ വിശ്വാസത്തിൻ
സുസ്ഥിരമാം തിരുസഭയിന്നും
ഞങ്ങളെയെല്ലാം രക്ഷിച്ചോൻ
മരണവിഹീനൻ പരിശുദ്ധൻ
സ്തുതിയനവരതം തൻ സവിധേ
ഉച്ചത്തിൽ പാടുന്നെങ്ങൾ
സ്തൗമെൻ കാലോസ് കുറിയേലായിസോൻ

# പ്രുമിയോൻ

മേ.പ. : നാമെല്ലാവരും നമസ്ക്കരിച്ച് ............

രാജാധിരാജാവും കർത്താധികർത്താവും സ്വർഗ്ഗീയദാനങ്ങൾ പ്രദാനം ചെയ്യുന്നവനും ദൈവീകനൽവരങ്ങൾ വിഭജിക്കുന്നവനും തന്റെ റൂഹായാൽ ശ്ലീഹന്മാരെ പൂർണ്ണരാക്കുകയും തന്റെ ജ്ഞാനത്തിൽ തന്റെ ശിഷ്യന്മാരെ പാണ്ണരാക്കുകയും ചെയ്തവനുമായ കർത്താവിനു സ്തുതി. തനിക്കു തന്റെ ദാസന്റെ കോറെപ്പിസ്ക്കോപ്പാ സ്ഥാനദാന ശുശ്രൂഷയുടെ ഈ നേരത്തും എല്ലാ പെരുനാളുകളിലും ......... ബ്കുലഹുൻ...............

## സെദറാ

കരുണാപൂർണ്ണനും മനുഷ്യരെ സ്നേഹിക്കുന്നവനും മഹത്തരമായ തന്റെ ഉൽകൃഷ്ട ബഹുമതിക്ക് സർവ്വലോകങ്ങളും മതിയാകാതെയിരിക്കുന്നവനുമായ കർത്താധികർത്താവേ! മാലാഖമാർ കർത്താവിനെ വന്ദിക്കുന്നു. പ്രധാന മാലാഖമാർ കർത്താവിനെ സ്തുതിക്കുന്നു. സ്രാപ്പികൾ കർത്താവിനെ വാഴ്ത്തുന്നു. അശരീരികളായ ആത്മീയഗണങ്ങൾ കർത്താവിനെ പുകഴ്ത്തുന്നു. സ്വാഭാവികമായി കർത്താവി

ൽ സ്ഥിതിചെയ്യുന്ന കൃപ നിമിത്തം ആത്മീയവും സ്വഗ്ഗീയവുമായ മഹത്വത്തിൽ മനുഷ്യസ്വഭാവത്തെ ആനന്ദിപ്പിക്കുന്നതിന് കത്താവിന് തിരുവിഷ്ടമുണ്ടായി. തന്നിമിത്തം ഭൂവാസികൾക്ക് സ്വഗ്ഗീയ ശുശ്രൂഷകളുടെ ദൃഷ്ടാന്തം പ്രവാചകന്മാരുടെ തലവനായ മോശയാൽ കത്താവു കാണിച്ചു. അനന്തരം അവയുടെ പൊരുളും പരിശുദ്ധ ശ്ലീഹന്മാക്ക് കത്താവു ഭരമേല്പിച്ചു. വാത്സല്ല്യ പുത്രൻ മുഖാന്തിരം ശ്ലീഹന്മാരിൽ മുമ്പനായ ശീമോനും അവന്റെ സഖിമാക്കും ഈ യാഥാത്ഥം കത്താവു ഭരമേല്പിച്ചു. അവർ മൂലം പരിശുദ്ധ സഭയ്ക്കും അതു ഏല്പിച്ചു. ഇത് ലോകാവസാനത്തോളം തുടന്ന് കൊണ്ടിരിക്കും. ദൈവം തമ്പുരാനേകത്തൃകൃപയാലും ബഹുലമായ കരുണയാലും നിസ്സാരന്മാരായ ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ അരിഷ്ടതരവും ബലഹീനവുമായ ഞങ്ങളുടെ മാനുഷ പ്രകൃതിയിൽ നിന്ന് കത്താവിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ ഇന്നു സമപ്പിക്കപ്പെടുന്ന ഈ ആദ്യഫലത്തെ കൈക്കൊള്ളണമെ. ദൈവീക രഹസ്യങ്ങളുടെ ശുശ്രൂഷക്കാരനും കാര്യസ്ഥനുമാകുവാൻ കത്തൃത്വത്തിന്റെ ദിവ്യ വിളിയാൽ കത്താവു വിളിച്ചിട്ടുള്ള ഈ ദാസനെ വലത്തേതിന്റെ ആചാര്യനും നല്ല ഭരണാധിപനും ആത്മീയ തൂണും പരിപാകത നിറഞ്ഞ കോറെപ്പിസ്ക്കോപ്പായായും കത്താവിന്റെ ആത്മീയ ആട്ടിൻപറ്റത്തിന് സവ്വവിധ സന്മാഗ്ഗങ്ങളുടെയും നൈപുണ്യ ഉപദേഷ്ടാവും ആക്കേണമെ. കത്താവേ പാപകരമായ എല്ലാ അശുദ്ധ മോഹങ്ങളും ജഡീകമോഹവും ഇവനിൽ നിന്ന് ഉന്മൂലനം ചെയ്യണമെ. ദൈവീകസ്നേഹത്തിലും ഭാഗ്യകര പ്രത്യാശയിലും ഇവനെ സ്ഥിരീകരിക്കണമെ. ശരീരാത്മക്കളുടെ നിമ്മലതയിലും പരിശുദ്ധിയിലും ഇവനെ ദൃഢീകരിച്ച് അലങ്കരിക്കേണമെ. ആത്മീയ ശോഭയിലും ശ്രേഷ്ഠതരനടപടികളിലും ഇവനെ ശോഭിപ്പിക്കേണമെ. വേദവിപരീതകളുമായുള്ള സംസഗ്ഗത്താലോ, വഷളായ ജീവിതത്താലോ ഇവൻ കുറ്റക്കാരനാകാതെ, സത്യ വിശ്വാസത്തിൽ ഇവനെ ഉറപ്പിക്കേണമെ. സൽപ്രവത്തികൾ മൂലമുള്ള പ്രസന്നതയോടും വിനയചിന്തയോടും സവ്വവിധസുകൃതാനുഷ്ഠാനത്തോടും കത്താവിന്റെ വിശുദ്ധ ദൂതന്മാർ എന്തൊന്നിനെ കാണ്മാൻ കൊതിച്ചുകൊണ്ടിരിക്കുന്നുവോ ആ ആത്മീയ ശുശ്രൂഷയ്ക്കും ദൈവീക കൂദാശാനുഷ്ഠാനത്തിനും ഇവനെ കത്താവിന്റെ കരുണയാൽ യോഗ്യനാക്കേണമെ. അവയാൽ സ്വന്ത ജീവന് വീണ്ടെടുപ്പും പൂണ്ണ രക്ഷയും ഇവൻ പ്രാപിക്കണമെ. കത്താവിന്റേയും ഏകജാതന്റേയും പ

രിശുദ്ധ റൂഹായുടേയും കൃപമൂലം ഇവനെ ഭരമേല്പിക്കപ്പെടുന്ന വിശേഷജ്ഞാനമുള്ളതും പൗരോഹിത്യ അനുഭവമുള്ളതുമായ കത്താവിന്റെ ആട്ടിൻപറ്റത്തിനെല്ലാം കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും ഇവൻ വഴിയായി സിദ്ധിക്കണമെ. പ്രിയപുത്രനോടും വിശുദ്ധറൂഹായോടും ഒന്നിച്ച് കത്താവിന് സ്തുതിയും ബഹുമാനവും വാഴ്വയും വന്ദനവും എന്നും യോഗ്യമായിരിക്കുന്നു.

ഹോശോ................. മെൻ ആലോഹോ..................

## കോലോ

(ഏനോനോ അഹവേ)

വന്നെന്നുടെ ചൊൽ കേട്ടിടുവിൻ
ഇഹപരലോകത്തിൽ താക്കോലുകൾ-യോനാത്മജശീമോനേകി
ചോന്നവനോടിടയർ ശ്രേഷ്ഠൻ-''നിൻ കത്തൃവ്യം സൂക്ഷിക്ക
മേഷസമൂഹം ദത്തം തേ
ആൺപെൺകുഞ്ഞാടിനെ മേയ്ക്ക
ദാക്ഷിണ്യം ലവമില്ലാത്തെ
ദൈവികസിംഹാസനസവിധേ-വന്നുകണക്കുകൊടുപ്പോൻ നീ
നിൻ കല്പന കാത്തിടുവാൻ നീയോതി
സ്വഗ്ഗമണാളൻ തൻ മണവാട്ടി-വിശ്വസ്തസഭേ! ഭീവേണ്ട
അപരനുമായ് നീ ചേന്നീടായ്കിൽ-അന്യയെ ഞാനും ചേക്കില്ല
പാരും വാനുമഴിഞ്ഞീടും
പുനരുത്ഥാനത്തിൻനാളിൽ
വാനോക്കും മനുജന്മാക്കും
മദ്ധ്യേസ്ഥിതമാം നിൻ പീഠം-ഭീതിനിനക്കുണ്ടാവില്ല
ബാറെക്മോർ ശുബഹോ .........
യോനാസുതൻസൂൻ ശീമോനേ മ്ശിഹാ-യിടവകഭരമേല്പിച്ചപ്പോൾ
ചൊന്നാൻ നീയെന്നെ സ്നേഹിക്കിൽ-പാലിക്കാൻ പെണ്ണാടുകളെ
അജപോതങ്ങളെ മേയിക്ക
നീതിയൊടു സാന്ത്വനമായും
കൂറോടും വിനയത്തോടും
നായകശാഠ്യം കൂടാതെ-ഹിതകരഭരണം ചെയ്യേണം
മെൻഓലം...........
ബന്ധനവും മോചനവും ചെയ്വാൻ-നിങ്ങൾക്കഖിലേശൻ തന്ന

ഉന്നതമാം കഹനൂസാസ്ഥാനം-കഹനകളെങ്ങനെ കാത്തീടും
വിൺമണ്ണുലകുകൾ തൻ താക്കോൽ
ദത്തമതായ് നിങ്ങൾ കൈയ്യിൽ
ദൈവഹിതം പരിപാലിക്കിൽ
നിങ്ങൾ ധന്യരതായ് പൂകും-മണിയറയിൽകത്ത്ൻ കൂടെ
മൊറിയോ...............

## എത്രൊ

പ്രകൃതാതീതനായി സ്ഥിതി ചെയ്യുന്ന ദൈവം തമ്പുരാന്റെ കത്ത്യ ബഹുമാനത്തിനും പുകഴ്ചക്കുമായി ഈ പരിമള ധൂപം ഞങ്ങൾ സമപ്പിക്കുന്നു. ഭൌതികഔഷധങ്ങളിൽ ചേന്നിട്ടുള്ള ഈ സുഗന്ധ വഗ്ഗം ഞങ്ങളുടെ അന്തഃകരണങ്ങളിൽ വഹിച്ചുകൊണ്ട് അപേക്ഷിക്കുന്നു. പാപത്താൽ മലിനമായ ഞങ്ങളുടെ ആത്മാക്കളെ വെടിപ്പാക്കി ശുദ്ധീകരിക്കണമെ. കത്താവേ! കത്താവ് നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനും ദൈവീകദാനങ്ങളിൽ ധന്യനുമാകുന്നു. ഞങ്ങളുടെ മാദ്ധ്യസ്ഥതയാൽ കത്താവിന്റെ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന ഈ ദാസനെ കത്താവിന്റെ കൃപയാൽ അതിനു പൂണ്ണ യോഗ്യനാക്കണമെ. തിരുമേനിയാൽ ഇവനു നൽകപ്പെട്ട താലന്ത് ശുഷ്ക്കാന്തിയോടുകൂടെ ഇവൻ വദ്ധിപ്പിക്കണമെ. ഇവനും ഞങ്ങളും വാങ്ങീട്ടുള്ളവയെ നന്നായി വദ്ധിപ്പിച്ച് ഞങ്ങൾ കത്താവിന്റെ സ്തുതിഗായകഗണത്തോടൊന്നിച്ച് ഇവിടെയും അവിടെയും

കത്താവിന് സ്തുതി പാടുമാറാകണമെ. ഹോശോ ................

നീണാളെന്നും കത്താവേ!
നിൻ ഭവനേ യോഗ്യം ശുദ്ധി

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ

പാരിൽ മുളച്ചു പരക്കുന്ന
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Celebrant: Paul the blessed-
Response: Saint, the Lord's Apostle, said
If one come to preach to you
Other doctrine than we know,

Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

വായനക്കാർ: **(മദ്ബഹയുടെ നടയിൽ തെക്കുഭാഗത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് പൌലോസ്ശ്ലീഹായുടെ ലേഖനം വായിക്കുന്നു)**
**[The reader while stands at the steps of the south side reading the H. Bible, as face to the westen side (to audiance)]**

വായനക്കാർ: പൗലോസ്ശ്ലീഹാ തീമോത്തിയോസിന് എഴുതിയ ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

Reader: The lesson from the Epistle of St. Paul, the

Apostle, to the Thimothios Ahai Barekhmor.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ
തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Praise be to the Lord of Apostle, and His
mercy be upon us for ever

2 തിമോത്തിയോസ് 2: 1-26

അകയാൽ എന്റെ മകനേ, യേശുമ്ശിഹായിലുള്ള കൃപയാൽ നീ ശക്തി പ്രാപിക്കുക. വളരെ സാക്ഷികൾ മുമ്പാകെ നീ എന്നിൽ നിന്നും കേട്ടിട്ടുള്ളതെല്ലാം മറ്റുള്ളവരേയും പഠിപ്പിക്കുവാൻ കഴിവുള്ള വി

ശ്വസ്തരായ ആളുകളെ നീ ഭരമേല്പിക്കണം. യേശ്മ്ശിഹായുടെ നല്ല ഭടൻ എന്നവണ്ണം വിഷമതകൾ നീ സഹിക്കണം. തന്നെ തിരഞ്ഞെടുത്തയാളിനെ പ്രസാദിപ്പിക്കുവാൻ വേണ്ടി ഏതു പടയാളിയും ലോകകാര്യങ്ങളിൽ ഉൾപ്പെടാതിരിക്കുന്നു. ഒരുവൻ പോരാടുന്നു എങ്കിൽ തന്നെ അവൻ നിയമാനുസൃതമല്ല മത്സരിക്കുന്നതെങ്കിൽ അവനു കിരീടം ലഭിക്കുന്നില്ല. അധ്വാനിക്കുന്ന കൃഷിക്കാരൻ അത്രെ ആദ്യഫലമനുഭവിക്കേണ്ടത്. ഞാൻ പറയുന്നത് നീ മനസ്സിലാക്കിക്കൊള്ളണം. സൎവ്വ കാര്യങ്ങളിലും നമ്മുടെ കൎത്താവ് നിനക്കു ജ്ഞാനം നൽകും. എന്റെ സുവിശേഷപ്രകാരം ദാവീദിന്റെ സന്തതിയിൽ പെട്ടവനും, മരിച്ചവരുടെ ഇടയിൽ നിന്നും ഉയിൎത്തെഴുന്നേറ്റവനായ യേശുമ്ശിഹായെ നീ ഓൎത്തുകൊള്ളണം. ആ സുവിശേഷം നിമിത്തമായി ഒരു ദുഷ്ക്കൎമ്മിയെപ്പോലെ ബന്ധനങ്ങൾ ഉൾപ്പെടെയുള്ള കഷ്ടം ഞാൻ സഹിക്കുന്നു. എന്നാൽ ദൈവത്തിന്റെ വചനമോ, ബന്ധിതമായിട്ടല്ല. ഇതു നിമിത്തം തിരഞ്ഞെടുക്കപ്പെട്ടവർ നിത്യമഹത്വത്തോടുകൂടെ യേശുമ്ശിഹാമൂലമുള്ള രക്ഷ പ്രാപിപ്പാൻ വേണ്ടി ഞാൻ അവൎക്കായി സകലവും സഹിക്കുന്നു.

ഈ വചനം വിശ്വസിനീയമാകുന്നു. നാം തന്നോടുകൂടെ മരിച്ചെങ്കിൽ തന്നോടുകൂടെ ജീവിക്കും; നാം സഹിക്കുന്നു എങ്കിൽ തന്നോടുകൂടെ നാം വാഴും നാം തന്നെ തള്ളിപറയുമെങ്കിൽ താൻ നമ്മെയും തള്ളിപറയും. നാം തന്നിൽ വിശ്വസിച്ചില്ലങ്കിലും താൻ വിശ്വസ്തനായി സ്ഥിതി ചെയ്യും. തന്നെത്തന്നെ തള്ളിപറയുവാൻ തനിക്കു കഴിയുകയില്ലല്ലോ.

കേൾക്കുന്നവരേ നശിപ്പിക്കുവാനല്ലാതെ ഒരു പ്രയോജനവുമില്ലാത്ത വാഗ്വാദം ചെയ്യരുത് എന്ന് നമ്മുടെ കൎത്താവിനെ സാക്ഷിയാക്കി അവരെ ഓൎമ്മപ്പെടുത്തുക. നീയോ, സത്യവചനത്തെ സത്യമായി ലജ്ജകൂടാതെ പ്രസംഗിക്കുന്ന വേലക്കാരനായി, ദൈവമുമ്പാകെ പൂൎണ്ണതയോടെ നിന്നെത്തന്നെ നിൎത്തുവാൻ ഉത്സാഹിച്ചുകൊള്ളണം. പ്രയോജനരഹിതമായ വ്യൎത്ഥ വാക്കുകളിൽ നിന്നും ഒഴിഞ്ഞിരിക്കണം. എന്തെന്നാൽ അതിൽ ഏൎപ്പെട്ടിരിക്കുന്നവർ, അവരുടെ ദുഷ്ടതയെ അധികമായി വൎദ്ധിപ്പിക്കുന്നു. അവരുടെ വാക്ക് അൎബുദവ്യാധിപോലെ അനേകരിൽ പടൎന്ന് പിടിക്കും. അവരിൽ ഒരുവൻ ഹുമനയോസും, മറ്റെരുവൻ പീലാത്തോസുമത്രെ. അവൻ മരിച്ചവരുടെ പുനരുത്ഥാനം കഴിഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് ചിലരുടെ വിശ്വാസം നശിപ്പിച്ചു. അവർ സത്യത്തിൽ നി

ന്നും വഴിതെറ്റിപോയിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ സത്യമായ അടിസ്ഥാനം നിലനിൽക്കുന്നതാകുന്നു. അതിന് ഈ മുദ്രയുണ്ട് "കൎത്താവ് തനിക്കുള്ളവരെ അറിയുന്നു. കൎത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരേയും താൻ രക്ഷിക്കുകയും ചെയ്യും.

ഒരു വലിയ വീട്ടിൽ സ്വൎണ്ണമോ വെള്ളിയോകൊണ്ടുള്ള സാധനങ്ങൾ മാത്രമല്ല; തടിയും മണ്ണും കൊണ്ടുള്ളവയും ഉണ്ട്. ചിലത് മാന്യകാര്യത്തിനും ചിലത് മാന്യത കുറഞ്ഞ കാര്യത്തിനും ഉപയോഗിക്കുന്നു. ആകയാൽ ഒരുവൻ മാന്യത കുറഞ്ഞവയിൽ നിന്നും തന്നെത്തന്നെ നിൎമ്മലീകരിച്ചാൽ, തന്റെ ഉടമസ്ഥന്റെ ഉപയോഗത്തിന് ഉതകുന്നു. സകല സൽകൎമ്മങ്ങൾക്കുമായി ഒരുക്കപ്പെട്ടതുമായ, ഒരു നിൎമ്മല പാത്രമായിത്തീരും.

യുവത്വത്തിന്റെ എല്ലാ മോഹങ്ങളും വിട്ടോടുക, നീതിയുടെയും വിശ്വാസത്തിന്റേയും സ്നേഹത്തിന്റെ നിൎമ്മല ഹൃദയത്തോടെ നമ്മുടെ കൎത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടുകൂടിയുള്ള സമാധാനത്തിന്റേയും പിന്നാലെ പാഞ്ഞെത്തുക. അറിവു നൽകാൻ കഴിയാത്ത മൂഢതക്കളിൽ നിന്ന് ഒഴിഞ്ഞു മാറുക. അവ, ശണ്ഠകൾ ആവിർഭവിപ്പിക്കുമെന്ന് നിനക്കറിയാമല്ലോ.

നമ്മുടെ കൎത്താവിന്റെ ദാസൻ ശണ്ഠ കൂടെണ്ടവനല്ല. പിന്നെയോ സൎവ്വൎക്കും മുമ്പിൽ അവൻ വിനീതനും ഗുരുവും ക്ഷമാശീലനും ആയിരിക്കണം. ആയത്, അവനെതിരായി തൎക്കിക്കുന്നവരെ താഴ്മയോടെ അവൻ പഠിപ്പിക്കേണ്ടതിനു തന്നെ. അങ്ങനെ ദൈവം അവൎക്ക് അനുതാപം കൊടുക്കുകയും, അവർ സത്യം ഗ്രഹിക്കുകയും തങ്ങളെത്തന്നെ ഓൎക്കുകയും, പിശാചിന്റെ ഇഷ്ടത്തിനായി അവർ പിടിക്കപ്പെട്ടിരിക്കുന്ന കെണികളിൽ നിന്നും, അവർ രക്ഷപെടുകയും ചെയ്വാനിടയാകും.

വായനക്കാർ: വായന കഴിഞ്ഞാലുടനെ: ആഹായ്-ബാറെക്മോർ.

You therefore, my son, be strong in the grace that is in Christ Jesus. And the things that you have heard from me among many witnesses, commit these to faithful men who will be able to teach others also.

You therefore must endure hardship as a good soldier of

Jesus Christ. No one engaged in warfare entangles himself with the affairs of this life, that he may please him who enlisted him as a soldier. And also if anyone completes in athletics, he is not crowned unless he competes according to the rules. The hardworking farmer must be first to partake of the crops. Consider what I say, and may the Lord give you understanding in all things.

Remember that Jesus Christ, of the seed of David, was raised from the dead according to my gospel, for which I suffer trouble as an evildoer, even to the point of chains; but the word of God is not chained. Therefore I endure all things for the sake of the elect, that they also may obtain the salvation which is in Christ Jesus with eternal glory.

This is a faithful saying: For if we died with Him, We shall also live with Him. If we endure we shall also reign with Him. If we deny Him He also will deny us. If we are faithless, He remains faithful; He cannot deny himself.

Remind them of these things, charging them before the Lord not to strive about words to no profit, to the ruin of the hearers. Be diligent to present yourself approved to God, a worker who does not need to be ashamed, rightly dividing the word of truth. But shun profane and idle babblings, for they will increase to more ungodliness. And their message will spread like cancel. Hymenaeus and Philetus are of this sort, who have strayed concerning the truth, saying that the resurrection is already past; and they overthrow the faith of some. Nevertheless the solid foundation of God stands, having this seal: “The Lord knows those who are His,” and “Let every one who names the name of Christ depart from iniquity.

But in great house there are not only vessels of gold and silver, but also of wood and clay, some for honor and some for dishonor. Therefore if anyone cleanses himself from the latter, he will be a vessel for honor sanctified and useful for the Master prepared for every good work. Flee also youthful lusts; but pursue righteousness, faith, love peace with those who call on the Lord out of a pure heart. But avoid foolish and ignorant disputes, knowing that they generate strife to all, able to teach, patient, in humility correcting those who are in opposition, if God perhaps will grant them repentance, so that they may know the truth, and that they may come to their senses and escape the snare of the devil, having been taken captive by him to do his will.

Reader: Ends the lesson while saying: Ahai Barekhmor.

ശെമ്മാശ്ശൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏ

വൻഗേലിയോനിലെ, ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

Deacon/Altar Asst.: With calmness and reverence and with sober minds, let us give heed, and listen to the Gospel of the living words of God, in the Holy Evangelion of our Lord Jesus Christ, that is read to us.

## ഏവൻഗേലിയോൻ വായന
## EVANGELION READING

**കർമ്മി: (സഭാ വിശ്വാസികളെ അഭിമുഖീകരിച്ചു നിന്നുകൊണ്ട്)**

\+ നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

Celebrant: [While faciing to the audiance)

\+ Peace be-to-you—all.
പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീക്കുമാറാ-കട്ടെ.

Response: And with thy spirit

കമ്മി: ജീവൻ നൽകുന്ന സുവിശേഷമായ നമ്മുടെ കത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയുംപ്രഘോഷിക്കുന്ന പ്രസംഗകനായ യോഹന്നാൻ ശ്ലീഹായിൽ നിന്ന്

Celebrant: The Holy Gospel of our Lord Jesus Christ, Life giving preaching from John the Apostle the preacher who preaches life and redemption to the world.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.
Response: Blessed is He, who has come and is to come; Praise be to Him, who sent Him for oursalvation, and His mercy be upon us all-for ever.

കമ്മി: വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായി ത്തീന്ന ദൈവവും, ജീവന്റെവചനവുംനമ്മുടെരക്ഷകനുമായകത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

Celebrant: Now in the time of dispension of our Lord and Our God and our Redemer Jesus Christ, the word of life. God who had taken flesh of the Holy Virgin Mary, these things thus came to pass.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

Response: We believe and confess.

ഹാലേലുയ്യ ഉ ഹാലേലുയ്യ
ചാത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും
നിന്നഭിഷ്ക്തമുഖം തിരിപ്പിക്കല്ലെ
നിൻ ദാസൻ ദാവീദിൻ മൂലം ഹാലേലുയ്യ

സ്ഥാനാത്ഥിയുടെ തലയിൽ വെച്ചുകൊണ്ട് ഏവൻഗേലിയോൻ വായിക്കുന്നു.

വി. യോഹന്നാൻ 14: 1-14

നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലമൊരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നേയും വന്നു നിങ്ങളെ എന്റെയടുക്കൽ ചേത്തുകൊള്ളും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങളറിയുന്നു. തോമസ് അവനോടു്: കത്താവേ നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു. യേശു തമ്പുരാൻ അവനോടു: ഞാൻ തന്നെ സത്യവും വഴിയും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു. ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു. അവനെ കണ്ടുമിരിക്കുന്നു എന്നു പറഞ്ഞു. ഫിലിപ്പോസ് അവനോടു്: കത്താവേ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്കു മതി എന്നു പറഞ്ഞു. യേശുതമ്പുരാൻ അവനോടു പറഞ്ഞത്: ഞാൻ ഇത്ര കാലം നിങ്ങളുടെ കൂടെ ഇരുന്നിട്ടും നീ എന്നെ അറിഞ്ഞില്ലയോ ഫിലിപ്പോസേ: എന്നെ കണ്ടവൻ പിതാവിനേയും കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം എന്നു നീ പറയുന്നതെങ്ങിനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ?

ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്; പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൎത്തി ചെയ്യുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ. അല്ലെങ്കിൽ പ്രവൎത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ. സത്യമായിട്ട് സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു ഞാൻ ചെയ്യുന്ന പ്രവൎത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരാം. നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരാം എന്നു താൻ കല്പിച്ചരുളിച്ചെയ്തു.

കൎമ്മി: (ഏവൻഗേലിയോൻ വായിച്ചു കഴിഞ്ഞിട്ട്)
നിങ്ങൾക്കെല്ലാവൎക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

St. John 14: 1-14
Let not your heart be troubled; you believe in God, believe also in Me. In My Fathers house are many mansions; if it were not so, I would have told you, I go to prepare a place for you. And if I go and prepare a place for you, I will come again and receive you to Myself; that where I am, there may be also. And where I go you

know, and the way you know."
Thomas said to Him, "Lord we do not know where You are going, and how can we know the way?" Jesus said to him, "I am the way, the truth, and the life. No one come to the Father except through Me. If you had known Me, you would have known my Father also; and from now on you know Him and have seen Him. Philip said to Him, "Lord, show us the Father, and it is sufficient for us." Jesus said to him, "Have I been with you so long, and yet

you have not know Me, Philip? He who has seen Me has seen the Father; so how can you say, 'Show us the Father? Do you not believe that I am in the Father, and the Father in Me? The words that I speak to you I do not speak on My own authority; but the Father who dwells in Me does the works. Believe Me that I am in the Father and the Father in Me, or else believe Me for the sake of the works themselves. Most assuredly, I say to you, he who believes in Me, the works that I do he will do also; and greater works than these he will do, because I go to My Father. And whatever you ask in My name, that I will do, that the Father may be glorified in the Son. If You ask anything in My name, I will do it.

Celebrant: (Reads the lesson for the day from H. Gospel and ends saying) + Peace (Concord) be-to you-all.

നാമെല്ലാമുത്സാഹത്താൽ
ഭംഗിയെഴുന്നൊരു നിലപൂണ്ട്
ഈശനു ഹിതകര രാഗത്തിൽ
കൃപചെയ്പരനെ അത്ഥത്തിൽ
കുറിയേലായിസ്സോൻ ചൊല്ലാം

അക്ക്ദിയാക്കോൻ: (നാല്ലൊവരും ഭംഗിയായി നിന്ന് ഉത്സാഹപൂവ്വംദൈവത്തെ നിരപ്പാക്കുന്ന ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് അട്ടഹസിച്ചു പറയണം.)

രഹസ്യപ്രാത്ഥന (പദവിയിൽ നിന്നുകൊണ്ട്) കുറിയേലായിസ്സോൻ

കത്താവെ! ഇവനെ കോറെപ്പിസ്ക്കോപ്പായുടെ സ്ഥാനത്തിന് യോഗ്യനാക്കണമെ. ഇവൻ കത്താവിന്റെ സ്നേഹം മൂലം കത്താവിന്റെ വിശുദ്ധ നാമത്തിനു യോഗ്യനും കത്താവിനു നല്ല സേവനം

ചെയ്യുന്നവനും കത്താവിന്റെ ബലിപീഠത്തിൽ ശുശ്രൂഷിച്ച് കരുണ പ്രാപിക്കുന്നവനും ആയിട്ട് ഇവനെയാക്കേണമെ.

പരസ്യപ്രാത്ഥ: (കൈകൾ ഉയത്തി പിടിച്ചുകൊണ്ട്) കത്താവേ! കത്താവു നല്ലവനും ദാനസമൃദ്ധനും ആകകൊണ്ട് കത്താവിനും ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നും യോഗ്യമായിരിക്കുന്നു. ഹോശോ........

രഹസ്യപ്രാത്ഥന ( കുറിയേലായിസ്സോൻ)

സകല നല്ല ദാനങ്ങളേയും പ്രദാനം ചെയ്യുന്നവനും മനുഷ്യരുടെ സവ്വപ്രവത്തികളേയും ഗ്രഹിക്കുകയും അവരുടെ മാഗ്ഗം കാണുകയും ചെയ്യുന്നവനും തന്നിൽ നിന്നും അവക്ക് ആവശ്യമുള്ളതെല്ലാം സൂക്ഷ്മമായി മനസ്സിലാക്കുന്നവനും ആകുന്ന ദൈവമേ! കത്താവിനോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഈ കത്താവിന്റെ ദാസനെ സഹായിക്കണമെ. ഇവനെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷയിൽ കത്താ

വിനെ പ്രസാദിപ്പിക്കുവാൻ തക്ക കൃപയും ശുഷ്ക്കാന്തിയും ജാഗ്രതയും വിവേചനവും ശക്തിയും കഴിവും ഇവനു കൊടുക്കണമെ. ഉത്തമമാഗ്ഗം കാണിപ്പാനും നീതിയായി വിധിപ്പാനും സത്യവിശ്വാസത്തിനെതിരായുള്ള എല്ലാ യുക്തിരഹിതമായ ശക്തിയേയും അവിവേകതയേയും ഇവന്റെ അധീനതയിൽ ഉള്ളവരിൽ നിന്നും നീക്കം ചെയ്വാനും ഇവനു പ്രാപ്തി നൽകേണമെ. നിഷ്ക്കളങ്ക ജീവിതവും കുറ്റരഹിതമായ നടപടിയും ഇവനു കൊടുക്കണമെ. എല്ലാ സംഗതികളിലും കത്താവിന്റെ തിരുനാമമഹത്വത്തിനും കത്താവി

ന്റെ സഭയുടെ അഭിവൃദ്ധിക്കും കത്താവിന്റെ ജനത്തിന്റെ ഐശ്യരത്തിനുമായി ഇവൻ പ്രവത്തിക്കേണമെ. ഞങ്ങളും ഇവനും ഏകജാതന്റെ കാരുണ്യം മൂലം കത്തൃസന്നിധിയിൽ കൃപയും അനുകമ്പയും പ്രാപിക്കുകയും വിജ്ഞാനികളും വിശ്വസ്തരുമായ ഭവന കാര്യസ്ഥന്മാരോടൊന്നിച്ച് അവകാശം കൈക്കൊള്ളുകയും ചെയ്യുമാറാകണമെ. യേശുമ്ശിഹാമൂലം ദൈവത്തിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും വന്ദനവും എപ്പോഴും യോഗ്യമായിരിക്കുന്നു.

മേ. പ.: നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.
പ്രതിവാക്യം: അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

അർക്കദിയാക്കോൻ കോറൂസൂസോ വായിക്കുന്നു.

ഭക്ത്യാദരവോടിങ്ങെത്തി (പുറം)

(മേല്പട്ടക്കാരൻ തന്റെ വലത്തുകരം സ്ഥാനാർത്ഥിയുടെ ശിരസ്സിൽ വെച്ചുകൊണ്ടു ചൊല്ലുന്നു)

മേ. പ.: പരിശുദ്ധ പള്ളിയുടെ മദ്ബഹായിലേക്ക് (ഇന്ന) കോറെപ്പിസ്ക്കോപ്പാസ്ഥാനി നിയോഗിക്കപ്പെടുന്നു.

അർക്കദിയാക്കോൻ: മ്ശിഹാതമ്പുരാനെ സ്നേഹിച്ചും തന്നാൽ സ്നേഹിക്കപ്പെട്ടുമിരിക്കുന്നതും കിഴക്കിന്റെ അപ്പോസ്തോലിക സിംഹാസനാധികാരസീമയിൽപ്പെട്ടതുമായ (ഇന്ന) ദേശത്ത് (ഇന്ന പരിശുദ്ധന്റെ) നാമത്തിലുള്ള വിശുദ്ധ മദ്ബഹായിലേക്ക് (ഇന്ന കശ്ശീശാ) കോറെപ്പിസ്ക്കോപ്പായായി അഭിഷേകം ചെയ്യപ്പെടുന്നു.

മേ. പ.: പ്രസ്താവിക്കപ്പെട്ട, സത്യവിശ്വാസികളുടെ പള്ളിയിലെ പരിശുദ്ധ മദ്ബഹായിലേക്ക് (ഇന്ന കശ്ശീശാ) കോറെപ്പിസ്ക്കോപ്പായായി പട്ടാഭിഷേകം ചെയ്യപ്പെടുന്നു.

ബാറെക്മോർ - പിതാവന്റേയും + പുത്രന്റേയും + പ. റൂഹായുടേയും + നാമത്തിൽ നിത്യജീവനു വേണ്ടി തന്നെ. ആമ്മീൻ

രഹസ്യപ്രാർത്ഥന: സർവ്വാധിപതിയായ കർത്താവേ! എല്ലാ സംഗതികൾക്കു വേണ്ടിയും ഞങ്ങൾ നന്ദി പറയുകയും പരിശുദ്ധ തിരുനാമത്തെ സ്തുതിച്ചു പുകഴ്ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അനേക സംഗതികൾ ഞങ്ങൾക്കായി ചെയ്തിരിക്കുന്നല്ലോ. കർത്താവിനോട് യാചിച്ച് അപേക്ഷിക്കുന്നു. കരുണയോടെ ഞങ്ങളെ കേൾക്കണമെ. ഈ കർത്തൃദാസനുണ്ടായ അഭിഷേകത്തിൽ തിരുവിഷ്ടമുണ്ടാകണമെ. ഞങ്ങളേയും ഇവനേയും നന്മകൾക്കായി തിരഞ്ഞെടുക്കേണമെ. ഞങ്ങൾ പ്രാപിച്ച താലന്തനുസരിച്ച് സേവനം

ചെയ്വാൻ പ്രാപ്തി നൽകേണമെ.

മേല്പട്ടക്കാരൻ സ്ഥാനാൎത്ഥിയുടെ ശിരസ്സിൽ കൈവെച്ചുകൊണ്ട് ആശംസയായി ചൊല്ലുന്നു.
കൎത്താവു നല്ല അഭിവൃദ്ധിക്കും വളൎച്ചയ്ക്കും സഹോദരങ്ങളുടെ പ്രയോജനത്തിനും വേണ്ടി പ്രവൎത്തിക്കാൻ നിനക്ക് പ്രാപ്തി നൽകട്ടെ. തെറ്റു ചെയ്യുന്നവരെ ശാസിച്ച് ഉപദേശിക്കുന്നതിനും ധൈര്യത്തോടെ എന്നാൽ ദയവായും ഉപദേശിക്കുന്നതിനും അനുതാപികളെ സസ്നേഹം സ്വീകരിക്കുന്നതിനും പ്രേരകമായ ജ്ഞാനം കൎത്താവ് നിനക്ക് നൽകട്ടെ. നിന്റെ പ്രവൎത്തനം വിനയത്തിലും ശാന്തതയിലുമായിരിക്കട്ടെ. നിന്റെ നടപടികൾ എല്ലാം ദൈവാശ്രയത്തിലും സഹഗണത്തിന്റെ ഗുണീകരണത്തിനുമായിരിക്കട്ടെ. നീ കൃപയും കരുണയും പ്രാപിക്കട്ടെ. വിശ്വസ്തരും വിജ്ഞാനികളും നീതിയിലും പുണ്യത്തിലും സേവനം ചെയ്തവരുമായ ഭരണകൎത്താക്കൾക്കുള്ള അവകാശം ദൈവകാരുണ്യത്താൽ നീയും പ്രാപിക്കുമാറാകട്ടെ.
ആമ്മീൻ.

പരസ്യപ്രാൎത്ഥന: ദൈവമായ കൎത്താവേ! ഈ നിന്റെ ദാസനെ കോറെപ്പിസ്ക്കോപ്പയായി നീ സ്വീകരിക്കണമെ. ദിവ്യഅനുഗ്രഹപ്രവാഹത്താൽ ഇവനെ പൂൎണ്ണനാക്കണമെ. പരിശുദ്ധ ദേവാലയത്തിൽ ഇവനെ ഉത്തമസേവകനാക്കണമെ. ഇവൻ തിരുസന്നിധിൽ അടുത്തു വന്ന് സ്വൎഗ്ഗീയ നൽവരത്തിനായി കാത്തിരിക്കുന്നു. നാഥാ! കൎത്താവു വളരെ കഴിവുള്ളവനും എല്ലാവരോടും ധാരാളം കരുണയുള്ളവനും ആകുന്നുവല്ലോ. കൎത്താവിനും ഏകജാതനും സകലത്തിലും പരിശുദ്ധനും നല്ലവനും വന്ദ്യനും ജീവദായകനും സാരാം

ശത്തിൽ കൎത്താവിനോടൊന്നായിരിക്കുന്നവനുമായ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമൎപ്പിക്കുന്നു. ഹോശോ..........

(സ്ഥാനവസ്ത്രം വാഴ്ത്തികൊടുക്കുന്നു. അപ്പോൾ ശോശപ്പാ മാറ്റുന്നു)
സൂചന: സ്ഥാനിയെ സ്ഥാനാൎഹമായ കാപ്പ മുതലായ അംശ വസ്ത്രങ്ങൾ ധരിപ്പിക്കുന്നു. അതിന്റെ ശേഷം ത്രോണോസിന്റെ കോണു

കൾ മുത്തിക്കൊണ്ട് മൂന്നപ്രാവശ്യം അതിനെ ചുറ്റുന്നു. പിന്നിട് മേല്പട്ടക്കാരന്റെ കുരിശു മുത്തുകയും സഹപട്ടക്കാക്ക് സമാധാനം കൊടുക്കുകയും ചെയ്യുന്നു. മറ്റുള്ളവർ കോറെപ്പിസ്ക്കോപ്പായുടെ കൈ മുത്തുന്നു. മേല്പട്ടക്കാരൻ അംശവടിയും ഒരു കത്തിച്ച മെഴു കുതിരിയും കൊടുക്കുന്നു. അതു പിടിച്ചുകൊണ്ട് സ്ഥാനി മദ്ബഹായുടെ വടക്കുഭാഗത്തു നിൽക്കുന്നു.

Note: എല്ലാവക്കും സമാധാനം കൊടുത്തശേഷം സ്ഥാനിയെ മദ് ബഹായുടെ പടിഞ്ഞാറെ വാതിൽക്കൽ നിത്തിക്കൊണ്ട് മേല്പട്ടക്കാ രൻ പറയുന്നു:

ഓക്സിയോസ്, ഓക്സിയോസ്, ഓക്സിയോസ് (ഇന്ന) കോറെപ്പിസ് ക്കോപ്പാ . ദ്മറഇൗസോദ് (....... സ്ഥലം)

മദ്ബഹായിലുള്ള എല്ലാവരും ഇത് ഏറ്റു ചൊല്ലണം. ഇപ്രകാരം മൂ ന്നു പ്രാവശ്യം ഏറ്റുചൊല്ലിക്കത്തക്കവണ്ണം ആവത്തിച്ചു ചൊല്ലണം

സമാപ്തം